# ബഹു. ലെയോപോൾഡ് മഠത്തിനകം അച്ചന്
# ആദരാഞ്ജലികൾ



കഠിനാദ്ധ്വാനിയുടെ സ്നേഹസമ്പന്നനും ക്രാന്തദർശിയുമായ ബഹു. ലെയോപോൾഡ് മഠത്തിനകം അച്ചൻ ഇക്കഴിഞ്ഞ ക്രിസ്തുമസ് ദിനത്തിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മഠത്തിനകം അബ്രാഹം – അന്നമ്മ ദമ്പതികളുടെ പത്ത് മക്കളിൽ ഒൻപതാമനായി 1931 മെയ് മാസം 10–ാം തീയതി കോട്ടയം ജില്ലയിലെ പാറത്തോട് എന്ന സ്ഥലത്ത് അച്ചൻ ജനിച്ചു. തങ്ങളുടെ കുഞ്ഞിന് അവർ വർക്കി എന്ന് പേരിട്ടു. അച്ചന്റെ ചെറുപ്പകാലത്ത് വർക്കിച്ചൻ എന്നാണ് എല്ലാവരും സ്നേഹത്തോടെ അച്ചനെ വിളിച്ചിരുന്നത്. സെന്റ് ജോസഫ് സ്കൂൾ പൊടിമറ്റം, സെന്റ് ഡോമിനിക് സ്കൂൾ കാഞ്ഞിരപ്പള്ളി, ഗ്രേസി മെമ്മോറിയൽ സ്കൂൾ പാറത്തോട്, സെന്റ് ആന്റണീസ് ഹൈസ്കൂൾ കൂനൂർ എന്നീ സ്കൂളുകളിൽ നിന്നായി വിദ്യാഭ്യാസം പൂർത്തിയാക്കി മോണ്ട് ഫോർട്ട് സഹോദര സഭയിൽ ചേർന്നു. 1951 മെയ് മാസം 10–ാം തീയതി തന്റെ 20–ാം വയസ്സിൽ സഭാവസ്ത്രം സ്വീകരിച്ച് ബ്ര. ലെയോപോൾഡ് എന്ന മോണ്ട് ഫോർട്ട് സഭാംഗമായി.

1958 ൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ബിരുദം കരസ്ഥമാക്കിയ അച്ചൻ തമിഴ്നാട്ടിലും ആന്ധ്രയിലും ഇന്ത്യയുടെ വടക്കുകിഴക്കൻ ജില്ലകളിലുമായി ധാരാളം അനാഥാലയങ്ങളും സാങ്കേതിക വിജ്ഞാന കേന്ദ്രങ്ങളും സ്ഥാപിക്കുകയും പ്രിൻസിപ്പാളായും മാനേജരായും അഡ്മിസ്ട്രേറ്ററായും സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആ സഭയിലെ പ്രൊവിൻഷ്യൽ കൗൺസിലർ, നോർത്ത് ഈസ്റ്റ് റീജിയന്റെ സുപ്പീരിയർ എന്നീ തസ്തികകൾ ഉൾപ്പെടെ ധാരാളം പദവികൾ അലങ്കരിച്ച് സേവനം ചെയ്തിട്ടുള്ള ബ്ര. ലെയോപോൾഡ് മാനന്തവാടി രൂപതയിലെ വൈദികനായി സേവനം ചെയ്യണമെന്ന തീവ്രമായ ആഗ്രഹം അന്ന് മാനന്തവാടി രൂപതാമെത്രാനായിരുന്ന അഭിവന്ദ്യ തൂങ്കുഴി പിതാവിനെ അറിയിക്കുകയും ആവശ്യമായ ദൈവശാസ്ത്ര പരിശീലനത്തിനുശേഷം 1996 ഏപ്രിൽ മാസം 29–ാം തീയതി മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ കൈവയ്പുവഴി പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തു.

മലയാളത്തിനു പുറമേ തമിഴ്, ഇംഗ്ലീഷ്, ഹിന്ദി, ഇറ്റാലിയൻ, ഫ്രഞ്ച്, തെലുംഗ് എന്നീ ഭാഷകളിൽ അച്ചന് പ്രാവീണ്യമുണ്ടായിരുന്നു. ഇലക്ട്രിക്കൽ മേഖല കൂടാതെ കൃഷി, കെട്ടിടനിർമ്മാണം, വിദ്യാഭ്യാസം എന്നീ മേഖലകളിലും പാടവമുണ്ടായിരുന്ന വ്യക്തിയാണ് അച്ചൻ. തന്റെ ചുരുങ്ങിയ കാലത്തെ വൈദിക ജിവിതത്തിനിടയിൽ കൽപ്പറ്റ, പോരൂർ എന്നിവിടങ്ങളിൽ അസിസ്റ്റന്റ് വികാരിയായും കൂനൂർ ഇടവകയിൽ ആക്ടിംഗ് വികാരിയായും ചെറുകാട്ടൂർ, വാളവയൽ, ശിശുമല എന്നിവിടങ്ങളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. വാളവയലിലെ ദേവാലയനിർമ്മാണം നടത്തിയത് അച്ചന്റെ സേവനകാലത്താണ് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. 2010-ൽ വിശ്രമ ജീവിതത്തിലേക്ക് പ്രവേശിച്ച അച്ചൻ വിയാനി ഭവനിൽ താമസിക്കുകയായിരുന്നു. പ്രമേഹവും വാർദ്ധക്യസഹജമായ മറവിയും (Senile Dementia) മൂലം കഷ്ടപ്പെട്ടിരുന്ന അച്ചൻ അവസാനദിവസങ്ങളിൽ ബ്രെയിൻ ഹെമറേജസ് (Brain Hemorrhages) മൂലം സെന്റ് ജോസഫ്സ് ആശുപത്രിയിലായിരുന്നു. 2015 ഡിസംബർ 25-ന് രാവിലെ 6 മണിക്കാണ് അച്ചൻ നിര്യാതനായത്.

അച്ചന്റെ മൃതദേഹം രാവിലെ 9 മണിക്ക് വിയാനിഭവനിലേക്ക് മാറ്റുകയും മൃതസംസ്കാരത്തിന്റെ ഒന്നാംഭാഗം അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ കാർമ്മികത്വത്തിൽ വിയാനിഭവൻ ചാപ്പലിൽ നടത്തുകയും ചെയ്തു. തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോർജ് ഞരളക്കാട്ട് പിതാവ് ഉച്ചയോടെ വിയാനി ഭവനിൽ എത്തി അച്ചന് അന്തിമ ഉപചാരം അർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 4.30-ന് ഭൗതിക ശരീരം ദ്വാരക പാസ്റ്ററൽ സെന്ററിന്റെ ചാപ്പലിലേക്ക് മാറ്റുകയും മാനന്തവാടി രൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് ബഹു. മാത്യു മാടപ്പള്ളിക്കുന്നേലച്ചന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാംഭാഗം നടത്തുകയും ചെയ്തു. ഡിസംബർ 26-ന് രാവിലെ ബഹു. ബെന്നി മുതിരക്കാലായിൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ അച്ചന് വേണ്ടി ദിവ്യബലി അർപ്പിച്ചു. രാവിലെ 11 മണിക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗം വി. കുർബാനയോടെ ആരംഭിച്ചു. വി. കുർബാനയ്ക്കു ശേഷം മൃതസംസ്കാര ശുശ്രൂഷയുടെ അവസാനഭാഗം ആരംഭിക്കുകയും ഒരു മണിയോടെ അച്ചന്റെ മൃതദേഹം ദ്വാരകയിൽ വൈദികർക്കുവേണ്ടിയുള്ള സിമിത്തേരിയിൽ സംസ്കരിക്കുകയും ചെയ്തു.

അച്ചന്റെ ഭൗതിക ശരീരം സന്ദർശിച്ച് പ്രാർത്ഥിക്കുന്നതിനും മൃതസംസ്കാര ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനും ധാരാളം വൈദികരും സമർപ്പിതരും അച്ചൻ ബ്രദറായി സേവനം ചെയ്ത മോൺഡ് ഫോർട്ട് സന്യാസസഭയിലെ പ്രതിനിധികളും ആ കാലഘട്ടത്തിൽ അച്ചന്റെ സംരക്ഷണയിലൂടെയും പരിലാളനയിലൂടെയും അച്ചൻ സ്ഥാപിച്ച ചിൽഡ്രൻസ് ഹോമിലൂടെയും വളർന്ന് ഇന്ന് സമൂഹത്തിലെ വിവിധ മേഖലകളിൽ അഭിനന്ദനാർഹമാംവിധം ശോഭിക്കുന്ന അനേകരുടെ പ്രതിനിധിയായി വന്ന ഐസക് അരുളപ്പയും അച്ചൻ ശുശ്രൂഷ ചെയ്ത വിവിധ ഇടവകകളിൽ നിന്നും ധാരാളം വിശ്വാസികളും മൃതസംസ്കാര ശുശ്രൂഷയിൽ സന്നിഹിതരായിരുന്നു. മാനന്തവാടി രൂപതയ്ക്ക് ദൈവം നൽകിയ ഒരു അനുഗ്രഹമായിരുന്നു പണ്ഡിതനും സേവനതൽപരനുമായിരുന്ന ബഹു. ലിയോപോൾഡ് അച്ചൻ. അച്ചന്റെ പാവനസ്മരണയ്ക്കു മുമ്പിൽ മാനന്തവാടി രൂപതാ കുടുംബം നിറമിഴികളോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 07 ഫെബ്രുവരി–2016 ലക്കം 2**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ .................................................................. 07
അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ്.................... 09
സർക്കുലർ .................................................................. 14
സർക്കുലർ .................................................................. 18
സർക്കുലർ .................................................................. 22
ലോകരോഗീദിന സന്ദേശം ........................................ 26
രൂപതാകച്ചേരി വാർത്തകൾ ...................................... 33
കരുണയുടെവർഷം-കർമ്മപരിപാടികൾ .................. 36
വൈദിക സമ്മേളനം - റിപ്പോർട്ട് .................. 39
വൈദികരുടെ മാസധ്യാനം........................................ 42
ബൈബിൾ അപ്പോസ്തലേറ്റ് ........................................ 44
മതബോധനരംഗം ........................................................ 45
ചെറുപുഷ്പമിഷൻലീഗ് ................................................ 48
*Department of Youth Ministry* ............................................ 53
കെ.സി.വൈ.എം. ...................................................... 56
കുടുംബപ്രേഷിതത്വം .................................................. 65
സീയോൻ വാർത്തകൾ .............................................. 71
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 74
സാമൂഹ്യ സേവനരംഗം (WSSS) .................................... 78
ജൈവകൃഷി വ്യാപന പദ്ധതി .................................... 82
*Mary Matha Arts* ........................................................... 84
റേഡിയോ മാറ്റൊലി .................................................... 85
*CEADOM* വിദ്യാഭ്യാസമേഖല ................................ 88
കത്തോലിക്കാ കോൺഗ്രസ് (AKCC) ............................ 91
അറിയിപ്പുകൾ .............................................................. 93
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ 96
ബിഷപ്സ് പ്രോഗ്രാം ...................................................... 97

# സർക്കുലർ

***Circular Letter No. 04./2016***
***Prot. No.17981/2016***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഒരു നൂറ്റാണ്ടിലേറെയായി നമ്മുടെ സഭയിൽ പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് അഖില കേരള കത്തോലിയ്ക്കാ കോൺഗ്രസ്സ്. ഏതാനും വർഷങ്ങളായി അതിന്റെ പ്രവർത്തനം മന്ദീഭവിച്ച് കിടക്കുക യായിരുന്നു. എന്നാൽ നമ്മുടെ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ ആഹ്വാനം അനുസരിച്ച് അതിനെ പുനർജീവിപ്പിയ്ക്കുകയും പ്രവർത്തനങ്ങൾ പൂർണ്ണ തോതിൽ ആരംഭി ക്കുകയും ചെയ്തിട്ടുണ്ട്. മാനന്തവാടി രൂപതയിൽ ഇതിനോടകം നൂറിൽപ്പരം ഇടവകകളിൽ യൂണിറ്റുകൾ സ്ഥാപിച്ച് കഴിഞ്ഞു. രൂപതാ സമിതിയും രൂപീകരിക്കപ്പെട്ടിരിക്കുന്നു. ശേഷിക്കുന്ന ഇടവകകളിൽ എത്രയും വേഗം സ്ഥാപിക്കണം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വൈദികർ പ്രത്യേകം താല്പര്യം എടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു. രൂപതാ ഡയറക്ടർ ബഹുമാനപ്പെട്ട ചാണ്ടി പുനക്കാട്ട് അച്ചനും രൂപതാ ഭാരവാഹികളും ഇക്കാര്യത്തിൽ എല്ലാ സഹായവും ചെയ്ത് തരാൻ സന്നദ്ധരാണ്.

കത്തോലിയ്ക്കാ കോൺഗ്രസ്സിനെയും അൽമായ നേതൃത്വ ത്തെയും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ രൂപതകളിലും ഈ സംഘടനയുടെ നേതൃത്വത്തിൽ അൽമായ സമ്മേളനങ്ങൾ നടന്നു കഴിഞ്ഞു. പല വിധ കാരണങ്ങളാൽ നമ്മുടെ രൂപതയിൽ അത് ഇതുവരെ നടത്താൻ കഴിഞ്ഞില്ല. ഇക്കാര്യം നമ്മൾ കഴിഞ്ഞ വൈദിക സമ്മേളനത്തിൽ ചർച്ച ചെയ്തിരുന്നല്ലോ. അതിൻ പ്രകാരം ഈ വരുന്ന ഫെബ്രുവരി 20 ന് ഉച്ചകഴിഞ്ഞ് 2 മണിയ്ക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ഒരു മഹാസമ്മേളനം നടക്കുകയാണ്. അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പും കത്തോലിയ്ക്കാ കോൺഗ്രസ്സിന്റെ കേന്ദ്ര ഭാരവാഹി കളും ഇതിൽ പങ്കെടുക്കുന്നതാണ്. സമ്മേളനം ഒരു വൻ വിജയമാക്കാൻ എല്ലാവരുടെയും പ്രത്യേകിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും അസേന്തിയച്ചന്മാരുടെയും കത്തോലിയ്ക്കാ കോൺഗ്രസ്സിന്റെ ഇടവക രൂപതാ ഭാരവാഹികളുടെയും ആത്മാർത്ഥമായ സഹകരണവും സഹായവും അഭ്യർത്ഥിക്കുന്നു.

സമ്മേളനത്തിൽ പങ്കെടുക്കേണ്ടവർ താഴെപ്പറയുന്നവരാണ്. ഇടവകവികാരിമാർ, അസിസ്റ്റന്റ് വികാരിമാർ, കത്തോലിയ്ക്കാ കോൺഗ്രസ്സിന്റെ ഭാരവാഹികളും അംഗങ്ങളും, ഇടവകയിലെ

സമർപ്പിതഭവനങ്ങളുടെ സുപ്പീരിയർമാർ, കൈക്കാരന്മാർ, സെക്രട്ടറിമാർ, മതബോധന പ്രധാനാധ്യാപകർ വിവിധ സംഘടനാഭാരവാഹികൾ, പാരീഷ്കൗൺസിൽ അംഗങ്ങൾ കൂടാതെ പറ്റുന്നത്ര മറ്റുള്ളവരും പങ്കെടുക്കാൻ ശ്രമിയ്ക്കണം. അതിനായി ഇടവകയിൽ നിന്ന് തന്നെ വാഹനങ്ങൾ ഒരുക്കുന്നത് ഉചിതമായിരിയ്ക്കും.

മാനന്തവാടി, കല്ലോടി, പയ്യമ്പള്ളി, നടവയൽ, ബത്തേരി, കൽപ്പറ്റ, തരിയോട്, മുള്ളൻകൊല്ലി, ചുങ്കക്കുന്ന് ഫൊറോന പള്ളിയുടെ കീഴിൽ വരുന്ന ഇടവകകളിൽ നിന്ന് കൂടുതലായി അൽമായർ പങ്കെടുക്കാൻ ബഹുമാനപ്പെട്ട വികാരിമാർ ക്രമീകരണങ്ങൾ ചെയ്യണം എന്ന് ഓർമ്മപ്പെടുത്തുന്നു. ചില പ്രായോഗിക കാരണങ്ങളാൽ സമ്മേളനത്തിന് മുമ്പുള്ള റാലി ഒഴിവാക്കുകയാണ്. അതിനാൽ എല്ലാവരും സമ്മേളന സ്ഥലമായ പാസ്റ്ററൽ സെന്ററിലേയ്ക്ക് എത്തിച്ചേർന്നാൽ മതിയാകുന്നതാണ്. കൃത്യം രണ്ട് മണിയ്ക്ക് തന്നെ സമ്മേളനം ആരംഭിയ്ക്കുന്നതാണ്. അഞ്ച് മണിയോടെ ഏവർക്കും തിരിയെ പോകാവുന്നതാണ്.

സമ്മേളനത്തിൽ പങ്കെടുക്കുന്നവർ വരുന്ന വാഹനങ്ങളിൽ കത്തോലിയ്ക്കാ കോൺഗ്രസിന്റെ പതാക ഉണ്ടായിരിക്കുന്നത് അഭികാമ്യമാണ്. സമ്മേളനം സംബന്ധിച്ച സംശയനിവാരണങ്ങൾക്ക് രൂപതാ ഡയറക്ടർ ബഹു. ചാണ്ടി പുനക്കാട്ടച്ചനെയോ രൂപതാ ഭാരവാഹികളെയോ സമീപിക്കേണ്ടതാണ്.

സമ്മേളനത്തിന്റെ ചെലവിലേയ്ക്കായി നമ്മുടെ ഇടവകകളിൽ നിന്ന് ഒരു ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച എടുക്കാം എന്നും വൈദിക സമ്മേളനം തീരുമാനിച്ചിരുന്നു. അതിൻപ്രകാരം 2016 ഫെബ്രുവരി 14 ന് ഞായറാഴ്ച പ്രത്യേക പിരിവ് എടുക്കുകയും താമസംവിനാ കിട്ടുന്ന തുക രൂപതാ കേന്ദ്രത്തിൽ എത്തിയ്ക്കുകയും ചെയ്യണം. ഏവർക്കും മുൻകൂട്ടി നന്ദി പറയുന്നു.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2016 ജനുവരി മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2016 ഫെബ്രുവരി മാസം 7 ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. കത്തോലിയ്ക്കാ കോൺഗ്രസ്സിനെപ്പറ്റി അന്യത്ര കൊടുത്തിരിയ്ക്കുന്ന ലേഖനവും (പേജ് 9-13) വിശ്വാസികളുടെ അറിവിലേയ്ക്ക് പള്ളിയിൽ വായിക്കേണ്ടതാണ്.**

## അഖില കേരള കത്തോലിയ്ക്കാ കോൺഗ്രസ്സ്: ഉദ്ദേശവും പ്രസക്തിയും

ഏകദേശം നൂറ് കൊല്ലങ്ങൾക്ക് മുമ്പ് കേരള കത്തോലിയ്ക്കാ സമുദായത്തിലെ അൽമായരുടെതായി ജന്മമെടുത്ത ഒരു സംഘടന യാണ് അഖില കേരള കത്തോലിയ്ക്കാ കോൺഗ്രസ്സ്. (ഏ.കെ.സി.സി). കേരളത്തിലെ മൂന്ന് റീത്തുകളിലും പെട്ട അൽമായർ ഇതിലെ അംഗ ങ്ങളായിരുന്നു. കേരളകത്തോലിയ്ക്കാ സമുദായത്തിന്റെ നന്മയ്ക്ക് വേണ്ടി നിലകൊള്ളുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നതായി രുന്നു സംഘടനയുടെ സ്ഥാപക ലക്ഷ്യം. കേരളം രൂപീകരിക്കപ്പെടു ന്നതിന് മുമ്പത്തെ കൊച്ചിയിലേയും തിരുവിതാംകൂറിലേയും പിന്നീട് കേരളത്തിലെയും രാഷ്ട്രീയ സാമൂഹ്യ സാമുദായിക മണ്ഡലങ്ങളിൽ ശ്രദ്ധേയമായ ഇടപെടലുകൾ ഈ സംഘടന കാലാകാലങ്ങളിലായി നടത്തിയിട്ടുമുണ്ട്. അതിന്റെ ഗുണങ്ങൾ കത്തോലിയ്ക്കാ സമുദായ ത്തിന് എന്നതുപോലെതന്നെ പൊതുസമൂഹത്തിനും ലഭിച്ചിട്ടുണ്ട്. കത്തോലിയ്ക്കാ സമുദായത്തിന്റെ ഭാവി, സമുദായത്തിലെ അല്മായ രുടെ കൈകളിലാണ് നിലകൊള്ളുന്നത് എന്ന ഉറച്ച ബോധ്യവും അതിനനുസരിച്ച് തങ്ങളുടെ സമയവും ഊർജ്ജവും പണവും കഴിവു കളും അവസരങ്ങളും വ്യയം ചെയ്യാനുള്ള സന്മസും സംഘടനയിലെ അംഗങ്ങൾക്ക് ഉണ്ടായിരുന്നു. കേരള കത്തോലിക്കർ ഇന്നത്തേതു പോലെ വിവിധ രാഷ്ട്രീയ പാർട്ടികളിലും അനുബന്ധ സംഘടന കളിലും അംഗങ്ങളല്ലാതിരുന്ന ഒരു കാലത്തായിരുന്നു ഈ സംഘടന യുടെ ജന്മം. അതുകൊണ്ടുതന്നെ പ്രവർത്തനം കൂടുതൽ എളുപ്പമുള്ള തായിരുന്നു. സംഘടനയോടുള്ള പ്രതിബദ്ധതയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയും അതുപോലെതന്നെ കൂടുതലുണ്ടായിരുന്നു.

കാലക്രമത്തിൽ മൂന്ന് റീത്തുകളിലെയും അംഗങ്ങൾ അവര വരുടെ റീത്തടിസ്ഥാനത്തിൽ സംഘടിക്കാനും അവയുടെ മൂന്നിന്റെയും കൂടി ഒരു ഫെഡറേഷൻ രൂപീകരിക്കാനും തീരുമാനിച്ചു. ആ ഫെഡ റേഷൻ കേരള കത്തോലിയ്ക്കാ ഫെഡറേഷൻ എന്ന പേരിൽ അറിയ പ്പെടുന്നു. അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് എന്ന പേര് സീറോ മലബാർ അല്മായ സംഘടന നിലനിർത്തുകയും മറ്റ് രണ്ട് റീത്തുകാരും അവരുടെ റീത്തുകളുടെ പേര് കൂട്ടിച്ചേർത്ത് സംഘടന രൂപീകരിക്കുകയും ചെയ്തു. സീറോ മലബാർ സഭയ്ക്ക് കേരളത്തിനും ഇന്ത്യയ്ക്കും പുറത്തും രൂപതകളും ഇടവകകളും ഉള്ളതുകൊണ്ട്

സംഘടന സാമാന്യേന കത്തോലിക്കാ കോൺഗ്രസ്സ് എന്ന് മാത്രമാണ് ഇപ്പോൾ അറിയപ്പെടുന്നത്.

കാലം മാറിയതോടെ കേരള കത്തോലിക്കരുടെ രാഷ്ട്രീയ സാമുദായിക കാഴ്ചപ്പാടുകൾ വളരെയധികം മാറി. തൊഴിൽ സംബന്ധ മായും അല്ലാതെയും അവർ പല രാഷ്ട്രീയ പാർട്ടികളിലും അവയുടെ പോഷക സംഘടനകളിലും അംഗങ്ങളായി. അതോടെ കത്തോലിക്കാ കോൺഗ്രസ്സിന്റെ അംഗങ്ങളുടെ പ്രതിബദ്ധതയും പ്രവർത്തനങ്ങളുടെ പ്രസക്തിയും കാര്യപ്രാപ്തിയും ഫലപ്രാപ്തിയും കുറയുകയും പ്രവർത്തനം മന്ദീഭവിക്കുകയും ചെയ്തു. സമുദായത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള അംഗങ്ങളുടെ സന്മനസും കുറഞ്ഞുവന്നു. എന്നു തന്നെയല്ല സമുദായത്തിനുവേണ്ടി പ്രവർത്തിക്കുന്നത് വർഗ്ഗീയതയാണ് എന്ന് പോലും അംഗങ്ങൾ ചിന്തിക്കുന്ന ഒരവസ്ഥയിലേയ്ക്ക് കാര്യങ്ങൾ എത്തി. പലപ്പോഴും രാഷ്ട്രീയ സാമൂഹ്യ വിദ്യാഭ്യാസ തലങ്ങളിൽ കത്തോലിക്കർ തന്നെ കത്തോലിക്കർക്ക് എതിരായും നിലപാടുകൾ എടുക്കുന്ന സ്ഥിതിയും സംജാതമായി.

ഈ സാഹചര്യത്തിൽ സീറോ മലബാർ സഭാ നേതൃത്വം കൂടു തലായി സമുദായത്തിന്റെ കാര്യത്തിൽ ശ്രദ്ധ വെക്കാൻ തുടങ്ങി. അതോടെ സഭയും സമുദായവും ഒന്നാണെന്നും രണ്ടിന്റെയും നേതൃത്വം മെത്രാന്മാരിലും വൈദികരിലും ആണെന്നുമുള്ള ചിന്തയും സാധാരണ ജനങ്ങൾക്കിടയിൽ കടന്നുകൂടി. തങ്ങൾ ഒന്നും ചെയ്യേണ്ടതില്ല, എല്ലാം അവർ നോക്കികൊള്ളും എന്ന ഒരു മിഥ്യാധാരണ ഇന്നും സഭാംഗ ങ്ങൾക്കിടയിൽ നിലനിൽക്കുന്നുണ്ട്. ഈ ഒരു ചിന്ത പൊതു രാഷ്ട്രീയ നേതൃത്വത്തിനും ഉണ്ടായി. തൽഫലമായി രാഷ്ട്രീയ അധികാരികളും പാർട്ടികളും കത്തോലിക്കാ സമുദായത്തിന്റെ പിൻബലം ആവശ്യം വന്ന പ്പോഴൊക്കെ സഭാനേതൃത്വത്തെ സമീപിക്കുന്ന ശൈലിയും വന്നു ചേർന്നു. പരിണിതഫലമായി സമുദായത്തിലെ അൽമായർ രണ്ടാം നിരയിലേക്ക് പിൻതള്ളപ്പെട്ടു.

അതോടൊപ്പം മറ്റൊരു പ്രതിഭാസം കൂടി ഉടലെടുത്തു. സഭാ നേതൃത്വം സമുദായത്തിനുവേണ്ടി രാഷ്ട്രീയ സാമൂഹിക നിലപാടുകൾ എടുക്കുമ്പോൾ അതവരുടെ സ്ഥാനമാനങ്ങളും സ്വാർത്ഥ താല്പര്യ ങ്ങളും നിലനിർത്താനാണ് എന്ന ആരോപണം കൂടുതലായി ഉയരാൻ തുടങ്ങി. കത്തോലിയ്ക്കാ സമുദായത്തിന്റെ കെട്ടുറപ്പിനും വളർച്ചയ്ക്കും നിദാനമായി നിലകൊള്ളുന്നത് അവരുടെ നേതൃത്വമാണെന്നും അതു കൊണ്ട് ആ നേതൃത്വത്തെ ഇല്ലായ്മ ചെയ്താലെ ഈ സമുദായത്തെ തങ്ങളുടെ വരുതിയിൽ ആക്കാൻ കഴിയുകയുള്ളു എന്നും ചിന്തിക്കുന്ന

പലരും ഈ ആരോപണങ്ങൾ കത്തോലിയ്ക്കാ മനസുകളിലേയ്ക്കും കടത്തിവിടാൻ ശ്രമിച്ചിട്ടുണ്ട്, ശ്രമിക്കുന്നുമുണ്ട് എന്നതാണ് സത്യം. അതിനവർ മാധ്യമങ്ങളെ ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുന്നു. കത്തോലിക്കാ സമുദായത്തിനാകട്ടെ ഈ ആരോപണങ്ങളെ പ്രതിരോധിക്കാൻ കഴിയുന്നുമില്ല. ആരോപിതരായ സഭാനേതൃത്വം തന്നെ അവയെ നിഷേധിക്കുമ്പോൾ അതിന് വിശ്വാസ്യത കുറയും. നേരെമറിച്ച് അക്കാര്യത്തിന്റെ അവാസ്തവികത തെളിയിക്കേണ്ടവർ നിശബ്ദത പാലിക്കുകയും ചെയ്യുന്നു.

സഭാനേതാക്കൾക്ക് രാഷ്ട്രീയ സാമൂദായിക പ്രശ്നങ്ങളിൽ ഇടപെടാൻ പരിമിതികൾ ഉണ്ട് എന്ന വസ്തുത പലർക്കും അജ്ഞാതമാണെന്ന് തോന്നുന്നു. പ്രത്യേകിച്ച് രാഷ്ട്രീയ കാര്യങ്ങളിൽ അവർ സജീവമായി ഇറങ്ങുന്നതിന് നിയമവിലക്കുകൾ ഉണ്ട്. അവയെ ലംഘിച്ചാൽ ശിക്ഷ വരെ കിട്ടാം എന്നതാണ് വസ്തുത. അതേ സമയം സമുദായത്തിനുവേണ്ടി ഫലപ്രദമായി ആരെങ്കിലും ഇടപെട്ടില്ലെങ്കിൽ കത്തോലിക്കാ സമുദായം ഇന്നത്തെ കേരളപൊതുസമൂഹത്തിൽ തഴയപ്പെടാനുള്ള എല്ലാ സാധ്യതകളും നിലനിൽക്കുകയും ചെയ്യുന്നു. ജനാധിപത്യത്തിൽ ഫലപ്രദമായി ജനങ്ങൾ ഇടപെട്ടെങ്കിൽ മാത്രമേ അവരവരുടെ കാര്യങ്ങൾ സാധിച്ച് കിട്ടുകയുള്ളു. അങ്ങനെയാണ് ലോകത്തിൽ എല്ലായിടത്തും ജനാധിപത്യം നിലകൊള്ളുന്നത്. വിവിധ മതങ്ങളിലും സമുദായങ്ങളിലുമായി നിലകൊള്ളുന്ന നമ്മുടെ പൊതുസമൂഹത്തിൽ പലപ്പോഴും കാര്യങ്ങൾ തീരുമാനിക്കപ്പെടുന്നത് ഇവയുടെ അടിസ്ഥാനത്തിലാണ് എന്നതും നമ്മുടെ അനുഭവമാണ്. അപ്പോൾ നമ്മുടെ സമുദായത്തിന്റെ നേതൃത്വം കേവലം സഭാനേതൃത്വത്തിൽ മാത്രമായി ഒതുങ്ങിപോയാൽ അത് കത്തോലിയ്ക്കാ സമുദായത്തെ സംബന്ധിച്ച് ആത്മഹത്യാപരമായിരിക്കും. അതുകൊണ്ട് സമുദായത്തിലെ അല്മായ നേതൃത്വം വളർന്നേ മതിയാകൂ.

വിവിധ മതങ്ങളിലും സമുദായത്തിലുംപ്പെട്ട ഇന്നത്തെ കേരള സമൂഹം അവരവരുടെ ഉന്നതിക്കായി മാത്രമാണ് പ്രവർത്തിക്കുന്നത് എന്ന വസ്തുത നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. ഈ സ്ഥിതി കേരള സമൂഹത്തെ വളരെ ഇടുങ്ങിയ ഒരു മനസ്ഥിതിയിലേയ്ക്കാണ് കൊണ്ടെത്തിക്കാൻ പോകുന്നത് എന്നതിന് സംശയം വേണ്ട. അത് ഇവിടെ നിലവിലിരിക്കുന്ന ജനാധിപത്യ വ്യവസ്ഥിതിയ്ക്ക് തന്നെയും ഭീഷണിയാണ്. മറ്റ് മതങ്ങളെയും സമുദായങ്ങളെയും ചൂഷകരായും കയ്യേറ്റക്കാരായും മറ്റും ചിത്രീകരിച്ച് തങ്ങളുടെ സമുദായത്തെ ഒന്നിപ്പിക്കാനും അവരുടെ വോട്ട് നേടി അധികാരത്തിലെത്താനുമുള്ള പരിശ്രമങ്ങൾ

ഏതാണ്ട് ഉച്ചസ്ഥായിയിലാണ് ഇപ്പോൾ. അതിലവർ വിജയിച്ചെന്നും വരാം. അങ്ങനെവന്നാൽ അതിന്റെ പരിണിതഫലം നമുക്ക് ഊഹിക്കാവുന്നതിലും അപ്പുറമായിരിക്കും. അതുകൊണ്ട് നമ്മുടെ സഭയിലെ അല്മായർ ഒന്നിച്ച്ചേർന്ന് പ്രവർത്തിക്കേണ്ടതും അല്മായർ തന്നെ നേതൃത്വത്തിലേയ്ക്ക് വരേണ്ടതും നമ്മുടെ സമുദായത്തിന്റെയും പൊതു സമൂഹത്തിന്റെ സുസ്ഥിരതയ്ക്ക് അത്യന്താപേഷിതമാണ്. നമ്മുടെ പൊതുസമൂഹത്തെയും നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യ വ്യവസ്ഥിതിയെയും സംരക്ഷിക്കേണ്ടത് നമ്മുടെയും നിലനിൽപ്പിന് ഒഴിച്ചുകൂടാൻ ആവാത്തതാണ്.

മറ്റുള്ളവരെ ചൂഷകരായും ശത്രുക്കളായും ചിത്രീകരിച്ച് വോട്ട് നേടി അധികാരത്തിലെത്തി ഏകാധിപതികളായവരുടെ ഒരു നിരതന്നെ ലോകത്തിലുണ്ട്. പല രാജ്യങ്ങളിൽ പല കാലങ്ങളിലായി ഇത്തരം പരീക്ഷണങ്ങൾ നടന്നിട്ടുണ്ട്. വിജയിച്ചിട്ടുമുണ്ട്. ജർമ്മനിയിൽ ഹിറ്റ്ലറും ഇറ്റലിൽ മുസോളിനിയും മറ്റും ഇങ്ങനെയാണ് അധികാരത്തിൽ ഏറിയത്. അവർക്ക് തുടക്കത്തിൽ ജനങ്ങളുടെ വൻ പിൻതുണ ഉണ്ടായിരുന്നു താനും. ഹിറ്റ്ലറിന്റെ തന്ത്രങ്ങൾ നമുക്കെല്ലാം പാഠമാകേണ്ടതാണ്. ജർമ്മൻ ജനതയെ ഒന്നിപ്പിക്കാൻ ഹിറ്റ്ലർ കണ്ട മാർഗ്ഗം അവരുടെ സ്വത്തുക്കളും തൊഴിൽ അവസരങ്ങളും അന്ന് അവിടെ ഉണ്ടായിരുന്ന യഹൂദ ജനത തട്ടിയെടുക്കുന്നു എന്ന ആരോപണം ഉന്നയിച്ച് അവരെ കൊന്നൊടുക്കുകയും അവരുടെ വസ്തുവകകൾ തട്ടിയെടുക്കുകയുമായിരുന്നു. ബഹുഭൂരിപക്ഷം ജർമ്മൻകാരും ഹിറ്റ്ലറിന്റെ നിലപാടുകളെ തുടക്കത്തിൽ അനുകൂലിക്കുകയും ചെയ്തു. എന്നാൽ അവർ വലിയ പ്രതീക്ഷയോടെ അധികാരത്തിലേറ്റിയ ഹിറ്റ്ലർ കാലക്രമത്തിൽ തന്നെ എതിർക്കുന്ന എല്ലാവരെയും ഇല്ലായ്മ ചെയ്യുന്ന ഏകാധിപതിയായി മാറി എന്നത് ചരിത്രം. അദ്ദേഹത്തെ അധികാരത്തിലേറ്റാൻ സഹായിച്ചവർ പോലും അദ്ദേഹത്തിന്റെ പ്രതികാരത്തിന് ഇരയായി. ഹിറ്റ്ലറിന്റെ പേര് പോലും പറയാൻ നാണിക്കുന്നവരാണ് ഇന്ന് ജർമ്മൻ ജനത. ഇന്ത്യയും ഇപ്രകാരം ഒരു സ്ഥിതി വിശേഷത്തിലേയ്ക്ക് വഴുതിവീഴുകയില്ലായെന്ന് നമുക്ക് ഉറപ്പിക്കാൻ കഴിയില്ല.

ഇന്ന് കത്തോലിക്കാ സമുദായത്തെ പറ്റി പലരും പറയുന്നത് അവർ അനർഘമായത് നേടിയെടുത്തു എന്നാണ്. എന്നാൽ നമുക്ക് വളരെ ചിട്ടയോടെ പ്രവർത്തിക്കാൻ പരിശീലിപ്പിക്കപ്പെട്ടവരും പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരും പൂർണ്ണമായി തങ്ങളെതന്നെ സമൂഹത്തിനായി ഉഴിഞ്ഞുവെച്ചവരുമായ ഒരു നേതൃത്വം ഉണ്ട് എന്നതാണ് നമ്മുടെ ഉന്നതിക്ക് കാരണം. മറ്റ് സമുദായങ്ങൾക്ക് അങ്ങനെ ഒന്ന് ഇല്ലാതെ

പോയി എന്നത് ഒരു ദുഃഖസത്യമാണ്. മാത്രമല്ല ഈ നേതൃത്വം നിരന്തരം ആരോപണങ്ങൾക്കും ആക്രമണങ്ങൾക്കും വിധേയരാവുകയും ചെയ്യുന്നു. എന്നാൽ ഇതെല്ലാം വോട്ട് നേടി അധികാരത്തിലെത്താനുള്ള ശ്രമത്തിന്റെ ഭാഗമാണ് എന്നത് നമ്മൾ തിരിച്ചറിയണം.

ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ദീർഘവീക്ഷണത്തോടെയും വിശാല മനസ്ഥിതിയോടെയും പ്രവർത്തിക്കാൻ എന്നും പരിശ്രമിച്ചിട്ടുള്ള സമുദായമാണ് കത്തോലിക്കരുടേത്. നമ്മൾ മറ്റുള്ളവർക്ക് എന്നും മാതൃകയാണ്. ഇനിയും അങ്ങനെയായിരിക്കണം.

കത്തോലിക്കകോൺഗ്രസിനെ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് വിരൽചൂണ്ടാൻ മാത്രമാണ് മേൽപറഞ്ഞ കാര്യങ്ങൾ വിവരിച്ചത്. അതുകൊണ്ട് കത്തോലിക്കാ കോൺഗ്രസ്സിന്റെ യൂണിറ്റുകൾ നമ്മുടെ എല്ലാ ഇടവകകളിലും എത്രയും വേഗം ആരംഭിച്ച് പ്രവർത്തനം ആരംഭിക്കണം. അതിലൂടെ നമ്മുടെ സമുദായത്തിന്റെ അല്മായ നേതൃത്വം വളർന്ന് വരട്ടെ. അങ്ങനെ നമ്മുടെ സമുദായവും മറ്റെല്ലാ സമുദായങ്ങളും നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിയും സംരക്ഷിക്കപ്പെടട്ടെ.

**ഫാ. ചാണ്ടി പുനക്കാട്ട്**

ഏ.കെ.സി.സി. മാനന്തവാടി രൂപതാ ഡയറക്ടർ

# 2016 ഫെബ്രുവരി 14 തിരുബാലസഖ്യദിനം

## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കന്മാരേ, സഹോദരീസഹോദരന്മാരേ, കുഞ്ഞുമക്കളേ,

ആഗോള കത്തോലിയ്ക്കാസഭ എല്ലാ വർഷവും തിരുബാലസഖ്യദിനം ആചരിക്കുന്നത് ഫെബ്രുവരി രണ്ടാമത്തെ ഞായറാഴ്ചയാണ്. ഈ വർഷം അത് ഫെബ്രുവരി 14-ാം തീയതിയാണ്. ബാലനായ യേശുവിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട്, അവശരും ദരിദ്രരും, അനാഥരും, നീതി ലഭിക്കാത്തവരുമായ കുട്ടികളുടെ ഉന്നമനത്തിനായി സ്ഥാപിക്കപ്പെട്ടതാണ് തിരുബാലസഖ്യം. കേരളത്തിലെ എല്ലാ കത്തോലിയ്ക്കാ ദൈവാലയങ്ങളിലുമായി ബാലജനസംഘടനകളുടെ കൂടെ തിരുബാലസഖ്യവും ഉണ്ടാകുമെന്ന് വിശ്വസിയ്ക്കുന്നു. സഖ്യത്തിലെ എല്ലാ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ഞങ്ങളുടെ അനുഗ്രഹവും ആശംസകളും.

ബഹുതല ചിന്തകളാണ് നമ്മുടെ വിചിന്തനത്തിനായി തിരുസഭ നൽകുന്നത്. തങ്ങളാൽ കഴിയുന്നത് തങ്ങളെക്കാൾ അവശരും ദരിദ്രരുമായ കുട്ടികൾക്കുവേണ്ടി ദാനമായി നൽകുക എന്ന കരുണയുടെ പാഠമാവണം കരുണയുടെ ഈ അസാധാരണ ജൂബിലി വർഷത്തിൽ കുട്ടികളുടെ ചിന്തകളിൽ പതിയേണ്ടത്. നമ്മുടെ പൊതുഗൃഹത്തിന്റെ നന്മകൾക്ക് നാം മാത്രമല്ല അവകാശികളെന്നും പങ്കുവയ്ക്കുകയെന്നത് ഔദാര്യമല്ല കടമയാണെന്നും കുട്ടികൾക്ക് പഠിപ്പിച്ചു കൊടുക്കേണ്ട ദിവസമാണിന്ന്.

നസ്രത്തിൽ മാതാപിതാക്കൾക്കു വിധേയനായി ജീവിച്ച ബാലനായ യേശു കുട്ടികൾക്ക് പ്രചോദനവും ശക്തിയുമാവണം. വ്യക്തിസ്വാതന്ത്ര്യങ്ങളുടെയും നിയമ പരിരക്ഷയുടെയും അകമ്പടിയും ജീവിതത്തിൽ അനുസരണവും, വിധേയപ്പെടലും ക്രിസ്തു ചൈതന്യത്തിന്റെ ഭാഗം തന്നെയാണ്. ശരിയായ വളർച്ചാമുഖങ്ങൾക്ക് ഇത് അനിവാര്യവുമാണ്.

യൗസേപ്പുപിതാവും പരിശുദ്ധകന്യകാമറിയവും ഉണ്ണിയേശുവിൽ തിരുബാലനെ കണ്ടെത്തുന്നത് അവരുടെ ദൈവപദ്ധതിയുമായുള്ള പങ്കുചേരലിലാണ്. ഇന്നത്തെ മാതാപിതാക്കൻമാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം

തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. ശുഭമായ ഭാവിക്കുവേണ്ടിയുള്ള ദൈവികപദ്ധതിക്ക് കൂട്ടുനിൽക്കുവാൻ മാതാ പിതാക്കൻമാർ എപ്പോഴും ശ്രദ്ധിക്കേണ്ടതുണ്ട്.

കുട്ടികൾ പാറമേൽ പണിത ഭവനങ്ങൾപോലെയാകണം. മാതാ പിതാക്കൻമാരുടെ വിശ്വാസതീക്ഷ്ണതയും ആഴപ്പെട്ട ബോധ്യങ്ങളുടെ ദൃഢതയും സ്നേഹവുമുള്ള പാറമേൽ വേണം ബാല്യങ്ങളും കൗമാര ങ്ങളും രൂപപ്പെടുവാൻ. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസി ക്കുകയും കത്തോലിക്കാ സഭാചൈതന്യത്തിൽ ആയിരിക്കുകയും സാമൂഹിക പ്രതിജ്ഞാബദ്ധതയോടെ ജീവിക്കുകയും ചെയ്യുക എന്നത് ഈ ആഴപ്പെട്ട ജീവിതത്തിന് ആവശ്യമാണ്. ദൈനംദിന കുടുംബ പ്രാർത്ഥനയും കൗദാശിക ജീവിതവും കുട്ടികളുടെ മതബോധനവും ഒക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ട മേഖലകളാണ്.

വളർത്തുന്നവൻ ദൈവമാണ് എന്ന സത്യം തിരിച്ചറിയുമ്പോൾ പരിശുദ്ധ അമ്മ ചെയ്തതുപോലെ ഓരോ കുഞ്ഞിനെയും ദൈവാലയ ത്തിൽ കൊണ്ടുചെന്ന് ദൈവത്തിന് കാഴ്ചവയ്ക്കും. അതായത്, ദൈവ പദ്ധതിക്ക് പൂർണ്ണമായും കുട്ടികളെ വിട്ടുകൊടുക്കും. അവരുടെ ജീവിത പാതകളെ മെനയുന്ന കർത്താവിന് അവരെ വിട്ടുകൊടുക്കുമ്പോൾ വിടുതലിന്റെ സ്വാതന്ത്ര്യവും നല്ല ദൈവത്തിലുള്ള കൂടുതലായ ആശ്രയ ബോധവും അവർക്ക് സ്വന്തമാകും. പൗരോഹിത്യ സന്ന്യാസ ജീവിതാന്തസിലേക്കു നീങ്ങാനാഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാ ക്കൻമാരും ബന്ധുക്കളും സുഹൃത്തുക്കളും അവരെ അതിന് അനുയോജ്യമായ രീതിയിൽ കൈപിടിക്കേണ്ടതാണ്. അതിനു തയ്യാ റാവാതെ അവരുടെ സ്വപ്നങ്ങളെ വിലയിടിച്ചു കാണിക്കുകയും അവരെ അതിൽനിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നവർ ദൈവപദ്ധതിയോട് പടപൊരുതുകയാണ് ചെയ്യുന്നത്. കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത് എന്നത് ഒരു ദൈവ കല്പനയായി നാം തിരിച്ചറിയണം. 'ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായിരിക്കേണ്ടതല്ലേ' എന്ന ചോദ്യം മുതിർന്നവർ തിരിച്ചറിയാതെ പോകരുത്.

ഓരോ കുട്ടിയ്ക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെ ടുക്കുവാൻ മാതാപിതാക്കൻമാരും അവരോട് ചേർന്ന് അദ്ധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. ഒരു വൈകാരിക വിസ്ഫോടന ത്തിനു ശേഷമോ, മാതാപിതാക്കളുടെയും മുതിർന്നവരുടെയും പ്രീതിക്കുവേണ്ടിയോ ആവരുത് കുട്ടികൾ ഈ തിരഞ്ഞെടുപ്പുകൾ നടത്തുന്നത്. സമാധാനപൂർണ്ണവും സർഗാത്മകവുമായ ഭാവിക്ക്

ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആദ്ധ്യാത്മിക ഗുരുക്കൻമാരും മുന്നോട്ടുവരണം. മക്കളെ നന്നായി വളർത്തുകയെന്നത് കുഞ്ഞുങ്ങൾ ദൈവം തന്ന ദാനമാണ് എന്ന തിരിച്ചറിവിൽ നിന്നു വരുന്ന ഉത്തരവാദിത്വമാണ്. ഇത് കൂടുതൽ തെളിയേണ്ട സാമൂഹിക സാഹചര്യങ്ങളുമാണ് ഇന്നുള്ളത്.

കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആദ്ധ്യാത്മികവുമായ അപകട മേഖലകൾ കൂടി വരുന്നത് നാം തിരിച്ചറിയണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. മുതിർന്നവർ ലൈംഗീകമായി കുട്ടികളെ ദുരുപയോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്ക് കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൻമാർ നിതാന്തജാഗ്രത പുലർത്തേണ്ടതുണ്ട്.

വാട്സ് ആപ്പിലൂടെയും ഫെയ്സ്ബുക്കിലൂടെയും സെൽഫി ഫോട്ടോകൾ എടുത്ത് കുട്ടികൾ തങ്ങളെത്തന്നെ പ്രദർശിപ്പിക്കുന്ന പ്രവണത കൂടിവരുന്നു. തങ്ങളെത്തന്നെ എല്ലാവർക്കും വെളിപ്പെടുത്തുക വഴി അത്യാഗ്രഹികളായ കഴുകദൃഷ്ടികൾക്ക് അവർ ഇരയാവുകയാണ്. ഈ മേഖലയിൽ മാതാപിതാക്കളുടെ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശ്ശബ്ദതകളും ഒക്കെ തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതമായി നയിക്കുവാൻ എല്ലാ മാതാപിതാക്കൻമാരും ശ്രദ്ധിക്കണം.

അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയ വാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതംമാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതിയുവാക്കളെയും കടത്തിക്കൊണ്ടു പോകുകയുംചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്ക വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തുചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

സഭയോടൊത്തു ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കുട്ടികളെ പഠിപ്പിക്കുകയും വേണം. പൈശാചികവും വഴിതെറ്റിക്കുന്നതുമായ മേഖലകളിൽ നിന്നും കുട്ടികളെ ഒഴിവാക്കി നിർത്തുവാൻ സഭയോടും സഭാതനയരോടും ചേർന്നു നിൽക്കുക, പ്രവർത്തിക്കുക

എന്നത് അത്യാവശ്യമാണ്. കുടുംബയൂണിറ്റുകളുടെയും സഭാസംഘടനകളുടെയും പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനും സഭാധികാരികളോട് സ്നേഹവും പരിഗണനയും ഉള്ളവരായി വളരാനും കുട്ടികളെ പ്രോത്സാഹിപ്പിക്കണം. സഭാചൈതന്യത്തിൽ കുട്ടികളെ വളർത്തുന്ന എല്ലാ മാതാപിതാക്കന്മാരേയും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പേരിൽ ഞങ്ങളുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളെ തിരുബാല്യത്തിലേക്ക് ഉയർത്തുവാൻ സഭയുടെ എല്ലാ ഘടകങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഇടയാകണം. അതിനാൽ പ്രിയ സഹോദരങ്ങളെ, നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം.  പീഠത്തിൻമുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ.

സ്നേഹപൂർവ്വം

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി- 682 025

---

**NB: 2016 ഫെബ്രുവരി 14-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ  ചെയ്യണം.**

# സർക്കുലർ

***Circular Letter No. 05/2016***
***Prot. No.17980/2016***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

2015 നോട് വിട പറഞ്ഞ് 2016 ലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ദൈവം നമുക്ക് തരുന്ന ദാനമാണ് ഓരോ വർഷവും. കഴിഞ്ഞ വർഷം ദൈവം നമുക്ക് നൽകിയ നിരവധിയായ നന്മകൾക്ക് അവിടുത്തോട് നമുക്ക് നന്ദിയുള്ളവരായിരിക്കാം. അതുപോലെ പുതിയ വർഷത്തിൽ നന്മയിലൂടെ നമ്മളെ വഴി നടത്തണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യാം. നിങ്ങൾക്കെല്ലാവർക്കും ശാന്തിയും സാമാധാനവും നിറഞ്ഞ പുതുവത്സരം ആശംസിക്കുന്നു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകാനായി ഒരു സഹായനിധി നമ്മുടെ രൂപതയിൽ രൂപീകരിച്ചിട്ടുള്ളത് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ചുരുങ്ങിയത് അഞ്ഞൂറ് കുട്ടികൾക്കെങ്കിലും ആയിരം രൂപ വച്ച് ഓരോ വർഷവും സഹായധനമായി കൊടുക്കുന്ന ഒരു പദ്ധതിയാണിത്. ഏതാനും കുട്ടികൾക്ക് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കാനും കുറേപ്പേർക്ക് ഉപരിപഠനത്തിനും പ്രത്യേക പരിശീലനത്തിനും മറ്റുമായി സഹായം കൊടുക്കുന്നുണ്ട്. ഇപ്പറഞ്ഞ പദ്ധതിക്കുപുറമേ നമ്മുടെ രൂപതയിലെ സന്യാസിനീസമൂഹങ്ങൾ ഒരുമിച്ച് ചേർന്ന് ഇരുന്നൂറ്റമ്പതിനും മുന്നൂറിനും ഇടയിൽ കുട്ടികൾക്കും വർഷം ആയിരം രൂപാ വച്ച് സഹായധനം കൊടുക്കുന്നുണ്ട്. ഉപരിവിദ്യാഭ്യാസത്തിനും കുറേപ്പേർക്ക് അവർ സഹായം കൊടുക്കുന്നുണ്ട്. കഴിഞ്ഞ പത്ത് വർഷമായി നമ്മൾ ഇപ്രകാരം ചെയ്യുന്നു. ഈ പത്ത് വർഷംകൊണ്ട് ഒരുകോടി ഒൻമ്പത് ലക്ഷത്തി ഇരുപത്തെട്ടായിരത്തി തൊള്ളായിരത്തി നാല്പത് (1,09,28,940) രൂപയാണ് ഈ പദ്ധതിയിലൂടെ നമ്മൾ വിതരണം ചെയ്തത്. ഏറെ പേർക്ക് ഇത് വലിയ സഹായമാണ്.

സ്കൂൾ കുട്ടികൾക്ക് പുറമേ ഏതാനും കുട്ടികൾക്ക് താമരശ്ശേരി രൂപതയുടെ കീഴിൽ കോഴിക്കോട് ചേവരമ്പലത്ത് പ്രവർക്കുന്ന സ്റ്റാർട്ട്

എന്ന സ്ഥാപത്തിൽ പരിശീലനം നേടുന്നതിനുള്ള സഹായധനവും കൊടുക്കുന്നുണ്ട് എന്നത് എടുത്തു പറയേണ്ട സംഗതിയാണ്. പ്ലസ്ടു കഴിഞ്ഞവരും പഠനത്തിൽ മികവ് പുലർത്തുന്നവരുമായ കുട്ടികളെ മാത്രമേ അവിടെ സ്വീകരിക്കുകയുള്ളൂ. ഒരു വർഷത്തെ പരിശീലന മാണ് അവിടെ കൊടുക്കുന്നത്. കുട്ടികൾക്ക് അവരവരുടെ അഭിരുചി കൾ തിരിച്ചറിയാനും അതിനനുസരിച്ച് ഇന്ത്യയിലുള്ള വിവിധ കേന്ദ്രീയ സർവ്വകലാശാലകളിൽ പ്രവേശനം നേടുന്നതിനും സ്റ്റാർട്ടിലെ പരിശീലനം ഏറെ ഉപകരിക്കുന്നു. ഈ സർവ്വകലാശാലകളിലെ പഠനം തികച്ചും സൗജന്യമാണെന്ന വസ്തുതയും എടുത്തുപറയേണ്ടതാണ്. നമ്മുടെ കുട്ടികൾ ഈ സ്ഥാപനത്തിലൂടെ പഠിച്ച് കടന്നുപോകുന്നത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. കാരണം കേവലം കുറേ അറിവ് പകർന്ന് കൊടുക്കുക മാത്രമല്ല അവിടെ ചെയ്യുന്നത്. നമ്മുടെ കുട്ടിക ളുടെ ആദ്ധ്യാത്മികവും വിശ്വാസപരവും ഭാഷാപരവുമായ പരിശീലന ത്തിനും അവിടെ ഊന്നൽ കൊടുക്കുന്നുണ്ട്. അവിടെ നിന്ന് പഠിച്ചു പോയ എല്ലാവർക്കും അവിടുത്തെ പരിശീലനത്തെ പറ്റി നല്ലതേ പറയാ നുള്ളൂ. വളരെയധികം പേർ നല്ല നിലകളിൽ എത്തിക്കഴിഞ്ഞു.

സ്കൂൾ കുട്ടികളിൽ സഹായധനം ലഭിക്കാൻ അർഹതയുള്ള വരെ തെരഞ്ഞെടുക്കുന്നതും അവർക്കുള്ള സഹായധനം വിതരണം ചെയ്യുന്നതും ഓരോ ഇടവകയിലെയും ബഹു. വികാരിയച്ചന്മാരും കമ്മറ്റിക്കാരും ഉൾപ്പെടുന്ന സമിതിയാണ്. ഇടവകയിലെ ബഹു. സിസ്റ്റേഴ്സും ഇതിൽ ഭാഗഭാക്കാകുന്നു. പണം ചെക്കായി രൂപതാ കേന്ദ്ര ത്തിൽ നിന്ന് അതാത് പള്ളിയുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് അയയ്ക്കുന്നത്. അത് പള്ളിക്കണക്കിൽ വരവ് വെച്ചശേഷം ഒന്നോ രണ്ടോ ഗഡുക്കളായി കുട്ടികൾക്ക് വിതരണം ചെയ്യുകയും പള്ളിക്കണ ക്കിൽ ചെലവെഴുതുകയും ചെയ്യുന്നു. കുട്ടികൾക്ക് പുസ്തകം, വസ്ത്രം, കുട, ചെരുപ്പ് തുടങ്ങിയവ വാങ്ങാൻ ഈ പണം ഉപയോഗിക്കുന്നു എന്ന് അവർ ഉറപ്പുവരുത്തുകയും ചെയ്യുന്നു. പണം മറ്റ് കാര്യങ്ങൾക്ക് ഉപയോ ഗിച്ചാൽ പിറ്റേ വർഷം മുതൽ സഹായം കൊടുക്കുന്നതുമല്ല.

സഹായധനം ലഭിക്കുന്ന കുട്ടികളുടെ കാര്യത്തിൽ അതാത് ഇടവകകളിൽ സേവനം അനുഷ്ഠിക്കുന്ന സിസ്റ്റേഴ്സിന് പ്രത്യേക ശ്രദ്ധ ഉണ്ടായിരിക്കണം. അവരുടെ വീടുകൾ ഇടയ്ക്കിടെ അവർ സന്ദർശി ക്കുകയും അവരുടെ പഠനനിലവാരം വിലയിരുത്തുകയും ആവശ്യമായ വിവരങ്ങൾ ബഹു. വികാരിയച്ചന്മാരെയും കമ്മറ്റിക്കാരെയും അറിയി ക്കുകയും ചെയ്യണം. ആ കുടുംബങ്ങളുടെ ആദ്ധ്യാത്മിക പുരോഗതി യിലും ബഹു. സിസ്റ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കഴിഞ്ഞ വർഷം രൂപതാ കേന്ദ്രത്തിൽ നിന്ന് നടത്തുന്ന പദ്ധതിക്കായി 15,17,468 രൂപയും ബഹു. സിസ്റ്റേഴ്സ് നടത്തുന്ന പദ്ധതിക്കായി 4,02,827 രൂപയും കിട്ടി. അതിൽ രൂപതാ കേന്ദ്രത്തിലെ പദ്ധിയിൽ നിന്ന് 15,02,650 രൂപയും സിസ്റ്റേഴ്സിന്റെ പദ്ധതിയിൽ നിന്ന് 3,99,183 രൂപയും വിതരണം ചെയ്തു. ആകെ 19,01,833 രൂപയാണ് വിതരണം ചെയ്തത്.

വിദ്യാഭ്യാസ സഹായനിധിയിലേയ്ക്ക് സംഭാവനകൾ നൽകിയ എല്ലാവരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുന്നു. നിങ്ങളുടെ ഈ സംഭാവനകൾ നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ ചാലുകളായി മാറും. സഹായം കിട്ടുന്ന കുട്ടികൾ തീർച്ചയായും അവരുടെ പ്രാർത്ഥനകളിൽ നിങ്ങളെ ഓർക്കും. കുട്ടികളുടെ പ്രാർത്ഥനകൾ ദൈവം കേൾക്കാതിരിക്കുകയില്ല.


പല മാർഗ്ഗങ്ങളിലൂടെയാണ് നമ്മുടെ പദ്ധതിക്കുള്ള പണം കണ്ടെത്തുന്നത്. അതിൽ ഒന്നാമത്തേത് ഓരോ വർഷവും നമ്മൾ ഇടവകകളിൽ നിന്നെടുക്കുന്ന ഒരു പൊതു പണ സമാഹരണമാണ്. രണ്ടാമത്തെ മാർഗ്ഗം വ്യക്തികളും സമൂഹങ്ങളും തരുന്ന തുകകളാണ്. തങ്ങൾക്ക് ദൈവം തന്ന സമ്പത്തിൽ ഒരു ഭാഗം നിർദ്ധന മക്കളുടെ വിദ്യാഭ്യാസത്തിനായി നീക്കിവെക്കുന്ന ധാരാളം പേരുണ്ട്. പ്രത്യേകിച്ചും ഏതെങ്കിലും ആഘോഷ അവസരങ്ങൾ വരുമ്പോൾ പലരും ഇങ്ങനെ ചെയ്യുന്നുണ്ട്. ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾ തങ്ങൾക്ക് സമ്മാനമായി കിട്ടുന്ന തുകയിൽ ഒരു ഭാഗം നല്ല കാര്യത്തിനായി നീക്കിവെക്കുന്നുണ്ട്. ഇതിനായി ബഹു. വൈദികരും മാതാപിതാക്കളും അവരെ പ്രോത്സാഹിപ്പിക്കണം.

ഇടവകകളിൽ നടത്തുന്ന തിരുനാൾ അവസരങ്ങളിൽ അതിനു ചെലവാകുന്ന തുകയുടെ ഒരു ഭാഗം വിദ്യാഭ്യാസ നിധിയിലേയ്ക്ക് തരുന്ന ഇടവകകളുണ്ട്. ഓരോ ഇടവകയും തങ്ങളുടെ തിരുനാൾ ബഡ്ജറ്റിന്റെ 5% എങ്കിലും ഇപ്രകാരം നീക്കിവെക്കണം എന്നാണെന്റെ അഭ്യർത്ഥന. നിങ്ങൾക്ക് അത് വലിയ ദൈവാനുഗ്രഹത്തിന്റെ കാരണമാകും. വെടിക്കെട്ടും ചെണ്ടമേളങ്ങളും അലങ്കാരങ്ങളുമെല്ലാം നമ്മുടെ കണ്ണിനും കാതിനും മനസിനുമൊക്കെ ഇമ്പം പകരുമെങ്കിലും ദൈവത്തിന് പ്രീതികരമായിട്ടുള്ളത് നമ്മുടെ ആഘോഷങ്ങളല്ല എന്ന കാര്യം നാം വിസ്മരിക്കരുത്. ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്ന കർതൃ വാക്യം നമുക്ക് അനുസ്മരിക്കാം. ഈ കരുണയുടെ വർഷത്തിൽ ഇത്തരത്തിലുള്ള കാരുണ്യ പ്രവർത്തികൾ നമ്മുടെ

മുഖ മുദ്രയാകട്ടെ. കരുണയുടെ വർഷം കേവലം ഭക്താഭ്യാസങ്ങളിലും ആചരണങ്ങളിലും ഒതുങ്ങിപ്പോകാതിരിക്കട്ടെ എന്നാണെന്റെ ആഗ്ര ഹവും ആശംസയും. പങ്കുവെക്കുന്ന മനോഭാവം നമ്മുടെയൊക്കെ സ്ഥായിയായ മനോഭാവമായി മാറട്ടെ.

ഈ വർഷം ഫെബ്രുവരി 28 ന് ഞായറാഴ്ചയാണ് വിദ്യാഭ്യാസ നിധിയിലേക്കുള്ള സംഭാവനകൾ സമാഹരിക്കേണ്ടത്. ബഹു. വികാരി യച്ചന്മാർ ഇക്കാര്യം മുൻകൂട്ടി പള്ളികളിൽ അറിയിക്കുകയും ആ ദിവസം ലഭിക്കുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചു തരികയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. നിങ്ങളേവരുടെയും ഉദാരമായ സംഭാവനകൾ ഞാൻ പ്രതീക്ഷിക്കുന്നു. ഏവർക്കും മുൻകൂട്ടി നന്ദി പറയുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2016 ജനുവരി മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2016 ഫെബ്രുവരി മാസം 21-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 06/2016***
***Prot. No.17982/2016***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ, പ്രിയപ്പെട്ട കുട്ടികളേ,

നമ്മുടെ വിശ്വാസജീവിതത്തിൽ വൈദികരുടെ പങ്കിന്റെ പ്രാധാന്യത്തെപ്പറ്റി ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിയാമല്ലോ. ഒരു കത്തോലിക്കാ വിശ്വാസിയെ സംബന്ധിച്ച് തന്റെ ജീവിതത്തിൽ വൈദികന്റെ ഇടപെടൽ അനിവാര്യമാണ്. വിശ്വാസജീവിതത്തിന്റെ കേന്ദ്ര ബിന്ദുവായ വിശുദ്ധ കുർബാനയർപ്പണം വൈദികനില്ലാതെ നടക്കുകയില്ലല്ലോ. അതുപോലെ മറ്റ് കൂദാശകളുടെ കാര്യവും.

നമ്മുടെ സഭയുടെയും സമുദായത്തിന്റെയും സജീവത്വവും കെട്ടുറപ്പും എല്ലാം ഏറിയ പങ്കും ഇടവകയിലെ വൈദികനെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ഒരിടവകയിൽ കുറേ വർഷങ്ങളിലേക്ക് വൈദികൻ ഇല്ലാതെ വന്നാൽ ആ ഇടവക സാവധാനം ശിഥിലമാകുന്നത് നമ്മുടെ അനുഭവമാണ്. അതുപോലെതന്നെ വൈദിക ജീവിതത്തിലേക്കും, സന്യസ്ത ജീവിതത്തിലേക്കുമുള്ള ദൈവവിളികളും ഇല്ലാതാകുന്നത് കാണാം.

പാശ്ചാത്യ രാജ്യങ്ങളിലേതുപോലെ സ്ഥിതി അത്ര രൂക്ഷമല്ലെങ്കിലും നമ്മുടെ നാട്ടിലും വൈദിക ജീവിതത്തിലേക്കും സന്യസ്ത ജീവിതത്തിലേക്കും പ്രവേശിക്കുന്നവരുടെ എണ്ണം കുറഞ്ഞു തുടങ്ങിയതിന്റെ കാരണങ്ങൾ പലതാണ്. കാരണം എന്തായാലും ഈ പ്രവണത തുടർന്നാൽ അതിന്റെ പ്രത്യാഘാതം വളരെ വലുതായിരിക്കും എന്നത് നിസംശയമാണ്. ഇത്രയും നാൾ വൈദികരുടെ ശുശ്രൂഷ സുലഭമായി നമുക്കു നൽകിയ ദൈവത്തെ സ്തുതിക്കുന്നതോടൊപ്പം ഇനിയും ഈ ജീവിതത്തിലേക്ക് ധാരാളം പേരെ അയയ്ക്കണമേയെന്ന് കർത്താവിനോട് മുട്ടിപ്പായി പ്രാർത്ഥിക്കുകയും ചെയ്യാം. അതോടൊപ്പം നമ്മുടെ കുടുംബങ്ങളിൽ നിന്ന് വൈദിക ജീവിതത്തിലേക്ക് പ്രവേശിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. അതുപോലെ തന്നെ സന്യാസ ജീവിതത്തിലേക്കും.

സ്കൂൾ വർഷം തീരാൻ പോവുകയാണല്ലോ. 10-ാം ക്ലാസ്സിൽ പഠിക്കുന്ന സൽ സ്വഭാവികളും മിടുക്കരുമായ ആൺകുട്ടികളെ സെമിനാരിയിലേക്ക് പറഞ്ഞുവിടുന്ന കാര്യത്തിൽ മാതാപിതാക്കൾ ശ്രദ്ധിക്കണം. നമ്മുടെ രൂപതാ മൈനർ സെമിനാരിയിലേക്ക് ഇപ്പോൾതന്നെ അപേക്ഷ അയയ്ക്കാവുന്നതാണ്. അതിനായി 10-ാം ക്ലാസ്സ് പരീക്ഷ തീരാൻ കാത്തിരിക്കേണ്ടതില്ല. അപേക്ഷകൾ ബഹു. റെക്ടറച്ചന്റെ പേരിൽ അയയ്ക്കുക. അദ്ദേഹത്തിന്റെ വിലാസം: **Rev. Fr. Thomas Kachirayil, Mount Mary College, P. B. No. 1, Mananthavady-670 645.** നിങ്ങൾക്ക് അച്ചനെ ഫോണിലും ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ : 9446892434. അപേക്ഷകൾ വെള്ളക്കടലാസിൽ എഴുതി നിങ്ങളുടെ ഇടവക വികാരിയച്ചന്റെ സാക്ഷ്യത്തോടുകൂടി അയയ്ക്കണം. അതിവിടെ കിട്ടിക്കഴിയുമ്പോൾ വിശദമായ മറ്റൊരു അപേക്ഷാഫോറം അയച്ചുതരും. അത് പിന്നീട് അയച്ചുകൊടുത്താൽ മതി. സ്കൂൾ അടച്ചു കഴിയുമ്പോൾ ദൈവവിളി ക്യാമ്പും മറ്റും ഉണ്ടാകും. അതിലും നിങ്ങൾ പങ്കെടുക്കണം.

പ്ലസ് ടു ഉൾപ്പെടെ 3 വർഷം മൈനർ സെമിനാരി, അതിനുശേഷം 3 വർഷം ഡിഗ്രി പഠനം, പിന്നീട് 2 വർഷം മേജർ സെമിനാരിയിൽ തത്വശാസ്ത്ര പഠനം, തുടർന്ന് 2 വർഷം പുറത്തു പോയി ജോലി ചെയ്യുകയും അതോടൊപ്പം പഠിക്കുകയും ചെയ്ത് ബിരുദാനന്തര ബിരുദം, അതിനുശേഷം 4 വർഷം ദൈവശാസ്ത്രപഠനം എന്നിങ്ങനെയാണ് നമ്മുടെ രൂപതയിൽ വൈദിക പരിശീലന പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

ഈ വർഷം മാനന്തവാടി രൂപതയ്ക്കായി രൂപതാ മൈനർ സെമിനാരിയിൽ 35 കുട്ടികളാണുള്ളത്. അതിൽ 25 പേർ 1-ാം വർഷക്കാരും 4 പേർ 2-ാം വർഷക്കാരും, 6 പേർ 3-ാം വർഷക്കാരുമാണ്. ആലുവ, കോട്ടയം, കുന്നോത്ത്, തൃശൂർ, പൂന, ഏലൂർ, കൽക്കട്ട, റോം എന്നിവിടങ്ങളിലായി 36 പേർ മേജർ സെമിനാരി പഠനം നടത്തുന്നു. 16 പേർ സെമിനാരിയിലല്ലാതെ ബിരുദാനന്തര ബിരുദ പഠനം നടത്തിക്കൊണ്ടിരിക്കുന്നു.

മുൻകാലങ്ങളിൽ സെമിനാരിയിലെ ചെലവുകൾ വഹിച്ചിരുന്നത് ചില വിദേശ ഏജൻസികളുടെ സഹായത്താലായിരുന്നു. എന്നാൽ

ആഗോള സാമ്പത്തിക മാന്ദ്യവും മറ്റും മൂലം ഈ ഏജൻസികൾക്ക് കിട്ടുന്ന സംഭാവനകൾ വളരെയേറെ കുറഞ്ഞുപോയി. അതിനാൽ അവർ തരുന്ന തുക കൊണ്ടു മാത്രം കുട്ടികളുടെ ചെലവുകൾ നടക്കു കയില്ല. പ്രാദേശികമായി നാം പണം കണ്ടെത്തിയേ മതിയാവൂ. മൈനർ സെമിനാരിയിൽ ഒരു കുട്ടിക്ക് പ്രതിവർഷം ഏകദേശം 45,000 രൂപയും മേജർ സെമിനാരിയിൽ ഏകദേശം 42,000 രൂപയും ചിലവാകുന്നു. അങ്ങനെ ഒരു വർഷം നമുക്കാവശ്യം 3087000 രൂപയാണ്. ഏതാനും വ്യക്തികൾ ഇപ്പോൾ തന്നെ കുട്ടികളുടെ ചിലവിലേക്ക് സംഭാവനകൾ തരുന്നുണ്ട്. അതുപോലെ ഏതാനും ചില സന്യാസിനീ സമൂഹങ്ങളും ഇടവകകളും അങ്ങനെ ചെയ്യുന്നുണ്ട്. അവരെയെല്ലാം ഏറെ നന്ദിയോടെ ഓർക്കുന്നു. എന്നാൽ അവർ തരുന്നതുകൊണ്ട് ഭാഗികമായി മാത്രമേ ചെലവുകൾ നടത്താൻ കഴിയുന്നുള്ളൂ എന്നതുകൊണ്ട് നാം ഇനിയും ഇക്കാര്യത്തിൽ കൂടുതൽ ഉദാരമതികളാകേണ്ടിയിരിക്കുന്നു. കഴിഞ്ഞ വർഷം മൊത്തം നമുക്ക് സെമിനാരി വിദ്യാർത്ഥികൾക്കായി ചെലവാ യത് 1800000 രൂപയാണ്.

പല വേദികളിലും ചർച്ച ചെയ്ത് നമ്മളെടുത്ത തീരുമാനം വൈദിക വിദ്യാർത്ഥികളുടെ പരിശീലന ചിലവ് ഇടവകകൾ പങ്കു വയ്ക്കുക എന്നതാണ്. ചില ഇടവകകൾ ഇപ്പോൾത്തന്നെ ഒരു കുട്ടിക്ക് ആവശ്യമായ തുക സമാഹരിച്ച് ഓരോ വർഷവും തരുന്നുണ്ട് എന്നു സൂചിപ്പിച്ചല്ലോ. അങ്ങനെ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിന് ആനു പാതികമായ തുക കിട്ടത്തക്കവിധം എല്ലാ ഇടവകകളും സഹകരി ക്കണം എന്നാണ് തീരുമാനം.

ഏതാനും വർഷമായി വൈദിക വിദ്യാർത്ഥികളുടെ പരിശീലന ചെലവിനായി നാം ഒരു പൊതു സംഭാവന സമാഹരണം നടത്തുന്നുണ്ട്. ഈ വർഷം അത് മാർച്ച് മാസം 6-ാം തീയതിയാണ് നടത്തേണ്ടത്. ഇക്കാര്യം ബഹു. വികാരിയച്ചന്മാർ മുൻകൂട്ടി പള്ളിയിൽ പറയുകയും അന്നേ ദിവസം കിട്ടുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കാൻ ശ്രമിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങ ളുടെ സംഭാവനകൾക്ക് മുൻകൂട്ടി നന്ദി പറയുന്നു. നിങ്ങൾ കൊടുക്കുന്ന ഓരോ പൈസയും നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ ചാലുകൾ ആകു മെന്നത് നിസ്സംശയമാണ്. നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും

വലിയ അനുഗ്രഹങ്ങൾ അതുവഴി ലഭ്യമാകും. നിങ്ങളുടെ ആദ്ധ്യാത്മിക ആവശ്യങ്ങൾ നിറവേറ്റാൻ ആവശ്യത്തിന് വൈദികർ ഉണ്ടാവുകയും ചെയ്യും. ഉദാരമായി ഏവരും സംഭാവന ചെയ്യുക. കർത്താവിന്റെ കൃപ നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2016 ജനുവരി മാസം 20–ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2016 ഫെബ്രുവരി മാസം 28–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# ലോകരോഗീദിന സന്ദേശം

## 11 ഫെബ്രുവരി 2016

### ഇരുപത്തിനാലാം ലോകരോഗീദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പാ നല്കുന്ന സന്ദേശം

### കാരുണ്യവാനായ യേശുവിനു മറിയത്തെപ്പോലെ സ്വയം സമർപ്പിച്ചുകൊണ്ട്: "അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ" (യോഹ 2:5)

പ്രിയ സഹോദരീ സഹോദരന്മാരേ,

രോഗികളായ പ്രിയ സുഹൃത്തുക്കളേ, നിങ്ങളിലേക്കും നിങ്ങളെ ശുശ്രൂഷിക്കുന്നവരിലേക്കും പ്രത്യേകമാംവിധം എത്തിച്ചേരാൻ ഇരുപത്തിനാലാം ലോകരോഗീദിനം എനിക്കൊരു അവസരം തരുന്നു.

ഈ വർഷം ലോകരോഗീദിനം വിശുദ്ധനാട്ടിൽവച്ച് ആഘോഷ പൂർവം ആചരിക്കുന്നതുകൊണ്ട് കാനായിലെ കല്യാണവിരുന്നിനെ സംബന്ധിച്ച സുവിശേഷ വിവരണത്തെക്കുറിച്ച് (യോഹ 2:1 –11) ധ്യാനിക്കണമെന്നു നിർദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആ സംഭവത്തിൽ യേശു തന്റെ മാതാവിന്റെ മധ്യസ്ഥതമൂലം ആദ്യത്തെ അദ്ഭുതം പ്രവർത്തിച്ചു. ഈ ആചരണ ദിവസത്തേക്കായി തിരഞ്ഞെടുത്തിട്ടുള്ള പ്രമേയം ഇതാണ്: കാരുണ്യവാനായ യേശുവിന് മറിയത്തെപ്പോലെ സ്വയം സമർപ്പിച്ചുകൊണ്ട്: "അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ" (യോഹ 2:5). ഈ പ്രമേയം കാരുണ്യത്തിന്റെ അസാധാരണ ജൂബിലിയുടെ വെളിച്ചത്തിൽ ഏറ്റവും യുക്തമാണ്. ആ ദിവസത്തെ പ്രധാനപ്പെട്ട കുർബാനയാഘോഷം 2016 ഫെബ്രുവരി 11–ന് നടക്കും. ലൂർദ്ദ് മാതാവിന്റെ ആരാധനാപരമായ സ്മരണയായി അത് നസ്രസിൽ വച്ചു തന്നെ നടത്തപ്പെടും. അവിടെ വച്ചാണല്ലോ "വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചത്" (യോഹ 1:14). ലൂക്കാ സുവിശേഷകൻ നമ്മോടു പറയുന്നതുപോലെ യേശു നസ്രസിൽ വച്ച് ഏശയ്യാ പ്രവാചകന്റെ വാക്കുകൾ തന്നോടുതന്നെ പ്രയോഗിച്ചു: "കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും

അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19).

രോഗം, സർവോപരി, ഗൗരവമുള്ള രോഗം എപ്പോഴും മനുഷ്യാസ്തിത്വത്തെ വിഷമഘട്ടത്തിലെത്തിക്കുന്നു. ആഴങ്ങളിലേക്കിറങ്ങുന്ന ചോദ്യങ്ങൾ ഉണർത്തുകയും ചെയ്യുന്നു. നമ്മുടെ ആദ്യത്തെ ഉത്തരം ചിലപ്പോൾ എതിർപ്പിന്റേതായിരിക്കും: എന്തുകൊണ്ട് എനിക്ക് ഇതുസംഭവിച്ചു? എല്ലാം നഷ്ടപ്പെട്ടുവെന്നും ഒന്നിനും ഒരർത്ഥവുമില്ലെന്നും ചിന്തിച്ച് നമ്മൾ നിരാശരാകാം.

ഈ സാഹചര്യങ്ങളിൽ ദൈവവിശ്വാസം ഒരുവശത്ത് പരീക്ഷിക്കപ്പെടുന്നു. എന്നാലും അതേ സമയത്ത് അതിന്റെ ഭാവാത്മ വിഭവങ്ങളെയെല്ലാം വെളിപ്പെടുത്താനും അതിനു കഴിയും. രോഗത്തെയോ വേദനയെയോ അവ ഉണർത്തുന്ന ചോദ്യങ്ങളെയോ വിശ്വാസം തിരോഭവിപ്പിക്കുന്നതുകൊണ്ടു മാത്രമല്ല, പിന്നെയോ നാം അനുഭവിക്കുന്നതിന്റെ അത്യാഗാധമായ അർത്ഥം കണ്ടെത്താനുള്ള താക്കോൽ അതു നല്കുന്നതുകൊണ്ടു കൂടിയാണ് അങ്ങനെ സംഭവിക്കുന്നത്. രോഗം എങ്ങനെ കുരിശിന്റെ ഭാരം പേറിക്കൊണ്ട് നമ്മോടൊത്തു സഞ്ചരിക്കുന്ന യേശുവിലേക്കു അടുക്കാനുള്ള മാർഗമായിത്തീരുന്നുവെന്നു കാണാനുള്ള താക്കോലാണത്. ഈ താക്കോൽ ആ മാർഗത്തെ ആദ്യം അറിഞ്ഞ നമ്മുടെ അമ്മയായ മറിയമാണ് നമുക്കു നല്കുന്നത്.

കാനായിലെ കല്യാണവിരുന്നിൽ മണവാളന്റെയും മണവാട്ടിയുടെയും ഗൗരവപൂർണമായ പ്രശ്നം മനസ്സിലാക്കുന്ന ചിന്താപൂർണയായ സ്ത്രീയാണു മറിയം: ഉത്സവസന്തോഷത്തിന്റെ പ്രതീകമായ വീഞ്ഞ് തീർന്നുപോയെന്നതാണ് ആ പ്രശ്നം. മറിയം ആ പ്രയാസം തിരിച്ചറിയുകയും പ്രത്യേകമായ ഒരുവിധത്തിൽ അതിനെ തന്റേതാക്കുകയും പെട്ടെന്ന് വിവേകപൂർവം പ്രവർത്തിക്കുകയും ചെയ്തു. അവൾ വെറുതേ നോക്കിക്കാണുകയായിരുന്നില്ല. കുറ്റം കണ്ടെത്തുന്നതിനുവേണ്ടി സമയം ചെലവഴിക്കാൻ അത്രപോലും ശ്രമിച്ചില്ല. പിന്നെയോ അവൾ യേശുവിങ്കലേക്കു തിരിയുകയും വസ്തുനിഷ്ഠമായ ആ പ്രശ്നം യേശുവിന്റെ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്തു: "അവർക്കു വീഞ്ഞില്ല" (യോഹ 2:3). സ്വയം വെളിപ്പെടുത്താനുള്ള തന്റെ സമയം ഇനിയും സമാഗതമായില്ലെന്ന് യേശു അവളോടു പറഞ്ഞപ്പോൾ (വാക്യം 4) അവൾ വേലക്കാരോടു പറഞ്ഞു: "അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ" (വാക്യം 5). യേശു വെള്ളം വീഞ്ഞാക്കിക്കൊണ്ട് അദ്ഭുതം

പ്രവർത്തിച്ചു. പെട്ടെന്ന് ആ ആഘോഷത്തിനിടയിൽ ലഭ്യമായ ഏറ്റവും നല്ല വീഞ്ഞായിരുന്നു അത്. കാനായിലെ വിവാഹവിരുന്നിന്റെ ഈ രഹസ്യത്തിൽ നിന്ന് ലോകരോഗീദിനത്തെ സംബന്ധിച്ച് എന്തു പ്രബോധനമാണു ഗ്രഹിക്കാനുള്ളത്?

കാനായിലെ കല്യാണവിരുന്ന് സഭയുടെ ഒരു പ്രതീകമാണ്. തന്റെ കാരുണ്യംകൊണ്ട് ഒരു അടയാളം പ്രവർത്തിക്കുന്ന യേശു അതിന്റെ മധ്യത്തിലുണ്ട്. നവീനസമൂഹത്തിന്റെ ആദ്യഫലങ്ങളായ ശിഷ്യന്മാർ അവിടുത്തെ ചൂഴ്ന്നുനില്ക്കുന്നു. അനുഗ്രഹദായികയും പ്രാർത്ഥനാനിർഭരയുമായ ദിവ്യമാതാവ് യേശുവിന്റെയും ശിഷ്യരുടെയും സമീപത്തു നിലകൊള്ളുന്നു. മറിയം സാധാരണജനത്തിന്റെ സന്തോഷത്തിൽ പങ്കുകൊള്ളുന്നു. ആ സന്തോഷം വർധിപ്പിക്കാൻ സഹായിക്കുന്നു. വധുവരന്മാരുടെയും ക്ഷണിക്കപ്പെട്ട സകല അതിഥികളുടെയും പേരിൽ അവൾ തന്റെ പുത്രനോട് മധ്യസ്ഥയെന്ന നിലയിൽ അപേക്ഷിക്കുന്നു. യേശു തന്റെ അമ്മയുടെ അപേക്ഷ നിരസിക്കുന്നുമില്ല. ആ സംഭവത്തിൽ നമുക്ക് എല്ലാവർക്കും എത്രമാത്രം പ്രത്യാശയുണ്ട്! കാരുണ്യവും സൂക്ഷ്മതയും നിറഞ്ഞ കണ്ണുകളുള്ള ഒരമ്മ നമുക്കുണ്ട്. അവളുടെ പുത്രനെപ്പോലെതന്നെയാണവൾ. അവളുടെ പുത്രനുള്ളതുപോലെ മാതൃസഹജവും കരുണാപൂർണവുമായ ഒരു ഹൃദയമുണ്ട്. സഹായിക്കാൻ ആഗ്രഹിക്കുന്ന കൈകളുണ്ട്. വിശക്കുന്നവർക്ക് അപ്പം മുറിച്ചുകൊടുക്കുകയും രോഗികളെ സ്പർശിച്ച് സുഖപ്പെടുത്തുകയും ചെയ്ത കൈകളുണ്ട്. ഇതെല്ലാം നമ്മെ ആത്മധൈര്യംകൊണ്ടു നിറയ്ക്കുകയും ക്രിസ്തുവിന്റെ കൃപയിലേക്കും കാരുണ്യത്തിലേക്കും നമ്മുടെ ഹൃദയങ്ങളെ തുറക്കുകയും ചെയ്യുന്നു. വിശുദ്ധ പൗലോസ് ശ്ലീഹാ ഏത് ആശ്വാസത്തെപ്രതി ദൈവത്തെ വാഴ്ത്തിസ്തുതിച്ചുവോ ആ ആശ്വാസം അനുഭവിക്കാൻ മറിയത്തിന്റെ മധ്യസ്ഥത നമ്മെ സഹായിക്കുന്നു: "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവും കരുണയുടെ പിതാവും സകല സമാശ്വാസത്തിന്റെയും ദൈവവുമായവൻ വാഴ്ത്തപ്പെട്ടവനാകട്ടെ. ദൈവം ഞങ്ങൾക്കു നല്കുന്ന സാന്ത്വനത്താൽ ഓരോതരത്തിലുള്ള വ്യഥകളനുഭവിക്കുന്നവരെ ആശ്വസിപ്പിക്കാൻ ഞങ്ങൾ ശക്തരാകേണ്ടതിനും ഞങ്ങൾ ദൈവത്തിൽ നിന്ന് അനുഭവിക്കുന്ന അതേ ആശ്വാസം തന്നെ അവരും അനുഭവിക്കേണ്ടതിനും അവിടുന്ന് ഞങ്ങളെ എല്ലാ ക്ലേശങ്ങളിലും സമാശ്വസിപ്പിക്കുന്നു. ക്രിസ്തുവിന്റെ സഹനങ്ങളിൽ ഞങ്ങൾ സമൃദ്ധമായി പങ്കുചേരുന്നതുപോലെ ക്രിസ്തുവിലൂടെ സമാശ്വാസത്തിലും ഞങ്ങൾ

സമൃദ്ധമായി പങ്കുചേരുന്നു" (2 കോറി 1:3-5). മറിയം തന്റെ മക്കളെ ആശ്വസിപ്പിക്കുന്ന "ആശ്വസിപ്പിക്കപ്പെട്ട" അമ്മയാണ്.

യേശുവിന്റെയും അവിടുത്തെ ദൗത്യത്തിന്റെയും വ്യതിരിക്തമായ സവിശേഷതകൾ സുവ്യക്തമായി കാണാം. യഥാർത്ഥത്തിൽ അവിടുന്ന് തന്റെ മിശിഹാപരമായ ശുശ്രൂഷയുടെ കാലത്ത് അനേകരുടെ രോഗങ്ങളും ദൗർബല്യവും സുഖപ്പെടുത്തി ദുർഭൂതത്തിൽ നിന്നു രക്ഷിച്ചു. അന്ധർക്ക് കാഴ്ച നല്കി. മുടന്തരെ നടത്തി. കുഷ്ഠരോഗികൾക്ക് ആരോഗ്യവും മഹത്ത്വവും തിരിച്ചുനല്കി, മൃതരെ ഉയിർപ്പിച്ചു, ദരിദ്രരോടു സുവിശേഷം പ്രസംഗിക്കുകയും ചെയ്തു (cf ലൂക്കാ 7:21-22). വിവാഹ മഹോത്സവസമയത്ത്, മറിയത്തിന്റെ മാതൃഹൃദയത്തോടുള്ള പരിശുദ്ധാത്മാവിന്റെ നിർദേശപ്രകാരം മറിയം നടത്തിയ അഭ്യർത്ഥന ഒരു കാര്യം വ്യക്തമായി കാണിക്കുന്നു. അതായത് ക്രിസ്തുവിന്റെ മിശിഹാപരമായ ശക്തി മാത്രമല്ല അവിടുത്തെ കാരുണ്യവും അവളുടെ അഭ്യർത്ഥന വ്യക്തമാക്കുന്നു.

മറിയത്തിനുള്ള താത്പര്യത്തിൽ ദൈവത്തിന്റെ കാരുണ്യം പ്രതിഫലിച്ചു നാം കാണുന്നു. രോഗികളെ, ഏറ്റവും നിസ്സാരരായിട്ടുള്ളവരെപോലും, ശുശ്രൂഷിക്കുകയും അവരുടെ ആവശ്യങ്ങൾ ഗ്രഹിക്കുകയും ചെയ്യുന്നവരുടെ ജീവിതങ്ങളിൽ ഇതേ കാരുണ്യം സന്നിഹിതമാണ്. കാരണം, അവർ രോഗികളെ സ്നേഹം നിറഞ്ഞ കണ്ണുകൾകൊണ്ടു കാണുന്നു. രോഗിയായ ശിശുവിന്റെ കിടക്കയ്ക്കരികേ നില്കുന്ന ഒരമ്മ, അല്ലെങ്കിൽ വാർധക്യത്തിലെത്തിയ മാതാവിനെയോ പിതാവിനെയോ ശുശ്രൂഷിക്കുന്ന ഒരു സന്താനം അല്ലെങ്കിൽ അപ്പൂപ്പനെയോ അമ്മൂമ്മയെയോ ശുശ്രൂഷിക്കുന്ന ഒരു പൗത്രനോ പൗത്രിയോ എത്രയോ പ്രാവശ്യം കന്യകാമാതാവിനോടു പ്രാർത്ഥിച്ചിട്ടുണ്ടാവും! എന്തെന്നാൽ നമ്മൾ സ്നേഹിക്കുന്ന രോഗബാധിതർക്കുവേണ്ടി നാം ആദ്യം ചെയ്യുന്നത് അവരുടെ ആരോഗ്യത്തിനുവേണ്ടി പ്രാർത്ഥിക്കുകയെന്നതാണ്. യേശു തന്നെ ദൈവരാജ്യത്തിന്റെ സാന്നിധ്യം പ്രകടമാക്കിയത് സവിശേഷമാംവിധം സുഖപ്പെടുത്തലിലൂടെയാണ്: നിങ്ങൾ കേൾക്കുന്നതും കാണുന്നതും പോയി യോഹന്നാനെ അറിയിക്കുവിൻ. അന്ധന്മാർ കാഴ്ചപ്രാപിക്കുന്നു. മുടന്തന്മാർ നടക്കുന്നു. കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെടുന്നു. ബധിരർ കേൾക്കുന്നു. മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നു. ദരിദ്രരോട് സുവിശേഷം പ്രഘോഷിക്കപ്പെടുന്നു (മത്താ 11:4-5). എന്നാൽ അവർക്കുവേണ്ടി ശാരീരിക സൗഖ്യത്തെക്കാൾ കൂടിയ ഒന്നിനായി പ്രാർത്ഥിക്കാൻ വിശ്വാസത്താൽ പ്രേരിതമായ വിശ്വാസം നമ്മെ

പ്രേരിപ്പിക്കുന്നു. സമാധാനത്തിനുവേണ്ടി, ഹൃദയത്തിൽ നിന്നു വരുന്നതും ദൈവികദാനമായിട്ടുള്ളതുമായ പ്രശാന്തതയ്ക്കുവേണ്ടി നാം പ്രാർത്ഥിക്കുന്നു. വിശ്വാസത്തോടെ തന്നോടു യാചിക്കുന്നവർക്ക് പിതാവ് ഒരിക്കലും നിഷേധിക്കാത്ത പരിശുദ്ധാത്മാവിന്റെ ഫലത്തിനായി നാം പ്രാർത്ഥിക്കുന്നു.

കാനായിലെ സംഭവത്തിൽ യേശുവും മറിയവും മാത്രമല്ല ഉള്ളത്. "സേവകരുമുണ്ട് ". അവരോടാണ് "അവൻ പറയുന്നത് നിങ്ങൾ ചെയ്യുവിൻ" (യോഹ 2:5) എന്ന് അവൾ പറഞ്ഞത്. സ്വാഭാവികമായ ക്രിസ്തുവിന്റെ പ്രവൃത്തിയായി അദ്ഭുതം സംഭവിക്കുന്നു. എന്നാലും ഈ അദ്ഭുതകൃത്യം നിർവഹിക്കാൻ മാനുഷിക സഹായം ഉപയോഗിക്കുന്നതിന് ക്രിസ്തു ആഗ്രഹിക്കുന്നു. ഭരണികളിൽ നേരിട്ട് വീഞ്ഞു നിറയ്ക്കാൻ അവിടുത്തേക്കു കഴിയുമായിരുന്നു. എന്നാലും മാനുഷിക സഹകരണത്തെ ആശ്രയിക്കാൻ അവിടുന്ന് ആഗ്രഹിച്ചു. അതുകൊണ്ട് ഭരണികളിൽ വെള്ളം നിറയ്ക്കാൻ അവിടന്നു സേവകരോടു പറഞ്ഞു. മറ്റുള്ളവരുടെ ദാസന്മാരായിരിക്കുകയെന്നത് എത്ര വിസ്മയനീയവും ദൈവത്തിന് എത്ര പ്രീതികരവുമാണ്! മറ്റെന്തിനെക്കാൾ കൂടുതലായി ഇത് നമ്മെ ക്രിസ്തുവിനോടു സദൃശ്യരാക്കുന്നു. "സേവിക്കപ്പെടാനല്ലാതെ സേവിക്കാൻ വേണ്ടി വന്നവനാണ്" (മർക്കോ 10:45)അവിടുന്ന്. സുവിശേഷത്തിൽ പേരുപറയപ്പെടാത്ത ഇവർ നമ്മെ ഏറെ കാര്യങ്ങൾ പഠിപ്പിക്കുന്നു. അവർ അനുസരിക്കുക മാത്രമല്ല ചെയ്തത്. അവർ ഔദാര്യപൂർവം അനുസരിക്കുക കൂടി ചെയ്തു. അവർ ഭരണികൾ വക്കോളം നിറച്ചു (cf യോഹ 2:7). അവർ അമ്മയെ വിശ്വസിക്കുകയും പരാതിയോ വീണ്ടുവിചാരമോ ഇല്ലാതെ പെട്ടെന്ന് നന്നായി പ്രവർത്തിക്കുകയും ചെയ്തു.

ഈ ലോകരോഗീദിനത്തിൽ കാരുണ്യവാനായ യേശുവിനോടു നമുക്കു പ്രാർത്ഥിക്കാം. അവിടുത്തെയും നമ്മുടെയും അമ്മയായ മറിയത്തിന്റെ മധ്യസ്ഥതയിലൂടെ പ്രാർത്ഥിക്കാം. ആവശ്യത്തിൽപ്പെട്ടവരെ, പ്രത്യേകിച്ച് രോഗികളായ നമ്മുടെ സഹോദരീസഹോദരന്മാരെ സഹായിക്കാൻ ആ സന്നദ്ധത നമുക്കു നല്കാൻവേണ്ടി പ്രാർത്ഥിക്കാം. ചിലപ്പോൾ ഈ സേവനം ക്ലേശകരവും ദുർവഹവുമായിരിക്കും. എന്നാലും നമ്മുടെ മാനുഷിക പരിശ്രമങ്ങളെ കർത്താവ് തീർച്ചയായും ദൈവിക പരിശ്രമങ്ങളാക്കുമെന്നു നമുക്ക് തീർച്ചയുണ്ട്. ദൈവത്തിന് അദ്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള കൈകളായിരിക്കാൻ നമുക്കു കഴിയും. ആ അദ്ഭുതങ്ങൾ മിക്കപ്പോഴും നിഗൂഢങ്ങളായിരിക്കും. കാനാ

യിലെ വിവാഹമഹോത്സവത്തിൽ ഭരണികളിൽ നിറയ്ക്കപ്പെടുകയും ഏറ്റവും നല്ല വീഞ്ഞായിത്തീരുകയും ചെയ്ത ജലംപോലെ നമ്മുടെ അധ്വാനവും സഹനവും-നമ്മൾ രോഗമില്ലാത്തവരായാലും രോഗമുള്ള വരായാലും-സമർപ്പിക്കാൻ നമുക്കു കഴിയും. രോഗത്തിലെന്നപോലെ തന്നെ രോഗമുള്ളവരെ പ്രശാന്തതയോടെ സഹായിച്ചുകൊണ്ട് നമുക്ക് നമ്മുടെ അനുദിന കുരിശുകളെ തോളിലേറ്റുകയും ഗുരുവിനെ അനുഗമിക്കുകയും ചെയ്യാം (cf ലൂക്കാ 9:23) പീഡാസഹനം എപ്പോഴും ഒരു രഹസ്യമായി തുടരും. എന്നാലും അതിന്റെ അർത്ഥം കണ്ടെത്താൻ യേശു നമ്മെ സഹായിക്കും.

"അവൻ പറയുന്നതു നിങ്ങൾ ചെയ്യുവിൻ" എന്ന് പറയുന്ന മറിയത്തിന്റെ വചനങ്ങൾ അനുസരിക്കാൻ നാം പഠിച്ചാൽ യേശു നമ്മുടെ ജീവിതമാകുന്ന ജലത്തെ എപ്പോഴും അമൂല്യമായ വീഞ്ഞാക്കി മാറ്റും. അങ്ങനെ, വിശുദ്ധ നാട്ടിൽ ആഘോഷിക്കപ്പെടുന്ന ഈ ആഗോള രോഗീ ദിനാചരണം കാരുണ്യത്തിന്റെ അസാധാരണ ജൂബിലിയാഘോഷിക്കാനുള്ള കല്പനയിൽ ഞാൻ പ്രകടിപ്പിച്ച പ്രത്യാശ നിറവേറ്റാൻ സഹായിക്കും: "ദൈവകാരുണ്യത്തെ ആഘോഷിക്കുന്ന ഈ വർഷം യഹൂദ മതം, ഇസ്ലാം മതം എന്നിവയെയും മറ്റുള്ള ശ്രേഷ്ഠമായ മതപാരമ്പര്യങ്ങളെയും കണ്ടുമുട്ടാൻ സഹായകമാകുമെന്നു ഞാൻ പ്രത്യാശിക്കുന്നു. കൂടുതൽ തീക്ഷ്ണതയുള്ള സംഭാഷണത്തിലേക്കു നമ്മെ നയിക്കട്ടെ. നമ്മൾ പരസ്പരം കൂടുതൽ നന്നായി അറിയുന്നതിനും മനസ്സിലാക്കുന്നതിനും കൂടുതൽ തീവ്രതയുള്ള സംഭാഷണത്തിലേക്കു അതു നമ്മെ നയിക്കാൻ ഇടയാകട്ടെ. മാനസിക തുറവില്ലായ്മയുടെയും അനാദരവിന്റെയും എല്ലാ രൂപങ്ങളും അത് ഇല്ലാതാക്കട്ടെ. അക്രമത്തിന്റെയും വിവേചനത്തിന്റെയും എല്ലാ രൂപങ്ങളെയും അതു മാറ്റിക്കളയട്ടെ" (കാരുണ്യത്തിന്റെ മുഖം 23). കണ്ടുമുട്ടലിന്റെ സംസ്കാരവും സമാധാനവും വളരുന്ന ദൃശ്യമായ അടയാളവും വേദിയുമായി മാറാൻ ഓരോ ആശുപത്രിക്കും നേഴ്സിംഗ് ഹോമിനും കഴിയും. അവിടെ രോഗത്തിന്റെയും സഹനത്തിന്റെയും അനുഭവം വിദഗ്ദതൊഴിൽപരവും സഹോദരപരവുമായ സഹായത്തോടെ ഓരോ പരിധിയെയും വിഭജനത്തെയും കീഴടക്കാൻ അവ സഹായിക്കും.

കഴിഞ്ഞ മേയ്മാസത്തിൽ വിശുദ്ധരുടെ പട്ടികയിൽ ചേർക്കപ്പെട്ട വിശുദ്ധ മരിയേ-അൽഫോൻസിനെ ദാനിയേൽ ഘട്ടാസ്, ക്രൂശിതനായ യേശുവിന്റെ വിശുദ്ധ മേരി ബൗവാർഡി എന്നീ സന്ന്യസ്ത സഹോദരിമാർ നമുക്ക് ഇക്കാര്യത്തിൽ മാതൃകയായിട്ടുണ്ട്. അവർ രണ്ടുപേരും

വിശുദ്ധ നാടിന്റെ പുത്രിമാരാണ്. ആദ്യത്തെ വിശുദ്ധ ശാന്തതയുടെയും ഐക്യത്തിന്റെയും സാക്ഷിയായിരുന്നു. പരസ്പര ഉത്തരവാദിത്വത്തോടെ ജീവിക്കുന്നതിന്റെ പ്രാധാന്യത്തിന്, പരസ്പരം സേവനം ചെയ്തുകൊണ്ടു ജീവിക്കുന്നതിന്, വ്യക്തമായ സാക്ഷ്യം നല്കിയ വ്യക്തിയാണ്. രണ്ടാമത്തെ വിശുദ്ധ വിദ്യാഭ്യാസമില്ലാത്ത വിനീതയായ വ്യക്തിയാണ്. അവൾ പരിശുദ്ധാത്മാവിനു വിധേയയായി, മുസ്ലീം ലോകത്തെ കണ്ടുമുട്ടുന്നതിനുള്ള ഉപകരണമായി.

രോഗികളെയും സഹിക്കുന്നവരെയും സഹായിക്കുന്ന എല്ലാവർക്കും കാരുണ്യത്തിന്റെ അമ്മയായ മറിയത്തിൽ നിന്ന് പ്രചോദനം സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അവളുടെ മുഖത്തിന്റെ മാധുര്യം ഈ വിശുദ്ധവർഷത്തിൽ നമ്മെ നിരീക്ഷിച്ചുകൊണ്ടിരിക്കട്ടെ. ദൈവത്തിന്റെ കാരുണ്യത്തിന്റെ സന്തോഷം നാമെല്ലാവരും വീണ്ടും കണ്ടെത്തുന്നതിനു വേണ്ടിത്തന്നെ (ibid 24). കാരുണ്യം നമ്മുടെ ഹൃദയങ്ങളിൽ വസിക്കുന്നതിനും നമ്മുടെ പ്രവൃത്തികളിൽ അത് പ്രകടിപ്പിക്കുന്നതിനും ഇടയാകട്ടെ. നമ്മുടെ പരീക്ഷകളെയും ക്ലേശങ്ങളെയും നമ്മുടെ സന്തോഷത്തോടും സമാശ്വാസത്തോടും കൂടെ കന്യകാമറിയത്തിനു സമർപ്പിക്കാം. അവളുടെ കാരുണ്യത്തിന്റെ കണ്ണുകൾ നമ്മുടെ നേരെ തിരിക്കാൻ, പ്രത്യേകിച്ച് വേദനയുടെ സമയത്ത് അങ്ങനെ ചെയ്യാൻ അവളോട് അപേക്ഷിക്കാം. അവളുടെ പുത്രനായ യേശുവിന്റെ കരുണാർദ്രമായ മുഖം ഇന്നും എന്നും കാണാൻ നമ്മെ യോഗ്യരാക്കുന്നതിനുവേണ്ടി യാചിക്കാം.

നിങ്ങൾക്കു എല്ലാവർക്കും വേണ്ടിയുള്ള ഈ പ്രാർത്ഥനയോടെ എന്റെ അപ്പസ്തോലികാശീർവാദം ഞാൻ അയയ്ക്കുന്നു.

വത്തിക്കാനിൽ നിന്ന്, 15 സെപ്തംബർ 2015,

ദുഃഖങ്ങളുടെ അമ്മയുടെ സ്മരണദിനം

**ഫ്രാൻസിസ് മാർപാപ്പാ**

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ഫെബ്രുവരി 7 ന് ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും ഫെബ്രുവരി 15 ന് ബഹു. ജെയിംസ് കരോട്ടച്ചന്റെയും മരണവാർഷിക ദിനങ്ങളാണ്. ഇരുവരെയും നമ്മുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കാം. ഫെബ്രുവരി 7 ന് രാവിലെ 7 മണിക്ക് വിയാനിഭവൻ ചാപ്പലിൽ വി.കുർബാനയും തുടർന്ന് സിമിത്തേരിയിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്.

**ബഹു. ജോർജ്ജ് മൂലയിൽ അച്ചന്റെ ഒന്നാം ചരമവാർഷികം**

മാനന്തവാടി രൂപതയുടെ മുൻ വികാരിജനറാളായിരുന്ന ബഹു. ജോർജ് മൂലയിൽ അച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടിട്ട് മാർച്ച് 3 ന് ഒരു വർഷം തികയുന്നു. അന്നേ ദിവസം വി. ബലിയിലും പ്രാർത്ഥനയിലും അച്ചനെ നമുക്ക് അനുസ്മരിക്കാം. മാർച്ച് 3 വ്യാഴാഴ്ച രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് അച്ചനു വേണ്ടി വി.ബലിയും തുടർന്ന് സിമിത്തേരിയിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്.

**തിരുബാലസഖ്യം ഫെബ്രുവരി 14**

ഫെബ്രുവരി 14 ന് തിരുബാലസഖ്യദിനമായി ആചരിക്കുന്നു. അതു കഴിഞ്ഞുവരുന്ന ഞായറാഴ്ച ഫെബ്രുവരി 21 ലെ സ്തോത്രകാഴ്ച തിരുബാലസഖ്യപ്രവർത്തനങ്ങൾക്കായ് അയച്ചുകൊടുക്കുവാൻ എത്രയും വേഗം രൂപതാകേന്ദ്രത്തിലെത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഏ. കെ. സി. സി. മഹാസംഗമം**

ഫെബ്രുവരി 20 ന് നടത്തുന്ന ഏ.കെ.സി.സി മഹാസംഗമത്തിന് വേണ്ടിയുള്ള ഒരുക്കങ്ങൾ നടക്കുകയാണല്ലോ. അഭിവന്ദ്യ പിതാവ് സർക്കുലറിൽ പറഞ്ഞിരിക്കുന്നതുപോലെ കഴിയുന്നത്ര ആളുകളെ പങ്കെടുപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. അന്നത്തെ ചെലവിലേയ്ക്കായി ഫെബ്രുവരി 14 ന് ഇടവകകളിൽ പ്രത്യേക പിരിവ് എടുക്കുന്ന കാര്യം ഓർക്കുമല്ലോ.

**ഭക്തസംഘടനകളുടെ ഭാരവാഹികളുടെ യോഗം**

നമ്മുടെ രൂപതയിലെ ഭക്തസംഘടനകളുടെ രൂപതാഭാരവാഹികളുടെ ഒരു യോഗം ഫെബ്രുവരി 27 ന് ശനിയാഴ്ച രാവിലെ 10.30 മുതൽ 1.00 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്നതാണ്. എല്ലാ ഭാരവാഹികളും ഡയറക്ടർമാരും യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**നന്ദി**

നമ്മുടെ രൂപതയിൽ സ്തുത്യർഹമായവിധം സേവനം ചെയ്ത ശേഷം തങ്ങളുടെ രൂപതയിലേയ്ക്കും സന്യാസ സമൂഹത്തിലേയ്ക്കും തിരികെ പോകുന്ന റവ. ഫാ. ഷിബു തുരുത്തിപള്ളി (മണ്ഡ്യ), റവ. ഫാ. ജോസഫ് അറുപതിൽ, (നോർബർട്ടൈൻ), എന്നിവർക്ക് രൂപത മുഴുവന്റെയും ഹൃദയപൂർവ്വകമായ നന്ദി അറിയിക്കുന്നു.

**24 മണിക്കൂർ ആരാധന**

കാരുണ്യവർഷം പ്രമാണിച്ച് പരിശുദ്ധ പിതാവിന്റെ ആഹ്വാനമനുസരിച്ചുള്ള 24 മണിക്കൂർ ആരാധന നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും സാധിക്കുന്ന സ്ഥാപനങ്ങളിലും വലിയ ആഴ്ചയ്ക്ക് തൊട്ടു മുമ്പുള്ള വെള്ളിയാഴ്ചയും ശനിയാഴ്ചയും (മാർച്ച് 18-19) നടത്തേണ്ടതാണ്. വിശദവിവരങ്ങൾ അടുത്ത മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**പാസ്റ്ററൽ കൗൺസിൽ**

ഇപ്പോൾ രൂപീകരിച്ചുകൊണ്ടിരിക്കുന്ന രൂപതാ പാസ്റ്ററൽ കൗൺസലിന്റെ ആദ്യ സമ്മേളനം ഫെബ്രുവരി 13 ന് ശനിയാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്. അംഗങ്ങൾക്ക് കത്തുകൾ അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ ആർക്കെങ്കിലും കിട്ടാതെ വന്നാൽ ഇത് ഒരു അറിയിപ്പായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പ്രസ്ബിറ്ററൽ കൗൺസിൽ** ( Presbyteral Council)

പ്രസ്ബിറ്ററൽ കൗൺസിലിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ ബാലറ്റ് പേപ്പർ എല്ലാ വൈദികർക്കും അയച്ചിട്ടുണ്ട്. വോട്ടുകൾ രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ ഫെബ്രുവരി 20 ന് എങ്കിലും എത്തിച്ച് തരേണ്ടതാണ്. അതിന് ശേഷം വരുന്നവ പരിഗണിക്കുന്നതല്ല. പുതിയതായി രൂപീകരിക്കുന്ന പ്രസ്ബിറ്ററൽ കൗൺസിലിന്റെ ആദ്യയോഗം

മാർച്ച് 16 ബുധനാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ ബിഷപ്പ്സ് ഹൗസിൽ വച്ച് ചേരുന്നതാണ്.

**വൈദിക സമ്മേളനം** (Priests' Conference)

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു യോഗം 2016 മാർച്ച് 17 വ്യാഴാഴ്ച രാവിലെ 10.30 മുതൽ 2 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. ആ ദിവസത്തെ പരിപാടികൾ മുൻകൂട്ടി ക്രമീകരിച്ച് ബഹു. വൈദികർ യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## Appointment

Rev Fr Sebastian Puthen: Director, Radio Mattoli (W.e.f.01-01-2016)

**അഭിനന്ദനങ്ങൾ**



മേരിമാതാ കോളേജിന്റെ പുതിയ പ്രിൻസിപ്പാളായി നിയമിതനായിരിക്കുന്ന ഡോ. സാവിയോ ജെയിംസ് പി. സാറിന് അഭിനന്ദനങ്ങളും പ്രാർത്ഥനാനിർഭരമായ വിജയാശംസകളും.

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## കരുണയുടെ വർഷം ചെയ്യാവുന്ന കർമ്മ പരിപാടികൾ

കരുണയുടെ വർഷത്തിൽ പൊതുവായി ചെയ്യാവുന്ന ഏതാനും കാര്യങ്ങൾ ചുവടെ ചേർക്കുന്നു.സമുചിതമാം വിധം ഈ ജൂബിലി വർഷം ആചരിക്കാൻ ഇവ സഹായിക്കും എന്നു പ്രതീക്ഷിക്കുന്നു.

നീതിയിലും നിയമത്തിലും അവസാനിപ്പിക്കാതെ മനുഷ്യനു വേണ്ടി കാരുണ്യത്തിന്റെ കവാടം തുറക്കുന്ന ദൈവത്തിന്റെ കരുണയെ ഓർമ്മിപ്പിക്കുന്ന വർഷം. ദൈവം കരുണ ചൊരിയുന്ന അവസരത്തിൽ മാത്രമേ മനുഷ്യന് ദൈവത്തിന്റെ മുമ്പിൽ നിൽക്കാൻ പറ്റൂ. കാരുണ്യ തുരുത്തുകൾ കലാപ ഭൂമിയായി മാറുന്ന സാഹചര്യത്തിൽ, സഭ ഉള്ളിടത്തൊക്കെ കാരുണ്യത്തിന്റെ മരുപ്പച്ച കണ്ടെത്താനാവണം എന്ന് പരിശുദ്ധ പിതാവ് ഓർമ്മപ്പെടുത്തുന്നു.

ദൈവത്തിന്റെ കരുണ അനുഭവിച്ചവർക്കേ അത് നല്കാനും സാധിക്കുകയുള്ളൂ.അതുകൊണ്ട് ഈ കാരുണ്യവർഷത്തിൽ ദൈവത്തിന്റെ കരുണ സ്വീകരിക്കാനും അനുഭവിച്ചറിയാനുമുള്ള മാർഗ്ഗങ്ങൾ നമുക്ക് ഊർജ്ജിതപ്പെടുത്താം.

1. അനുരഞ്ജന കൂദാശയെ കേന്ദ്രസ്ഥാനത്തേക്ക് കൊണ്ടുവരിക, കുമ്പസാരത്തിന്റെ പ്രാധാന്യം ജനങ്ങളെ ഓർമ്മപ്പെടുത്തുക. പ്രാർത്ഥന, ആരാധന എന്നിവയോടുകൂടി കുമ്പസാരത്തിന് അവസരമൊരുക്കുക.
2. നമ്മുടെ ദേവാലയങ്ങളിൽ സ്ഥിരമായ കുമ്പസാര സമയങ്ങൾ ഏർപ്പെടുത്തുക.
3. പൂർണ്ണ ദണ്ഡവിമോചനത്തിനായി സഭാതനയരെ ഒരുക്കുക. കാരുണ്യവർഷത്തിലെ ദണ്ഡവിമോചന സാധ്യതകളെക്കുറിച്ച് ജനങ്ങളെ അറിയിക്കുക, തെറ്റിദ്ധാരണകൾ അകറ്റുക, ബോധവൽക്കരിക്കുക. (മാനന്തവാടി രൂപത ബുള്ളറ്റിൻ 2016 ജനുവരി പേജ് 25 – 30 കാണുക).
4. സ്നേഹം, കാരുണ്യം, വിശ്വാസം,നീതി ഇവ അടിസ്ഥാനമാക്കിയുള്ള ഇടവക ധ്യാനങ്ങൾ സംഘടിപ്പിക്കുക. ശാപത്തിന്റെയും, കുറ്റബോധത്തിലേക്കും, നിരാശയിലേക്കും അന്ധവിശ്വാസത്തിലേക്കും തള്ളിവിടുന്ന ധ്യാനങ്ങൾ/ പ്രസംഗങ്ങൾ ഉപേക്ഷിക്കുക.

ഇങ്ങനെ ദൈവത്തിന്റെ കരുണ സ്വീകരിക്കുക മറ്റുള്ളവരോട് കരുണ കാണിക്കുക. 'കാരുണ്യം എന്നത് സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഒരു പ്രവൃത്തി മാത്രമല്ലെന്നും ആരാണ് അവിടുത്തെ യഥാർത്ഥ മക്കൾ

എന്നതു നിശ്ചയിക്കുന്നതിനുള്ള ഒരു മാനദണ്ഡമാണെന്നും യേശു തറപ്പിച്ചു പറയുന്നു. ആദ്യം നമ്മളോടു കാരുണ്യം കാണിക്കപ്പെട്ട തിനാൽ നമ്മളും കാരുണ്യം കാണിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.'(കാരുണ്യത്തിന്റെ മുഖം: 9)

**ആരോടാണ് കരുണ കാണിക്കേണ്ടത് ?**

**(A) അവനവനോട് തന്നെ -സ്വന്തം ആത്മാവിനോടും ശരീരത്തോടും.** നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ആത്മാവിനെ ദൈവം അസൂയയോടെ അഭിലഷിക്കുന്നു.(യാക്കോബ് 4/ 5)

5. ആത്മാവിന് ആവശ്യമായവ നൽകുക (പ്രാർത്ഥന, ധ്യാനം)
6. അമിതമായ ജോലി, അനാവശ്യ ടെൻഷൻ, സ്ട്രസ്സ് ഇവയെ നിയന്ത്രിക്കുക- ജീവിതത്തിന് ഇത്രമാത്രം സ്പീഡ് ആവശ്യമുണ്ടോ? മറ്റുള്ളവർക്കായി അൽപ്പം കൂടെ സമയം കണ്ടെത്താം.
7. 'ആരോഗ്യത്തിന് ഹാനികരമായവ' ഉപേക്ഷിക്കാൻ ജനത്തെ പ്രബോധിപ്പിക്കുക. (മദ്യം, മയക്കുമരുന്ന്, പുകവലി തുടങ്ങിയവ).
8. ദേവാലയങ്ങളിലും വീടുകളിലും 136-ാം സങ്കീർത്തനം ചൊല്ലുക.
9. ദൈവകാരുണ്യവുമായി ബന്ധപ്പെടു ഭക്താഭ്യാസങ്ങൾ പ്രോത്സാഹിപ്പിക്കുക. (കരുണക്കൊന്ത, കരുണയുടെ നൊവേന മുതലായവ)
10. വലിയ നോമ്പിൽ വലിയ ആഴ്ചക്ക് തൊട്ട് മുമ്പുള്ള വെള്ളിയാഴ്ചയും ശനിയാഴ്ചയും 'കർത്താവിനുവേണ്ടി 24 മണിക്കൂർ'- സംഘടിപ്പിക്കുക-പ്രാർത്ഥന, ആരാധന, കുമ്പസാരം, ദണ്ഡ വിമോചനം എന്നിവയ്ക്ക് അവസരമൊരുക്കുക

**(B) മറ്റുള്ളവരോട് കരുണ കാണിക്കുക** (അപരന്റെ മുഖം വേദമായി കരുതുക)

11. ശാരീരികവും ആത്മീയവുമായ കാരുണ്യപ്രവൃത്തികൾ പ്രോത്സാഹിപ്പിക്കുക
12. മറ്റുള്ളവരെ വിധിക്കാതിരിക്കുക- മറ്റുള്ളവരിലെ നൻമ കണ്ടെത്തുക- പ്രോത്സാഹിപ്പിക്കുക.
13. കാരുണ്യ പ്രവൃത്തികൾ പതിനാലും ഞായറാഴ്ച പ്രസംഗങ്ങളിൽ പഠനവിഷയമാക്കുക. കാരുണ്യത്തിന്റെ മുഖം, കരുണാസമ്പന്നൻ (ചാക്രിക ലേഖനം) എന്നിവ പഠിപ്പിക്കുക
14. പാർശ്വവൽക്കരിക്കപ്പെട്ടവരെ സാഹോദര്യംകൊണ്ട് സുഖപ്പെടുത്തുക. പണമില്ലാത്തതിന്റെ പേരിൽ പഠനം, ചികിത്സ, ഭവനം എന്നിവ ഇല്ലാത്തവർക്കുവേണ്ടി പദ്ധതികൾ നടപ്പിലാക്കുക. കാരുണ്യ വർഷത്തിൽ ഒരിടവക ഒരു ഭവനമെങ്കിലും നിർമ്മിച്ചു നൽകുക.

15. രോഗിശുശ്രൂഷയുടെ മഹത്വവും അതിലെ കാരുണ്യമുഖവും സാമ്പത്തിക പരാധീനതയുള്ള രോഗികൾക്ക് അനുഭവവേദ്യ മാകുവാനായി ഇടവകതലത്തിൽ വോളണ്ടിയേഴ്സിന്റെ സഹായത്തോടെ 'പാലിയേറ്റീവ് കെയർ' തുടങ്ങുക.
16. ആശുപത്രികൾ, വൃദ്ധസദനങ്ങൾ, അനാഥമന്ദിരങ്ങൾ, ചിൽഡ്രൻസ് ഹോം ഇവ സന്ദർശിക്കുന്നതിന് കൂടുതൽ അവസര മൊരുക്കുക. വിശ്വാസപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന കുട്ടികൾക്ക് ക്ലാസ്സ് അടിസ്ഥാനത്തിലോ ഗ്രൂപ്പ് അടിസ്ഥാനത്തിലോ ഇവ സന്ദർശിക്കുതിനുള്ള ക്രമീകരണങ്ങൾ നടത്തുക.
17. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുവരെ ആദരിക്കുക.
18. വ്യത്യസ്ത കാരണങ്ങളാൽ ഇടവകയിൽ നിന്നും അകന്നു നിൽക്കുന്നവരെ ഇടവകാഹൃദയത്തിലേക്ക് തിരികെ കൊണ്ടു വരിക.
19. കുടുംബ പ്രശ്നങ്ങൾ, വിവാഹ പ്രശ്നങ്ങൾ, വസ്തു തർക്കങ്ങൾ മുതലായവ കരുണയുടെ ചൈതന്യത്തിൽ പരിഹരിക്കാനുള്ള പ്രത്യേക ശ്രമമുണ്ടാവുക.
20. തീർത്ഥാടനങ്ങൾ പ്രോത്സാഹിപ്പിക്കുക.

**C പ്രകൃതിയോട് കരുണ കാണിക്കുക**

21. പ്രകൃതിയെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക
22. ദേവാലയവും ഇടവകയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രകൃതിയെ നശിപ്പിക്കുന്ന വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുക.
23. 'ലൗദാത്തോ സി' പഠനവിഷയമാക്കുക.

വീടുകളിലും ആവാം തുറന്നിട്ട കരുണയുടെ ഒരു വാതിൽ. ജീവിതം ഇറക്കി വിട്ടവരേയും ജീവിതത്തിൽ നിന്ന് ഇറങ്ങിപ്പോയ വരേയും തിരികെ വിളിക്കാൻ വേണ്ടി.

സഭയുടെയും രൂപതയുടെയും ഇടവകയുടെയും കരുണാമുഖം കൂടുതൽ പ്രശോഭിത മാക്കാൻ ദൈവം കനിഞ്ഞു നൽകിയ കരുണയുടെ അസാധാരണ ജൂബിലി വർഷത്തിൽ കരുണയുള്ള നിലപാടുകളും കരുതലുള്ള വാക്കുകളും നമ്മുടെ സഭാജീവിതത്തെ, ഇടവകാ ജീവിതത്തെ സുന്ദരമാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. റോയി വട്ടക്കാട്ട്**

കൺവീനർ, കാരുണ്യവർഷാചരണ കമ്മറ്റി

# വൈദിക സമ്മേളനം-റിപ്പോർട്ട്

മാനന്തവാടി രൂപതയിൽ അംഗങ്ങളായിട്ടുള്ള വൈദികരും ഇടവകകളിൽ സേവനം ചെയ്യുന്ന സന്യസ്ത വൈദികരും അടങ്ങുന്ന വൈദിക സമ്മേളനം 2016 ജനുവരി 6-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ 140 വൈദികർ പങ്കെടുത്തു. റവ. ഫാ. അനൂപ് കാളിയാനിയിൽ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പെരിയ. ബഹു. മോൺ മാത്യു മാടപ്പള്ളിക്കുന്നേൽ എല്ലാവർക്കും സ്വാഗതം പറഞ്ഞു. ഡിസംബർ മാസം 25-ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. ലിയോപോൾഡ് മഠത്തിനകം അച്ചനെ അനുസ്മരിക്കുകയും പഠനം പൂർത്തിയാക്കി മടങ്ങിയെത്തിയ ബഹു. സിബി ചെറുതോട്ടിൽ അച്ചനെയും, ബഹു. സെബാസ്റ്റ്യൻ പുത്തേനച്ചനെയും അഭിനന്ദിക്കുകയും നവ വൈദികരെ പൂക്കൾ നൽകി അനുമോദിക്കുകയും ചെയ്തു.

അഭിവന്ദ്യ പിതാവ് തന്റെ ആമുഖ പ്രഭാഷണത്തിൽ ഈ യോഗം വിളിച്ചു ചേർക്കുന്നതിനുണ്ടായ സാഹചര്യം വിവരിച്ചു. മീറ്റിംഗിന്റെ അജണ്ടയിൽ ഉണ്ടായിരുന്ന ഏ. കെ. സി. സി. മഹാസമ്മേളനത്തെക്കുറിച്ചും കരുണയുടെ വർഷാചരണത്തെക്കുറിച്ചും, സമർപ്പിത വർഷാചരണത്തെക്കുറിച്ചും ദീപിക പത്രം ചെയ്യുന്ന സേവനത്തെക്കുറിച്ചും വിവരിച്ചു.

സമർപ്പിത വർഷാചരണത്തെക്കുറിച്ച് മുഴുവൻ സമർപ്പിതരുടെയും പ്രതിനിധിയായി സമർപ്പിത വർഷാചരണ കമ്മറ്റി കൺവീനർ ബഹു. വിൻസെന്റ് മട്ടുമ്മേൽ അച്ചൻ സംസാരിച്ചു. രൂപതയിൽ നടത്തിയ മുഴുവൻ പ്രവർത്തനങ്ങളെയും അച്ചൻ ചുരുക്കി പറയുകയും ഈ പ്രവർത്തനങ്ങൾക്ക് സഹായിച്ച അഭിവന്ദ്യ പിതാവിനും വൈദികർക്കും സന്യസ്തർക്കും അൽമായ സഹോദരങ്ങൾക്കും അച്ചൻ നന്ദി അറിയിക്കുകയും ചെയ്തു.

ഏ. കെ. സി. സി. മഹാസംഗമത്തെക്കുറിച്ച് ബഹു. ചാണ്ടി പുനക്കാട്ടച്ചൻ വിവരിച്ചു. അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരിയെ ഉദ്ധരിച്ചുകൊണ്ട് ആരംഭിച്ച സന്ദേശത്തിൽ അച്ചൻ ഇതിന്റെ പ്രസക്തിയെക്കുറിച്ചും നമ്മൾ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും വിവരിച്ചു. 2016 ഫെബ്രുവരി 20-ാം തീയതി ഉച്ചയ്ക്കുശേഷം 2. 00-ന് ചേരുന്ന സമ്മേളനത്തിൽ ഓരോ ഇടവകയിൽ നിന്നും ഓരോ വാർഡിൽ

നിന്നും നിശ്ചിത ആളുകൾ എന്ന ക്രമത്തിൽ വരുവാൻ നിർദ്ദേശിച്ചു. ദ്വാരകയോട് ചേർന്നു കിടക്കുന്ന ഇടവകകളും പരമാവധി ആളുകളെ പങ്കെടുപ്പിക്കണമെന്നും തീരുമാനിച്ചു. തുടർന്ന് ഇതിന്റെ നടത്തിപ്പിന്റെ രീതി, റാലി, സമ്മേളനം, സമ്മേളനസ്ഥലം എന്നിവയെക്കുറിച്ച് ചർച്ച നടന്നു. വിശദമായ ചർച്ചകൾക്കൊടുവിൽ റാലി ഒഴിവാക്കി പാസ്റ്ററൽ സെന്ററിന്റെ അങ്കണത്തിൽ വെച്ച് സമ്മേളനം മാത്രം നടത്താമെന്നും തീരുമാനിച്ചു. വിവിധ കേന്ദ്രങ്ങളിൽ നിന്നും വരുന്നവർ വാഹനങ്ങൾ അലങ്കരിച്ചും ബാനറുകൾ ഉപയോഗിച്ചും കൊടികൾ പിടിച്ചും വരികയാണെങ്കിൽ കൂടുതൽ ആളുകളുടെ ശ്രദ്ധയാകർഷിക്കാൻ സാധിക്കുമെന്ന് യോഗം വിലയിരുത്തി. ആളുകൾ വരുന്ന വാഹനങ്ങൾ ദ്വാരക സ്കൂൾ മുറ്റത്ത് പാർക്കു ചെയ്യാമെന്നും അച്ചൻ പറഞ്ഞു. തുടർന്ന് സംഗമത്തിന്റെ വിവിധ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിനായി ചുവടെ കാണുന്ന വൈദികരെ കമ്മറ്റികളുടെ കൺവീനർമാരായി തിരഞ്ഞെടുത്തു.

1) സ്വാഗതകമ്മിറ്റി – റവ. ഫാ. സജി നെടുങ്കല്ലേൽ
2) പബ്ലിസിറ്റി – റവ. ഫാ. സുനിൽ വട്ടുകുന്നേൽ
3) ഭക്ഷണം – റവ. ഫാ. ജോഷി പെരിയപ്പുറം
4) ലോ & ഓർഡർ – റവ. ഫാ. തോമസ് തേരകം
5) ശബ്ദവും വെളിച്ചവും – റവ. ഫാ. മനോജ് കാക്കോനാൽ
6) സ്റ്റേജ് അറേഞ്ച്മെന്റ്സ് – റവ. ഫാ. റോയി വട്ടക്കാട്ട്
7) സാമ്പത്തികം – റവ. ഫാ. ചാണ്ടി പുനക്കാട്ട്

സംഗമത്തിന്റെ ചിലവിലേക്കായി ഒരു ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച മാറ്റി വെക്കാനും തീരുമാനിച്ചു.

തുടർന്ന് കരുണയുടെ വർഷാചരണത്തെക്കുറിച്ച് ബഹു. റോയി വട്ടക്കാട്ടച്ചൻ സംസാരിച്ചു. ഫ്രാൻസീസ് മാർപാപ്പയുടെ പ്രബോധനങ്ങളെ അച്ചൻ സംക്ഷിപ്തമായി അവതരിപ്പിച്ചു. കരുണയുടെ വർഷത്തിൽ നമ്മൾ നമ്മോടു തന്നെയും മറ്റുള്ളവരോടും ഈ പ്രകൃതിയോടും കരുണയോടെ വർത്തിക്കുവാൻ പരിശ്രമിക്കണമെന്ന് പറയുകയും അതിന്റെ വിവിധ വശങ്ങളെക്കുറിച്ചും പ്രവർത്തന പദ്ധതികളെക്കുറിച്ചും വിവരിക്കുകയും ചെയ്തു. ഈ വർഷം നടപ്പിലാക്കാവുന്ന പദ്ധതികളുടെ ഏകദേശ രൂപം രൂപതാ ബുള്ളറ്റിനിലൂടെ പ്രത്യേകം നൽകുവാനും നിർദേശം ഉണ്ടായി.

ദീപികയുടെ മാനേജിംഗ് ഡയറക്ടറായ റവ. ഫാ. മാണി പുതിയിടം ആണ് തുടർന്ന് സംസാരിച്ചത്. ദീപിക പത്രത്തിന്റെ

പ്രസക്തി, ഇതിന്റെ സാധ്യതകൾ, ചെയ്യേണ്ട കാര്യങ്ങൾ എന്നിവ അച്ചൻ വിവരിച്ചു. എല്ലാ ഇടവകകളിലും ദീപിക ഫ്രണ്ട്സ് ക്ലബ്ബ് (DFC) രൂപീകരിക്കുകയും ഫൊറോന കമ്മറ്റി ചേരുകയും ചെയ്ത തരിയോട് ഫൊറോനയിലെ വൈദികരെ പ്രത്യേകം അഭിനന്ദിച്ചു. രൂപതകളിലെ എല്ലാ ഇടവകകളിലും DFC രൂപീകരിക്കണം എന്ന തീരുമാനവുമുണ്ടായി.

പൊതു ചർച്ചയ്ക്കിടയിൽ വയനാട്ടിലെ മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ എല്ലാ മേഖലയിലും സജീവമാക്കണമെന്നും, വന്യ ജീവി ശല്യത്തിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിനായി അതിർത്തികളിൽ ഫെൻസിംഗ് തുടങ്ങണമെന്നും പ്രമേയങ്ങൾ പാസ്സാക്കി.

സമാപന സന്ദേശത്തിൽ അഭിവന്ദ്യ പിതാവ് എല്ലാവർക്കും നന്ദി പറയുകയും ഏ. കെ. സി. സിക്ക് വിജയാശംസകൾ നേരുകയും ചെയ്തു. ഏ. കെ. സി. സി. യുടെ പ്രവർത്തനങ്ങളോടും കാരുണ്യ പ്രവർത്തികൾ ചെയ്യുന്നതിനോടും ഇടവകയിൽ DFC രൂപീകരിക്കുന്നതിനോടും എല്ലാവരും സഹകരിക്കണമെന്നും പിതാവ് ഓർമ്മിപ്പിച്ചു. 1.30–ന് യോഗം അവസാനിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**
രൂപതാ ചാൻസലർ

# വൈദികരുടെ മാസധ്യാനം

**ബത്തേരി ഫൊറോന**

ചുങ്കക്കുന്ന് ഫൊറോനയിലെ വൈദികരുടെ മാസധ്യാനം ജനുവരി 5-ന് അമ്പായത്തോട് സെന്റ് ജോർജ് പള്ളിയിൽ വച്ചു നടന്നു. അമ്പായത്തോട് വികാരി റവ. ഫാ. സണ്ണി കൊല്ലാർത്തോട്ടം ഏവർക്കും സ്വാഗതം ആശംസിച്ചു. മലങ്കര സഭാംഗവും ബത്തേരി രൂപത വൈദികനുമായ ഫാ. ജോൺ പനച്ചിയിൽ ആത്മീയ ചിന്തകൾ നയിച്ചു. ദൈവത്തിന്റെ കരുണയുടെ മുഖമാകാൻ വൈദീകർക്ക് സാധിക്കും എന്ന് അദ്ദേഹം ഊന്നി പറഞ്ഞു. സംഘടന പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾക്ക് നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു. യുവജനങ്ങളുടെ അഭാവത്തെക്കുറിച്ചും അവരുടെ പ്രശ്നങ്ങളെക്കുറിച്ചും ചർച്ചചെയ്യുകയും കൂടുതൽ പ്രവർത്തനങ്ങൾ KCYM-ൽ ഉണ്ടാകണം എന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ചുങ്കക്കുന്ന് ഫൊറോന കൺവെൻഷന് ആവശ്യമായ സജ്ജീകരണങ്ങൾ ചെയ്യുന്നതിന് നിർദ്ദേശങ്ങൾ നൽകി. AKCC -യുടെ മേഖലാതല പ്രതിനിധി സമ്മേളനം ജനുവരി 26 ന് നടത്താൻ തീരുമാനിച്ചു. പാസ്റ്ററൽ കൗൺസിലിലേയ്ക്ക് ബഹുമാന്യരായ റവ.ഫാ. ജെയിംസ് കുന്നത്തേട്ട്, റവ. ഫാ. ജോർജ്ജ് പടിഞ്ഞാറയിൽ, റവ.ഫാ. റോബിൻ വടക്കൻചേരി എന്നിവരെ തിരഞ്ഞെടുത്തു. റവ.ഫാ. ജോർജ്ജ് പടിഞ്ഞാറയിൽ ഏവർക്കും നന്ദിപറയുകയും അടുത്ത മാസധ്യാനത്തിനായി എല്ലാവരെയും നെല്ലിയോടിയിലേയ്ക്ക് ക്ഷണിക്കുകയും ചെയ്തു.

**ഫാ. ആന്റണി മാടപ്പള്ളിക്കുന്നേൽ**
സെക്രട്ടറി

**ബത്തേരി ഫൊറോന**

ബത്തേരി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം 2016 ജനുവരി 5-ാം തിയതി അമ്പലവയൽ സെന്റ് മാർട്ടിൻ ഡി പോറസ് പള്ളിയിൽ വച്ച് നടത്തി. ബഹു. ഫാ. കുര്യൻ വാഴയിൽ എല്ലാവരെയും സ്വാഗതം ചെയ്ത് സംസാരിച്ചു. ബഹു. ഫാ. ജോൺ പുതുക്കുളം ധ്യാന ചിന്തകൾക്കും ആരാധനയ്ക്കും നേതൃത്വം നല്കി. വി. ലൂക്കായുടെ സുവിശേഷം 15-ാം അധ്യായത്തിലൂടെ ദൈവകരുണയുടെ വിവിധ മാനങ്ങളെക്കുറിച്ച് ജോണച്ചൻ എല്ലാവരെയും ഓർമപ്പെടുത്തി. തുടർന്ന്

നടത്തിയ ചർച്ചകൾക്ക് ഫൊറോന വികാരി ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ നേതൃത്വം നല്കി. പ്രസ്ബിറ്ററൽ കൗൺസിലിലേയ്ക്ക് ബത്തേരി ഫൊറോനയുടെ പ്രതിനിധിയായി ബഹു. കുര്യൻ വാഴയിൽ അച്ചനെ തെരഞ്ഞെടുത്തു. വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി. മതബോധനത്തിന്റെ ഫൊറോനാതല വരവുചിലവ് കണക്കുകൾ അവതരിപ്പിച്ചു. ഫൊറോനാ കൗൺസിൽ ജനുവരി 9-ാം തിയതി ബത്തേരി അസംപ്ഷൻ പള്ളിയിൽ വച്ച് വിളിച്ചുചേർക്കുന്നതിന് തീരുമാനമെടുത്തു. അടുത്ത മാസധ്യാനം വടുവൻചാൽ CST ആശ്രമത്തിൽ വച്ച് ഫെബ്രുവരി 9-ാം തീയതി നടത്തുവാൻ തീരുമാനിച്ചു.

**സമർപ്പിത സംഗമം**

ബത്തേരി അസംപ്ഷൻ പള്ളിയിൽ വച്ച് ബത്തേരി ഫൊറോന തല സമർപ്പിത സംഗമം 2015 ഡിസംബർ 19 ന് നടത്തി. മാർ ജോസ് പൊരുന്നേടം സമർപ്പിത സംഗമം ഉൽഘാടനം ചെയ്തു. സമർപ്പിതർ വചനത്തിൽനിന്ന് ശക്തി സ്വീകരിച്ച്, ഉള്ളിൽ അഗ്നി നിറച്ച് നവീകരിച്ച ജീവിതശൈലിയോടെ കാലഘട്ടത്തെ അതിജീവിക്കണമെന്ന് പിതാവ് സമർപ്പിതരെ ആഹ്വാനം ചെയ്തു. ബത്തേരി ഫൊറോന വികാരി ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ എല്ലാവരെയും സ്വാഗതം ചെയ്തു. ഫാ. ഷിബു കാവുങ്കൽ, എം. എസ്സ്. എം. ഐ. പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ സീന എന്നിവർ പ്രസംഗിച്ചു. ഫാ. ജോൺ പുതുക്കുളം ആരാധനയ്ക്ക് നേതൃത്വം നല്കി. രാവിലെ 9.30 ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 1.30 ന് അവസാനിച്ച സമർപ്പിത സംഗമത്തിൽ 117 സമർപ്പിതർ പങ്കെടുത്തു.

**ഫാ. ഷിജോ വേനക്കുഴിയിൽ**
സെക്രട്ടറി

.

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് സമ്പൂർണ്ണ ബൈബിൾ പാരായണം**

ബൈബിൾ പാരായണ മാസാചരണത്തോടനുബന്ധിച്ച് രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തി. ഡിസംബർ 22-ന് 100 പേർ ഒരുമിച്ചിരുന്ന് ഒരു മണിക്കൂർകൊണ്ട് വിശുദ്ധഗ്രന്ഥം പൂർണ്ണമായും വായിച്ചു. സീയോൻ ധ്യാന കേന്ദ്രം ഡയറക്ടർ റവ.ഫാ.മാത്യു മൂത്തേടത്ത് വചനപ്രതിഷ്ഠ നടത്തി. സീയോൻ ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകർ, ദ്വാരക ഇടവകയിലെ മാതൃവേദി അംഗങ്ങൾ, വിവിധ സന്യാസിനീസമൂഹങ്ങളിൽനിന്നുള്ള ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് എന്നിവർ പങ്കുചേർന്നു. ബൈബിൾ വായനയിൽ പങ്കെടുത്തവർക്ക് ഒരു നവീന അനുഭവവും അനുഗ്രഹവുമായിരുന്നു ഇത്. സഹകരിച്ച എല്ലാവർക്കും നന്ദി.

**വൈദികർക്കുള്ള ബൈബിൾ ക്ലാസ്സ്**

ബഹു. ജോസഫ് പാബ്ലാനിയച്ചൻ നയിക്കുന്ന ബൈബിൾ ക്ലാസ്സിൽ പങ്കെടുക്കുന്ന വൈദികർക്കുള്ള അടുത്ത ക്ലാസ്സുകൾ ഫെബ്രുവരി 18 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്കും മാർച്ചു മാസം 17 ന് വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്കും പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നതായിരിക്കും.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

## HDC പരീക്ഷകൾ

കാലിക്കട്ട് യൂണിവേഴ്സ്റ്റി ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HDC കോഴ്സിന്റെ എഴുത്തു പരീക്ഷ ഫെബ്രുവരി 6-ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിലും മണിമൂളി പാസ്റ്ററൽ സെന്ററിലും വെച്ച് നടത്തപ്പെടുന്നതാണ്. വാചാ പരീക്ഷ ഫെബ്രുവരി 13, 14 തീയതികളിൽ ദ്വാരകയിലും മാർച്ച് 5-ന് മണിമൂളി പാസ്റ്ററൽ സെന്ററിലും വെച്ച് നടത്തപ്പെടുന്നു.

## HCC (Plus One, Plus Two) പരീക്ഷകൾ

+1, +2 പരീക്ഷകൾ നിശ്ചയിക്കപ്പെട്ട സെന്ററുകളിൽ ഫെബ്രുവരി 14-ാം തീയതി 10 മണി മുതൽ 12 മണി വരെ നടത്തപ്പെടുന്നതാണ്. മേഖലാ ഡയറക്ടറുടെ നേതൃത്വത്തിൽ മേഖലാ സെക്രട്ടറിയും മേഖലാ ടീമംഗങ്ങളും പരീക്ഷാ സെന്ററിലെ വികാരിയച്ചനും, ഹെഡ്മാസ്റ്ററും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ. പരീക്ഷകൾ സുഗമമായി നടത്തുവാൻ ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

## ഇന്റേണൽ അസ്സസ്മെന്റ്

XI, XII ക്ലാസ്സുകളിലെ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക് രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിശ്ചിത ഫോറത്തിൽ തയ്യാറാക്കി പരീക്ഷ നടക്കുന്ന ദിവസം തന്നെ മേഖലാ സെക്രട്ടറിയെ ഏൽപ്പിക്കണം.

## SAY പരീക്ഷ

XI, XII ക്ലാസ്സുകളിൽ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് SAY Exam എഴുതാനുള്ള അവസരം ഉണ്ടാകും. വാർഷിക പരീക്ഷ എഴുതുകയും പരാജയപ്പെടുകയും ചെയ്ത വിദ്യാർത്ഥികൾക്ക് മാത്രമായിരിക്കും SAY Exam എഴുതാനുള്ള യോഗ്യത ഉണ്ടാവുക. ആദ്യ പരീക്ഷ എഴുതാത്തവരെ SAY Exam എഴുതാൻ അനുവദിക്കുന്നതല്ല. മാർച്ച് 26-ാം തീയതിയാണ് SAY പരീക്ഷ നടത്തുക. നീലഗിരി, മണിമൂളി റീജിയനിൽ ഉള്ള

വിദ്യാർത്ഥികൾക്ക് മണിമൂളി പാസ്റ്ററൽ സെന്ററിലും മറ്റുള്ളവർക്ക് ദ്വാരക യു. പി. സ്കൂളിൽ വച്ചുമായിരിക്കും പരീക്ഷ നടത്തപ്പെടുന്നത്. മാർച്ച് 19-ന് മുമ്പായി പരീക്ഷ എഴുതേണ്ട വിദ്യാർത്ഥികളുടെ അപേക്ഷ വികാരിയച്ചന്റെ ഒപ്പോടുകൂടി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ട താണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപയായിരിക്കും. ഹെഡ്മാസ്റ്റേഴ്സ് ഈ കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ. മാർച്ച് 19-ന് ശേഷം നൽകുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**ചോദ്യ പേപ്പർ**

HCC പരീക്ഷയുടെ ചോദ്യപേപ്പർ, ആൻസർ ഷീറ്റ് എന്നിവ ഫെബ്രുവരി 12-ാം തീയതി ഫൊറോനാ സെക്രട്ടറിമാർ രൂപതാ ഓഫീ സിൽ നിന്നും എടുക്കാൻ ശ്രദ്ധിക്കണം.

**HDC ക്ലാസ്സ്**

HDC ഒന്നാം വർഷക്കാരുടെ ക്ലാസ്സ് ജനുവരി 30-ന് ദ്വാരകയിലും, മാർച്ച് 12-ന് ബത്തേരിയിലും വച്ച് നടത്തപ്പെടുന്നതാണ്. കലണ്ടറിൽ തന്നിരിക്കുന്ന തീയതികളിൽ വന്നിരിക്കുന്ന വ്യത്യാസങ്ങൾ ശ്രദ്ധിക്കു മല്ലോ.

**SMCC പ്രതിഭാ സംഗമം**

സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടത്തിയ XII -ാം ക്ലാസ്സ് കുട്ടികളുടെ പ്രതിഭാ സംഗമത്തിൽ രൂപതയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട നിഖിൽ പൗലോസ് മാളിയേക്കൽ (കല്ലോടി), അജിത്ത് എടക്കുടി (കൊട്ടിയൂർ), ആഷ്ലിൻ കെ. ബെന്നി കാഞ്ഞിരക്കുന്നേൽ (മണിമൂളി), ആൻസ് കുര്യാക്കോസ് പൈമ്പള്ളിക്കുന്നേൽ (പാൽച്ചുരം) എന്നിവർ പങ്കെടു ത്തു. മാനന്തവാടി രൂപതാ XII -ാം ക്ലാസ്സ് പ്രതിഭകളായി തിരഞ്ഞെടു ക്കപ്പെട്ട ഈ നാലുപേർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

രൂപതാ പ്രതിഭകൾക്ക് വേണ്ട പരിശീലനം നൽകിയ ശ്രീ. ജോൺസൺ വടക്കേക്കര, സി. ആൻസി സി. എം. സി. എന്നിവരുടെ നേതൃത്വത്തിലുള്ള രൂപതാ ടീമംഗങ്ങൾ, പ്രതിഭകളുടെ മാതാപിതാ ക്കൾ, അദ്ധ്യാപകർ, വികാരിയച്ചൻമാർ ഏവരേയും പ്രത്യേകം അനു മോദിക്കുകയും നന്ദി പറയുകയും ചെയ്യുന്നു.

**DCC പരീക്ഷകൾ**

DCC കോഴ്സ് ചെയ്യുന്ന മൂന്നാം സെമസ്റ്റർ വിദ്യാർത്ഥികളുടെ ക്ലാസ്സും, Comprehensive പരീക്ഷയും മുൻകൂട്ടി നിശ്ചയിച്ചതുപോലെ ഏപ്രിൽ 10-ാം തീയതി രാവിലെ 10 മണി മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. വിദ്യാർത്ഥികൾ കൃത്യസമയത്തു

തന്നെ എത്തിച്ചേരുവാൻ ശ്രദ്ധിക്കുക. കുട്ടികൾക്ക് വി. കുർബാന ദ്വാരക പാസ്റ്ററൽ സെന്ററിൽ ഉണ്ടായിരിക്കുന്നതാണ്.

DCC രണ്ടാം സെമസ്റ്റർ വിദ്യാർത്ഥികളുടെ ക്ലാസ്സും ഒന്നാം സെമസ്റ്ററിന്റെ പരീക്ഷയും ഏപ്രിൽ 2-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ദ്വാരകയിൽ വെച്ച് നടത്തപ്പെടുന്നു. ഹെഡ്മാസ്റ്റേഴ്സ് വിദ്യാർത്ഥികളെ ഓർമ്മിപ്പിക്കുമല്ലോ.

**പ്രധാന അധ്യാപക സംഗമം**

2015-16 അദ്ധ്യയന വർഷത്തിലെ രണ്ടാമത്തെ HM, PP സമ്മേളനം 2016 ജനുവരി 9-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. രാവിലെ 10 മണിക്ക് ആരംഭിച്ച സമ്മേളനത്തിന് രൂപതാ മതബോധന ഡയറക്ടർ റോയി വട്ടക്കാട്ടച്ചൻ സ്വാഗതം ആശംസിച്ചു. കരുണയുടെ മഹാജൂബിലി വർഷത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അച്ചൻ ഓർമ്മപ്പെടുത്തി.

തുടർന്ന് സിനഡ് പുറത്തിറക്കിയ 'സീറോ മലബാർ സഭയുടെ ആരാധനക്രമ വിശ്വാസ പരിശീലനം' എന്ന പുസ്തകത്തെ തരിയോട് ഫൊറോന വികാരി ബഹു. ജോണി കുന്നത്ത് അച്ചൻ എല്ലാവർക്കും പരിചയപ്പെടുത്തി. വിശ്വാസ പരിശീലന രംഗത്തുണ്ടാകേണ്ട മാറ്റങ്ങളെക്കുറിച്ച്, അതിന്റെ പ്രാധാന്യത്തെക്കുറിച്ച് സഭാ പ്രബോധനങ്ങളുടെയും അജപാലന അനുഭവത്തിന്റെയും വെളിച്ചത്തിൽ ലളിതമായും വ്യക്തമായും ജോണിയച്ചൻ സംസാരിച്ചു. തുടർന്ന് മേഖലാ ഡയറക്ടേഴ്സ് മീറ്റിംഗിന്റെ തീരുമാനങ്ങളും ഇടവകയിൽ നിന്നുള്ള നിർദ്ദേശങ്ങളും കോൺഫ്രൻസിൽ അറിയിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. രൂപതാ മതബോധന സെക്രട്ടറി ശ്രീ. ബേബി ജോസഫ് ചക്കാലക്കൽ സമ്മേളനത്തിന് ഔദ്യോഗികമായ നന്ദി പറഞ്ഞു. HM, PP കോൺഫ്രൻസിന് ശേഷം മേഖലാ സെക്രട്ടറിമാരുടെ സംഗമം ഉണ്ടായിരുന്നു. HCC പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു. ഉച്ചഭക്ഷണത്തോടെ സമ്മേളനം അവസാനിച്ചു.

**ഫാ. റോയി വട്ടക്കാട്ട്**
രൂപതാ മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻ സുഹൃത്തുക്കളെ....

സ്നേഹപൂർവ്വം പരിക്ഷകളുടെ കാലഘട്ടത്തിലേയ്ക്ക് പ്രവേശിക്കുയാണല്ലോ?എല്ലാവർക്കും മികവുറ്റ പഠനത്തിന്റെ നല്ല ദിനങ്ങൾ ആശംസിക്കുന്നു. വിദ്യാർത്ഥികളായിരിക്കുന്നവരുടെ പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വം പഠിക്കുക എന്നതാണല്ലോ? വിവിധ തലങ്ങളിൽ കഴിവും മികവും തെളിയിക്കുന്നതോടൊപ്പം പഠനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ ഉത്സാഹിക്കണം. ഒരു യഥാർത്ഥ മിഷനറി സത്യം ഗ്രഹിക്കുന്നവനും പ്രഘോഷിക്കുന്നവനും ആയിരിക്കണം .അതിനാൽ ഈയൊരു കാലഘട്ടം പഠനകാര്യങ്ങൾക്കായ് ഉപയോഗിക്കുക.

എല്ലാവർക്കും മിഷൻ ആശംസകൾ നേർന്നുകൊണ്ട്

**ജോജോച്ചൻ**

**പരീക്ഷ ഒരുക്കധ്യാനങ്ങളും കൗൺസിലിങ്ങും**

ശാഖയുടേയും മേഖലയുടേയും നേതൃത്വത്തിൽ പരീക്ഷ ഒരുക്കധ്യാനങ്ങളും കൗൺസിലിങ്ങും നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുമല്ലോ?

**മേഖല ക്യാമ്പ്**

രൂപതയുടെ നേതൃത്വത്തിൽ നടത്തുന്ന മേഖലക്യാമ്പിനുള്ള ക്രമീകരണങ്ങൾ മേഖല ഭാരവാഹികൾ ചെയ്യുമല്ലോ? ഒരു ശാഖയിൽനിന്ന് 10 ൽ കുറയാത്ത 9,10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുക.

**പുതിയ ശാഖഭാരവാഹികൾ**

2016-17 വർഷത്തേയ്ക്ക് ശാഖയ്ക്ക് നേതൃത്വം കൊടുക്കേണ്ട ഭാരവാഹികളെ ഏപ്രിൽ മാസത്തിൽ തന്നെ തെരഞ്ഞെടുക്കുകയും പേരും അഡ്രസ്സും ഫോൺ നമ്പറും രൂപത ഓഫിസിൽ എത്തിക്കേണ്ടതുമാണ്. ഭാരവാഹികളെ തെരഞ്ഞെടുക്കുമ്പോൾ സി.എം.എൽ. പ്രവർത്തനങ്ങൾ ശാഖയിൽ സുഗമമായി നടത്തുന്നതിന് വേണ്ടി പ്രസിഡന്റ് അല്ലെങ്കിൽ സെക്രട്ടറി സ്ഥാനത്തേയ്ക്ക് മതാദ്ധ്യാപകരിൽ ഒരാളെ തിരഞ്ഞെടുക്കുമല്ലോ?

**ലഹരിവിരുദ്ധ ക്രിസ്തുമസ് സന്ദേശം-പ്രസംഗപരമ്പര**

ഡിസംബർ 21 ന് ലഹരിവിരുദ്ധ ക്രിസ്തുമസ് പ്രസംഗപരമ്പര സി.എം.എൽ. രൂപത ഭാരവാഹികളുടെ നേതൃത്വത്തിൽ പനമരം

ടൗണിലും മാനന്തവാടി ടൗണിലും നടത്തി. പനമരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രിമതി ലിസിതോമസ് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ.ജോജോ ചങ്ങനാംതുണ്ടത്തിൽ സ്വാഗതം പറഞ്ഞു പ്രസംഗ പരമ്പരയിൽ ലിസിടീച്ചർ കേളകം, അഥിന മുക്കത്ത് തോണിച്ചാൽ, ഐറിൻ വാതക്കോടത്ത് നടവയൽ, അജയ് ആന്റോ കൈതാരം കണിയാരം എന്നിവർ സന്ദേശം നൽകി. ഡോളി പാറേക്കുടിയിൽ, ജോൺസൺ ചിറായിൽ, ദിൽന കാവനമാലിൽ, സി.ലിസ അലക്സ്, സി. ഫൗസ്റ്റ എന്നിവർ നേതൃത്വം നൽകി.

**ക്രിസ്തുമസ് സന്ദേശയാത്ര -തെരുവുനാടകവും കരോൾഗാനവും**

ക്രിസ്തുമസ് സന്ദേശയാത്രയോടനുബന്ധിച്ച് മാനന്തവാടി രൂപതസമിതിയുടെ നേതൃത്വത്തിൽ അരിഞ്ചേർമല ശാഖ പനമരം ടൗണിലും മാനന്തവാടി ടൗണിലും തെരുവുനാടകവും കരോൾഗാനവും നടത്തി. ഇതിന് വേണ്ടി സഹകരിച്ച അരിഞ്ചേർമല സി.എം.എൽ. ഡയറക്ടർ റവ.ഫാ.പോൾ ഇടയകൊണ്ടാട്ട്, ജോ.ഡയറക്ടർ സി.നിത എഫ്.സി.സി. ശാഖഭാരവാഹികൾ എന്നിവർക്കും രൂപതയുടെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

**ജപമാല സൈന്യസംഗമം**

ഡിസംബർ 21 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ജപമാല സൈന്യസംഗമം നടത്തി 400 കുട്ടികൾ സംഗമത്തിൽ പങ്കെടുത്തു. രൂപത എക്സിക്യൂട്ടിവ് സംഗമത്തിന് നേതൃത്വം നൽകി.

**മരിയൻ സെമിനാർ**

പ. മാതാവിനെക്കുറിച്ചും ജപമാലയെക്കുറിച്ചും മരിയൻ സെമിനാർ സിയോൻ ഡയറക്ടർ റവ.ഫാ.ബാബു മൂത്തേടം അച്ചന്റെ നേതൃത്വത്തിൽ നടത്തി. 400 കുട്ടികൾ സെമിനാറിൽ പങ്കെടുത്തു.

**2014-15 പ്രവർത്തനവർഷത്തിലെ മികച്ച ശാഖകൾ, മിഷൻമാസാചരണം, കയ്യെഴുത്ത് മാസികകൾ**

**മിഷൻമാസാചരണം**

മിഷൻമാസാചരണത്തിൽ ഏറ്റവും നല്ല ശാഖയായി ചെറുകാട്ടൂർ ശാഖയും രണ്ടാംസ്ഥാനം പൂളപ്പാടം ശാഖയും മൂന്നാംസ്ഥാനം കയ്യൂന്നി ശാഖയും കരസ്ഥമാക്കി. മികച്ച ശാഖകളായി കല്ലോടി,കരിമ്പിൽ, മീനങ്ങാടി, മൂലങ്കാവ്, കമ്മന, തരിയോട്, കൽപ്പറ്റ ശാഖകളും തെരഞ്ഞെടുക്കപ്പെട്ടു. പ്രത്യേകം പരിഗണിക്കപ്പെട്ട ശാഖകൾ കരിമ്പിൽ,നെല്ലിയോടി, പുഴമുടി.

മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച എല്ലാ ശാഖ ഡയറക്ടേഴ്സിനേയും ജോ. ഡയറക്ടേഴ്സിനേയും ശാഖഭാരവാഹികളേയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

**മികച്ച ശാഖകൾ**

2014-15 പ്രവർത്തനവർഷത്തിലെ മികച്ച ശാഖകൾ

ചെറുകാട്ടൂർ-I, പൂളപ്പാടം II, കല്ലോടി III , നെല്ലിയോടി, പുതുശ്ശേരി, കമ്മന, കരിമ്പിൽ, തരിയോട്, അമ്പായത്തോട്, മീനങ്ങാടി.

മികച്ച ശാഖ പ്രവർത്തനങ്ങൾ ചെയ്ത് ശാഖയെ വളർത്തുന്ന എല്ലാ ശാഖ ഡയറക്ടേഴ്സിനേയും ജോ.ഡയറക്ടേഴ്സിനേയും ശാഖ ഭാരവാഹികളേയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

**കയ്യെഴുത്ത് മാസിക**

കല്ലോടി-I, തരിയോട്-II,പയ്യമ്പള്ളി-III, കയ്യൂന്നി, ഒലിവുമല, നെല്ലിയോടി, ചാരിറ്റി, വാളേരി, ആടിക്കൊല്ലി, ചുങ്കക്കുന്ന് എന്നീ ശാഖകൾ തെരഞ്ഞെടുക്കപ്പെട്ടു.

കയ്യെഴുത്ത് മാസികകൾ തയ്യാറാക്കിയ എല്ലാ ശാഖകൾക്കും എല്ലാ ശാഖ ഡയറക്ടേഴ്സിനേയും ജോ.ഡയറക്ടേഴ്സിനേയും ശാഖ ഭാരവാഹികളേയും നന്ദിയോടെ ഓർക്കുന്നു.വിജയികൾക്ക് പ്രത്യേക അഭിനന്ദനങ്ങൾ .

**മരിയൻക്വിസ് വിജയികൾ**

ചെറുകാട്ടൂർ, തലപ്പുഴ, വാഴവറ്റ ശാഖകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ നേരുന്നു.

**കുഞ്ഞേട്ടൻ സ്കോളർഷിപ്പ്**

2015-16 പ്രവർത്തനവർഷത്തെ കുഞ്ഞേട്ടൻ സ്കോളർഷിപ്പിന് കുറുമ്പാലക്കോട്ട ശാഖയിലെ ശാലിനി കളപ്പുരയ്ക്കൽ അർഹയായി.

**മിഷൻ ഞായർ വിഹിതം തന്ന ശാഖകൾ**

തോമാട്ടുചാൽ-500, നിരവിൽപ്പുഴ-250, ചുങ്കക്കുന്ന്-5500, ഒഴുക്കൻമൂല-300,ബത്തേരി-1500, പാടിച്ചിറ-1000, ദ്വാരക-1000, നടവയൽ-5280, മച്ചിക്കൊല്ലി-200, കൽപ്ര-1500, കല്ലോടി-3500, പ്രശാന്തഗിരി-350, പടമല-250, ചെന്നലോട് -1500, മൊതക്കര-500, കൽപ്പറ്റ-2500, മംഗളം-400, മഞ്ഞൂറ-500, അരിഞ്ചേർമല-300, ശാന്തിഗിരി-500, വിളമ്പുകണ്ടം-2500, മുള്ളൻകൊല്ലി-1000, കുറുമ്പാലക്കോട്ട-1000, ചിത്രഗിരി-500, ബെക്കി-100, മരക്കടവ് -400, തലഞ്ഞി-6000, പുഴമുടി-250, കണിയാരം -2500, ചുണ്ടക്കര-1500, വടപുറം-1200, വാഴവറ്റ-2000, കൊളവയൽ-500, കൊമ്മയാട് -500, അമ്പലവയൽ-500, കുറുമണി-500, കുറുമ്പാല-1000, നെല്ലിയോടി-500, പാറത്തോട്ടം-150, നെടുമ്പാല-1000, ചൂരൽമല-300, കുഞ്ഞോം-500,പാതിരിപ്പാടം -2000, പാലേമാട് -1000,പുതിയിടം-500,വെള്ളൂന്നി-500,വാളവയൽ-300,വടക്കനാട്-300,കണിയാമ്പറ്റ-500,മരകാവ്-3250, തരിയോട് -500,സീതാമൗണ്ട് -250, മുട്ടിയേൽ-200, കാട്ടിക്കുളം-200, പനവല്ലി-200, തൃശ്ശിലേരി-500,

**കാണിക്ക തന്ന ശാഖകൾ**

ചുങ്കക്കുന്ന്-1000,ഒഴുക്കൻമൂല-200, മൊതക്കര-100, അരിഞ്ചേർമല-200, ശാന്തിഗിരി-200, മുള്ളൻകൊല്ലി-3000, കുഞ്ഞോം-100, പാലേമാട് - 300, പുതിയിടം - 250, വെള്ളൂന്നി - 250, മരകാവ് - 350,

തരിയോട് -100, സീതാമൗണ്ട് -100, തൃശ്ശിലേരി-200, ഇടിവണ്ണ - 500, പറളിക്കുന്ന് - 100.

**പലതുള്ളി തന്ന ശാഖകൾ**

ഒഴുക്കൻമൂല-400, കാവുംമന്ദം-300, പ്രശാന്തിഗിരി-100, വാഴവറ്റ-360, മാർട്ടിൻനഗർ-450, ചുള്ളിയാന-100, പനംചിറ-140, ചുള്ളിയോട്-200, കണിയാരം-1805, ചുങ്കക്കുന്ന്1000, പാടിച്ചിറ-400, മൊതക്കര-100, മംഗളം-200, അരിഞ്ചേർമല-200, മുള്ളൻകൊല്ലി-250, കൊമ്മയാട്-100, കുറുമ്പാല-250, കുഞ്ഞോം100, പാലേമാട്-200, പുതിയിടം-250, വെള്ളൂന്നി-250, മരകാവ്-200, തരിയോട്-300, സീതാമൗണ്ട്-100, കാട്ടിക്കുളം-100, പനവല്ലി -50, പുതുശ്ശേരി-100, കരിമ്പിൽ-150.

**മേഖല വാർത്തകൾ**

**ചുങ്കക്കുന്ന്**

മേഖല അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി നടത്തി. ഏയ്ഞ്ചൽമീറ്റ് നടത്തി. കരോൾഗാന മൽസരം നടത്തി. ചുങ്കക്കുന്ന് ശാഖ ഒന്നും കൊട്ടിയൂർ രണ്ടും കേളകം മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**നീലഗിരി**

എല്ലാ ശാഖകളിലും കരോൾഗാനമൽസരവും പുൽക്കൂട് മൽസരവും നടത്തി. മേഖല അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി നടത്തി.

**ശാഖ വാർത്തകൾ**

*അരിഞ്ചേർമല* : കൊളാഷ് നിർമ്മിച്ചു. ഗ്രൂപ്പടിസ്ഥാനത്തിൽ കരോൾഗാന മൽസരം നടത്തി. മേഖലയിൽ പുൽക്കുട് നിർമ്മാണ മൽസരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

*പ്രശാന്തഗിരി*: ഇടവകയിൽ 10 ദിവസത്തെ കൊന്ത മിഷൻലീഗ് അംഗങ്ങളുടെ നേതൃത്വത്തിൽ ആയിരുന്നു.

*കാവുംമന്ദം*:രോഗിയായികഴിയുന്ന കുപ്പാടിയിൽ ബാബുവിനെ സന്ദർശിക്കുകയും ക്രിസ്തുമസ് കേക്ക് മുറിക്കുകയും 3000 രൂപ സഹായമായി നൽകുകയും ചെയ്തു. കൽപ്പറ്റ ക്ലാരഭവൻസന്ദർശിച്ച് 3 വിദ്യാർത്ഥികൾക്ക് ഡ്രസ്സ് നൽകുകയും ചെയ്തു.

*അമ്പായത്തോട്* : കരോൾഗാനമൽസരം നടത്തി. ഏയ്ഞ്ചൽമീറ്റ് നടത്തി. ക്രിസ്തുമസ്ട്രി ഉണ്ടാക്കി.

*പുൽപ്പള്ളി*: 25 ദിവസവും പള്ളിയിൽ വന്ന 90 കുട്ടികൾക്ക് സമ്മാനം നൽകി.സുകൃതമഞ്ചരി തയ്യാറാക്കി.

*ഒലുവുമല*: കരോൾഗാന മൽസരത്തിൽ മേഖലയിൽ 3-ാം സ്ഥാനം കരസ്ഥമാക്കി.രോഗി സന്ദർശനം നടത്തുകയും സന്ദർശിച്ച ഭവനങ്ങളിൽ കേക്ക് നൽകി ക്രിസ്തുമസ്സ് ആശംസകൾ നേരുകയും ചെയ്തു.

*ചാരിറ്റി*: വൈത്തിരി ജയിൽ സന്ദർശിച്ച് വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

*ഇടിവണ്ണ*: ക്രിസ്തുമസിന്റെ ഭാഗമായി രോഗിയായ ഒരു ചേട്ടനെ

സന്ദർശിച്ച് കേക്ക് മുറിക്കുകയും ക്രിസ്തുമസ് ആശംസകൾ നേരുകയും ചെയ്തു.
*തേൾപ്പാറ*: ചോക്കാടിലെ അഗതിമന്ദിരമായ 'ശാന്തിസദൻ'സന്ദർശിച്ചു.
*ചുങ്കക്കുന്ന്*: പാൽച്ചുരം പളളിക്ക് സംഭാവനയായി 7500 രൂപ നൽകി. മേഖല കരോൾഗാന മൽസരത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കി. ഡിപ്ലോമ, 4,7,+2 സ്കോളർഷിപ്പ് രൂപതയിലും 10, +2 ക്ലാസ്സുകളിലും മുഴുവൻ A+ കിട്ടിയവരെ ക്യാഷ് അവാർഡ് നൽകി ആദരിച്ചു.
*വടപുറം*: ഉണ്ണിശോയ്ക്ക് നൽകാൻ സുകൃതവൃക്ഷം ഒരുക്കി.
*പഴൂർ*-ചെന്നയിലെ ദുരിതാശ്വാസ കേന്ദ്രങ്ങളിലേയ്ക്ക് ബിസ്ക്കറ്റും കുപ്പി വെള്ളവും നൽകി. ഇടവകയിലെ പാവപ്പെട്ട രണ്ട് കുടുംബങ്ങൾക്ക് ക്രിസ്തുമസ് കിറ്റ് നൽകി.
*ബത്തേരി*: ഇടവകയിൽനിന്നും ദൈവവിളി സ്വികരിച്ച എല്ലാ സമർപ്പിതർക്കും ആശംസകളയച്ചു.ഹൗസ് അടിസ്ഥാനത്തിൽ കരോൾഗാന മൽസരം നടത്തി.
*നെല്ലിയോടി*: ക്രിസ്തുമസ് ട്രീയും കരോൾഗാനമൽസരവും സാന്താക്ലോസ് മൽസരവും പുൽക്കൂട് നിർമ്മാണവും നടത്തി.
*വടക്കനാട്* :ഡിസംബർ 24 ന് കിടപ്പുരോഗികളെ വികാരിയച്ചനൊപ്പം സന്ദർശിച്ചു.നിർധനരായ 3 കുടുംബങ്ങൾക്ക് ക്രിസ്മസ് കിറ്റ് നൽകി.
*ശാന്തിഗിരി*: അൾത്താര ബാലിക-ബാലൻമാർക്കും ഗായകസംഘത്തിനും പ്രത്യേക പരിശീലനം നൽകി.ശാഖഎക്സിക്യൂട്ടിവ് ഭവന സന്ദർശനം നടത്തി, ഒരു കുടുംബത്തിന് 2000 രൂപ നൽകി.
*ചിത്രഗിരി*: ക്രിസ്തുമസ് കാർഡ് നിർമ്മാണമൽസരം നടത്തി.
*മഞ്ഞൂറ*: മതാദ്ധ്യാപനത്തിൽ 25വർഷം പിന്നിട്ട ശ്രീ. ജോസ് പാലത്തടത്തിൽ സാറിന് ജൂബിലി ആശംസകൾ, സമർപ്പിതസംഗമം നടത്തി.
*തവിഞ്ഞാൽ*: ഇടവകയിലെ രണ്ട് കുടുംബങ്ങൾക്ക് ക്രിസ്തുമസ് സമ്മാനമായി 1000രൂപ നൽകി. ക്രിസ്തുമസ് കാർഡ്, നക്ഷത്ര നിർമ്മാണം, കരോൾഗാന മൽസരം എന്നിവ നടത്തി.
*പനവല്ലി*: ഇടവക ധ്യാനത്തിനൊരുക്കമായി പളളിയും പരിസരവും വൃത്തിയാക്കി.
*തലഞ്ഞി*: കരുണയുടെ വർഷത്തോടനുബന്ധിച്ച് 'കാരുണ്യഭവനം' പാതിരിപ്പാടത്തിന് 20000 രൂപ നൽകി. ക്രിസ്തുമസ് വിശുദ്ധകുടുംബത്തോടൊപ്പം ആഘോഷിച്ചു.ആ കുടുംബത്തിന് ക്രിസ്തുമസ് ആഘോഷിക്കാൻ 3000രൂപയും നൽകി.
*പോരൂർ*: മിഷൻലീഗ് അംഗങ്ങൾ തയ്യാറാക്കിയ ക്രിസ്തുമസ്സ് കാർഡും ക്രിസ്തുമസ് സന്ദേശങ്ങളും ഉൾക്കൊളളിച്ച് കയ്യെഴുത്ത് മാസിക തയ്യാറാക്കി.
*കുറുമ്പാലക്കോട്ട*: വി. യൂദാതദേവൂസിന്റെ രൂപം പ്രയാണം ഇടവകയിലെ എല്ലാ കുടുംബങ്ങളിലും നടന്നു വരുന്നു.

**രഞ്ചിത്ത് മുതുപ്ലാക്കൽ**
രൂപത ജനറൽ സെക്രട്ടറി

**1–ാമത് ജാഗരണ പ്രാർത്ഥന**

യുവജനങ്ങൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ജാഗരണ പ്രാർത്ഥന നടവയൽ ഹോളിക്രോസ് ഫൊറോന ദേവാലയത്തിൽ സെപ്റ്റംബർ 8–ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 9–ാം തീയതി ബുധനാഴ്ച രാവിലെ 6 മണിക്ക് സമാപിച്ചു. ജാഗരണ പ്രാർത്ഥനയ്ക്ക് ഫാ. ലിൻസൺ CST, Sr. Jilsa George SKD എന്നിവർ നേതൃത്വം നല്കി. Sr. Jilsa George SKD,Sr. Therese CMC,Sr. Noyal Maria SABS എന്നിവർ കൗൺസിലിംഗിനു സഹായിച്ചു. ഫാ.തോമസ് തൈക്കുന്നുംപുറം, ഫാ. ജെസ്റ്റിൻ മുത്താനിക്കാട്ട്, ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, ഫാ. ഷിജു ഐക്കരക്കാനായിൽ, ഫാ. ലാൽ ജേക്കബ് പൈനുങ്കൽ എന്നിവർ കൈവയ്പ് ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. ഫാ.റോയി വട്ടക്കാട്ട്, ഫാ. ജോസ് കുളിരാനി, ഫാ. അനീഷ് കാട്ടാത്ത്,ഫാ. ഷാജു മുളകുടിയാങ്കൽ, ഫാ.ബിജോ കറുകപ്പള്ളി എന്നിവർ സന്നിഹിതരായിരുന്നു. വിവിധ ഇടവകയിലെ അത്മായരും, ബഹുമാനപ്പെട്ട സിസ്റ്റേഴ്സും ജാഗരണ പ്രാർത്ഥനയിൽ പങ്കെടുത്തു. പരിശുദ്ധ അമലോത്ഭവ മാതാവിന്റെ തിരുന്നാൾ ദിനത്തിൽ മാനന്തവാടി രൂപത Department of Youth Ministry യെയും പുതിയ സംരഭമായ STICU വിനെയും പരിശുദ്ധ അമ്മയുടെ അമലോത്ഭവ ഹൃദയത്തിനു സമർപ്പിച്ചു.നടവയൽ സി. എം. സി. സമൂഹത്തിലെ സി.ആൻസി, സി.ഡൽഫി മരിയ എന്നിവർ പ്രാർത്ഥനാ ശുശ്രൂഷക്ക് സഹായിച്ചു. സി. എം. സി. സമൂഹത്തിനും എല്ലാ സൗകര്യങ്ങളും ഒരുക്കി തന്ന ഫൊറോന വികാരി റവ. ഫാ. ഷാജു മുളകുടിയാങ്കൽ, കൊച്ചച്ചൻ, കൈക്കാരൻമാർ എന്നിവർക്കും പ്രത്യേകം നന്ദിയർപ്പിക്കുന്നു.

**Career CAR-Career Guidance Training Programme**

കൗമാരക്കാരായ വിദ്യാർത്ഥികൾക്ക് അവരുടെ കരിയർ മേഖലയിൽ ശരിയായ ദിശാബോധം നൽകുക എന്നത് അജപാലന ദൗത്യത്തിന്റെ ഭാഗമാണ്. Career Guidance മേഖലയിൽ താത്പര്യമുള്ളവർക്കും Youth Ministry യോട് ചേർന്നു പ്രവർത്തിക്കാൻ താത്പര്യമുള്ളവർക്കുമായി ഒരു Career Guidance workshop ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. ഈ Career workshop ജനുവരി 31 ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് തിങ്കളാഴ്ച രാത്രി 9 മണിക്ക്

അവസാനിക്കുന്നു. പ്രസിദ്ധ കരിയർ ട്രയിനർ Mr. MS ജലീൽ കോഴിക്കോട് ട്രയിനിംഗിനു നേതൃത്വം നല്കുന്നു. താത്പര്യമുള്ള അച്ചൻമാർക്കും, സിസ്റ്റേഴ്സിനും, അദ്ധ്യാപകർക്കും പങ്കെടുക്കാം. പേരുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം.

**Youth Ministry Team രൂപീകരണം**

മാനന്തവാടി രൂപതയിൽ ധർമ്മഗിരി ഇടവകയിൽ ആദ്യത്തെ യൂത്ത് മിനിസ്ട്രി ടീം രൂപീകരിച്ചു. ടീം അംഗങ്ങളായി ഷാജി അമ്മായിക്കുന്നേൽ,ആന്റപ്പൻ കീച്ചേരിൽ, ജോഷി താന്നോലിൽ, അനിൽ തോട്ടുങ്കൽ, സി. എൽസി മാത്യു MSMI, റീന പാലക്കുഴ, സ്മിത കുടിയിരിപ്പിൽ, മാർട്ടിൻ അയ്യമല, ജിഥിൻ ചുണ്ടക്കാട്ട്, സോണറ്റ് മണ്ണാർകുളം എന്നിവരെ ബഹു.വികാരി അച്ചൻ നിയമിച്ചു. ടീം രൂപീകരണത്തോടനുബന്ധിച്ച് ഡിസംബർ 25 വെള്ളിയാഴ്ച 3 മണിക്ക് നടന്ന യുവജന സംഗമത്തിൽ 75 യുവജനങ്ങൾ പങ്കെടുത്തു. കുമാരി അൻസു മാത്യു സമ്മേളനത്തിനു സ്വാഗതമാശംസിച്ചു. വികാരി ബഹു. ഫാ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ സമ്മേളനം ഉദ്ഘാടനം നടത്തി. രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ക്ലാസ്സുകൾക്കും, പ്രർത്ഥനയ്ക്കും നേതൃത്വം നല്കി. ജിഥിൻ വാഴക്കാല സമ്മേളനത്തിനു നന്ദിപറഞ്ഞു. കുട്ടികൾക്കും യുവജനങ്ങൾക്കുമായുള്ള രൂപത ഇടവക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും രൂപത - ഇടവക സംവിധാനങ്ങളെ സഹായിക്കുന്നതിനുമുള്ള ടീം ആണ് ഇടവകയിലെ യൂത്ത് മിനിസ്ട്രി ടീം. ഇതിനു നേതൃത്വം നല്കിയ വികാരി റവ. ഫാ. സെബാസ്റ്റ്യൻ കാശാംകുറ്റിക്കും യുവജനങ്ങൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

**കരിയർ ഗൈഡൻസ് ക്ലാസ്സ്**

+2 വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും ഈ സെമിനാറിൽ പങ്കെടുക്കണം. രജിസ്ട്രേഷൻ ഫീസ് 50 രൂപ. കരിയർ ഗൈഡൻസ് സെമിനാർ നടക്കുന്ന ദിവസവും സ്ഥലവും സമയവും താഴെ ചേർക്കുന്നു.

**കൊട്ടിയൂർ ഹൈസ്ക്കൂൾ** - ഫെബ്രുവരി 14 -ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിമുതൽ 3 മണിവരെ (ചുങ്കക്കുന്ന് ഫൊറോനകൾക്കുവേണ്ടി)

**ബത്തേരി ഡോൺബോസ്ക്കോ കോളേജ്** - ഫെബ്രുവരി 7 -ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ 4 മണിവരെ (ബത്തേരി, ഗൂഡല്ലൂർ നടവയൽ, പുൽപ്പള്ളി, കല്പ്പറ്റ, ഫൊറോനകൾക്കുവേണ്ടി)

**മാനന്തവാടി ടൗൺ ചർച്ച്** –ഫെബ്രുവരി 21 –ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിമുതൽ 4 മണിവരെ (മാനന്തവാടി, കല്ലോടി, പയ്യംപള്ളി ഫൊറോനകൾക്കുവേണ്ടി)
**മണിമൂളി പാസ്റ്ററൽ സെന്റർ** – മാർച്ച് 29 ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 12 മണിവരെ ( മണിമൂളി, നിലമ്പൂർ ഫൊറോനകൾക്കുവേണ്ടി)

**വിദേശ വിദ്യാഭ്യാസ സെമിനാറും കരിയർ ഗൈഡൻസും**

വിദേശ രാജ്യങ്ങളിലെ വിദ്യാഭ്യാസ സൗകര്യങ്ങളെക്കുറിച്ച് അറിവു നല്കുന്ന ഒരു സെമിനാർ മാർച്ച് 30 ബുധനാഴ്ച രാവിലെ 9.30 മുതൽ ഉച്ചക്ക് 2.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നു. അമേരിക്ക, കാനഡ, ന്യൂസിലാന്റ്, ഓസ്ട്രേലിയ, ഫിലിപ്പിയൻസ്, എന്നീ രാജ്യങ്ങളിൽ പോയി പഠിക്കാനാവശ്യമായ വിവരങ്ങൾ നല്കുന്നു.കേരളത്തിനകത്തും മറ്റ് സംസ്ഥാനങ്ങളിലും പഠിക്കാനാവശ്യമായ അഡ്മിഷൻ സഹായങ്ങളും നല്കുന്നു. രജിസ്ട്രേഷൻഫീസ് 50 രൂപ പേരുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
Director, Department of Youth Ministry

# കെ. സി. വൈ. എം.

പ്രിയ യുവജനസുഹൃത്തുക്കളെ,

പ്രവാചകയുവത്വവും സമർപ്പിത ചൈതന്യവും എന്ന പ്രവർത്തന വർഷമുദ്രാവാക്യത്തെ അടിസ്ഥാനപ്പെടുത്തി മാനന്തവാടി രൂപത കെ.സി.വൈ.എം നടത്തിയ പ്രവർത്തനങ്ങൾ സമൂഹത്തിൽ ചലനം സൃഷ്ടിക്കാൻ കഴിയുന്നവയായിരുന്നു.കേരളത്തിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിലേക്ക് സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുന്നതിനായി നടത്തിയ വയനാടൻ യുവ-ആന്തോളൻ പ്രവാചക ധീരതയോടും സമർപ്പിത ചൈതന്യത്തോടും നടത്തിയ പരി പാടിയായിരുന്നു. സാമൂഹ്യ അവബോധത്തിലേക്ക് യുവാക്കളെ നയി ക്കുന്നതിനായി നടത്തിയ ഫ്രീഡം ഡിബേറ്റ് സ്വാതന്ത്ര്യബോധത്തിന്റെ തനത് ധാരണകളെ തിരുത്താൻ ഉപകരിച്ചു. വർദ്ധിതമായ ഭീകരവാദവും മതതീവ്രവാദവും പകർച്ചവ്യാധിപോലെ പടരുന്ന സാഹചര്യത്തിൽ പ്രവാചക ധീരതയോടെ സമൂഹത്തോട് പ്രതിപ്രവർത്തിച്ച സംഘടന എന്ന നിലയിൽ കെ. സി. വൈ. എം. പൊതു സമൂഹത്തിന്റെ മാർഗ്ഗ ദീപമായി. ചലഞ്ച് മത്സരത്തിലൂടെ സ്നേഹ സംസ്ക്കാരത്തിന്റെ അനശ്വരതയെ ഉയർത്തിപ്പിടിക്കുകയും സ്നേഹദൂത് വിളംബരയാത്ര യിലൂടെ വിഷലിപ്തമായ അന്തരീക്ഷത്തെ സ്നേഹത്തിന്റെ സംഘഗാന ത്തിലൂടെ ശുദ്ധീകരിക്കാനും പ്രസ്ഥാനത്തിനു കഴിഞ്ഞിട്ടുണ്ട്. ഐക്യ ക്രിസ്മസ്സ് ആഘോഷം സമൂഹത്തെ സമാധാനത്തിന്റെയും സ്നേഹ ത്തിന്റെയും സംസ്ക്കാരത്തിലേക്ക് വിളിച്ചുണർത്തുന്നതായിരുന്നു.

എല്ലാ ബഹുമാനപ്പെട്ട അച്ചൻമാരെയും സിസ്റ്റേഴ്സിനെയും വിശിഷ്യ യുവജനങ്ങളെയും നന്ദിയോടെ ഓർക്കുന്നു. 2015 വർഷത്തിൽ കെ. സി. വൈ. എം. പ്രസ്ഥാനത്തെ നയിച്ച അസി.ഡയറക്ടർ റവ. ഫാ. ഷിജു ഐക്കരക്കാനായിൽ,സി. ലിൻസാ എഫ്.സി. സി. പ്രസി ഡണ്ട് ശ്രീ. സിബിൻ പാലമൂട്ടിൽ, കുമാരി സൻസി പൊട്ടയിൽ, ശ്രീ. എബിൻ മുട്ടപ്പള്ളി, ശ്രീ. റ്റേബി കൂട്ടുങ്കൽ, ശ്രീ. ഷാജി അഴകനാൽ, ശ്രീ. അജീഷ് പുല്ലാട്ടുകുടിയിൽ എന്നിവർക്ക് മാനന്തവാടി രൂപത കുടുംബത്തിന്റെ നന്ദിയും അനുഗ്രഹവും നേരുന്നു.

2016 വർഷത്തിൽ പ്രസ്ഥാനത്തെ നയിക്കാൻ തെരഞ്ഞെടുക്കപ്പെട്ട രൂപത പ്രസിഡണ്ട്: ശ്രീ. ആന്റണി മങ്കടപ്ര, വൈസ് പ്രസിഡണ്ട് കുമാരി അഞ്ജലി ചെറുപ്ലാവിൽ, ജനറൽ സെക്രട്ടറി ശ്രീ.സിബിൻ പാലമൂട്ടിൽ, സെക്രട്ടറിമാർ, കുമാരി റോസ് മേരി തേറുകാട്ടിൽ, ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ, കോ-ഓഡിനേറ്റർ ശ്രീ.സിജോ തൈപ്പറമ്പിൽ, ട്രഷറർ ശ്രീ. ജിജോ പൊടിമറ്റത്തിൽ എന്നീ യുവ നേതൃത്വത്തിനു എല്ലാ ആശംസകളും നേരുന്നു.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**

**'വഴി'പ്രകാശനവും പ്രവർത്തനവർഷ ഉദ്ഘാടനവും യൂണിറ്റ് മേഖല ഭാരവാഹികളുടെ സംഗമവും**

മാനന്തവാടി രൂപത കെ. സി. വൈ. എം. ന്റെ 2016 വർഷത്തെ പ്രവർത്തനവർഷ ഉദ്ഘാടനവും വഴിപ്രകാശനവും ഫെബ്രുവരി മാസം 13 ശനിയാഴ്ച ദ്വാരക യു.പി. സ്ക്കൂളിൽ വച്ച് നടത്തപ്പെടുന്നു. രജി. ഫീസ് 50 രൂപയായിരിക്കും. സമ്മേളനം രാവിലെ 9.30 ന് ആരംഭിച്ച് ഉച്ച കഴിഞ്ഞ് 3 മണിക്ക് അവസാനിക്കും. അന്നേ ദിവസം മികച്ച യൂണിറ്റുകളായി തിരഞ്ഞെടുക്കപ്പെട്ട അരിഞ്ചേർമല, ചുങ്കക്കുന്ന് യൂണിറ്റുകൾക്കും മികച്ച മേഖലയായി തിരഞ്ഞെടുക്കപ്പെട്ട മണിമൂളി മേഖലയ്ക്കും അവാർഡുകൾ നല്കും. പ്രവർത്തന വർഷ ഉദ്ഘാടനത്തോടനുബന്ധിച്ച് വയലിൻ ഫ്യൂഷൻ അന്നേ ദിവസം സംഘടിപ്പിക്കും.

**മേഖലകൾക്ക് ക്യാഷ് അവാർഡ്**

2016 പ്രവർത്തന വർഷ ഉദ്ഘാടനത്തോടനുബന്ധിച്ച് മേഖലയിലെ എല്ലാ യൂണിറ്റുകളിലെയും അംഗത്വനവീകരണം നടത്തിയ ലിസ്റ്റും യൂണിറ്റ് ഭാരവാഹികളുടെ അഡ്രസ്സ് ഉൾപ്പെടുന്ന ഫോമും ഫെബ്രുവരി 8-ാം തീയതിക്കു മുൻപ് രൂപത ഓഫീസിൽ എത്തിക്കുന്ന മേഖലയ്ക്ക് 1001 രൂപ ക്യാഷ് അവാർഡ് നല്കുന്നു.

**കെ സി വൈ എം അംഗത്വ നവീകരണം**

മാനന്തവാടി രൂപത കെ. സി. വൈ.എം. ലെ എല്ലാ യൂണിറ്റുകളിലും ഫെബ്രുവരി 7 നു മുൻപ് അംഗത്വനവീകരണം നടത്തണമെന്ന് അറിയിക്കുന്നു.

**Youth Cross വഹിച്ചുകൊണ്ടുള്ള പരിഹാരയാത്രയും ദണ്ഡവിമോചനം പ്രാപിക്കലും**

കരുണയുടെ വർഷത്തിൽ മാനന്തവാടി രൂപതയിലെ യുവജനങ്ങൾ യുവജന കുരിശുമേന്തി 30 കി. മീ. ദൂരം പരിഹാര പ്രദക്ഷണവും ദണ്ഡവിമോചനം പ്രാപിക്കലും നടത്തുന്നു. പരിഹാര യാത്രയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ രൂപതാ ഓഫീസുമായി ബന്ധപ്പെടുക.

ഫെബ്രുവരി 26–ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് കണിയാരം കത്തീഡ്രൽ ദേവാലയത്തിൽ വച്ച് ആരാധന യോടെ പരിപാടികൾ ആരംഭിക്കും. കുമ്പസാരത്തിനുള്ള സൗകര്യം ഉണ്ടായിരിക്കും. ശനിയാഴ്ച രാവിലെ 4 മണിക്ക് വി. കുർബ്ബാന തുടർന്ന് 5 മണിക്ക് മുള്ളൻകൊല്ലി ദേവാലയത്തിന്റെ കരുണയുടെ കവാടം ലക്ഷ്യമാക്കി പരിഹാരയാത്ര ആരംഭിക്കും. എല്ലാ യുവജനങ്ങളെയും, ബഹു. വൈദികർ, സിസ്റ്റേഴ്സ് എന്നിവരെയും ഈ പരിഹാരയാത്രയി ലേക്ക് സ്വാഗതം ചെയ്യുന്നു.

**സ്നേഹദൂതും ഐക്യ ക്രിസ്മസ്സ് ആഘോഷവും**
**'സ്നേഹദൂത്' വിളംബരയാത്ര**

വർദ്ധിച്ചുവരുന്ന മതതീവ്രവാദത്തിനും വർഗ്ഗീയ ചിന്തകൾക്കു മെതിരെ കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ ഐക്യത്തിന്റെ കാഹളം മുഴക്കി ഡിസംബർ 18, 19 വെള്ളി, ശനി തീയ തികളിൽ സ്നേഹദൂത് വിളംബരയാത്ര നടത്തി. 18–ാം തീയതി വെള്ളി യാഴ്ച രാവിലെ 8.30 ന് കേളകം ടൗണിൽ വച്ച് ചുങ്കക്കുന്ന് ഫൊറോന വികാരി റവ. ഫാ. തോമസ്സ് മണക്കുന്നേൽ വിളംബരയാത്ര ഉദ്ഘാ ടനം ചെയ്തു. കെ. സി. വൈ. എം. രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖ പ്രഭാഷണം നടത്തി. രൂപത പ്രസിഡണ്ട് ശ്രീ. സിബിൻ പാലമൂട്ടിൽ, രൂപത സിൻഡിക്കേറ്റ് അംഗം ജിജോ താന്നി വേലിൽ മേഖല ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം ,ചലഞ്ച് മത്സരവിജയികൾ എന്നിവർ സംസാരിച്ചു. തുടർന്ന് കൊട്ടിയൂർ തലപ്പുഴ, കാട്ടിക്കുളം, പുൽപ്പള്ളി, കേണിച്ചിറ, പനമരം എന്നിവിടങ്ങളിൽ സന്ദേശം നല്കി. തലപ്പുഴയിൽ മാനന്തവാടി മേഖല ഡയറക്ടർ റവ. ഫാ. വിൻസന്റ് കളപ്പുര ഉദ്ഘാടനം നടത്തി.മേഖല പ്രസിഡണ്ട് അരുൺ ജോണി പ്രസംഗിച്ചു.കേണിച്ചിറയിൽ റവ. ഫാ.ജോയി സന്നിഹിതനാ യിരുന്നു. പനമരത്ത് റവ. ഫാ. ജെയിംസ് ചക്കിട്ടക്കുടി ഉദ്ഘാടനം നടത്തി. മേഖല പ്രസിഡണ്ട് സിജോ തൈപ്പറമ്പിൽ പ്രസംഗിച്ചു.

19 –ാം തീയതി ശനിയാഴ്ച രാവിലെ ബത്തേരിയിൽ സ്നേഹ ദൂത് വിളംബരയാത്രക്ക് ആരംഭം കുറിച്ചു. ഫൊറോനാ വികാരി റവ.ഫാ സ്റ്റീഫൻ കോട്ടക്കൽ ഉദ്ഘാടനം നടത്തി. അമ്പലവയൽ, മേപ്പാടി, കല്പ്പറ്റ, കാവുംമന്ദം, പടിഞ്ഞാറത്തറ, വെള്ളമുണ്ട, എന്നീ പ്രദേശങ്ങ ളിലൂടെ വിളംബരയാത്ര നടത്തി. നാലാംമൈലിൽ സമാപിച്ചു. കല്പ്പറ്റയിൽ മേഖല ഡയറക്ടർ റവ. ഫാ. ജോണി മലയിൽ ഉദ്ഘാ ടനം നടത്തി. ചലഞ്ച് മത്സരവിജയികളായ കിഷോർ മുണ്ടക്കൽ, സിനീഷ് ആപ്പുഴയിൽ, ഷൈജൻ ഒലിക്കമാലിയിൽ, സാന്ദ്ര റോസ് മുണ്ടു നടക്കൽ, ഡിവൈൻ ജോസ് ചിറ്റിലപ്പള്ളി, ജോയേൽ പീക്കുന്നേൽ,

എഡ്‌വിൻ പനക്കപതാലിൽ, ജോസഫ് തടങ്ങഴി, മെർലിൻ മരിയ റോയി തുമ്പക്കാനായിൽ എന്നിവർ സ്നേഹസന്ദേശം നല്കി. കെ.സി. വൈ.എം. രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, അസി. ഡയറക്ടർ ഷിജു ഐക്കരക്കാനായിൽ, ശ്രീ. വിനു വാണിയപ്പള്ളിൽ, റവ. സി. ലിൻസ എഫ്. സി. സി., ശ്രീ. ഷാജി അഴകനാൽ, ശ്രീ.റ്റോബി കൂട്ടുങ്കൽ, ശ്രീ.എബിൻ മുട്ടപ്പള്ളി, ശ്രീ.ബിബിൻ ചെമ്പക്കര, രൂപത പ്രസിഡണ്ട് ശ്രീ. സിബിൻ പാലമൂട്ടിൽ ശ്രീ. അജീഷ് പുല്ലാട്ടുകുടിയിൽ എന്നിവർ നേതൃത്വം നല്കി. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. സിജോ അമ്പാട്ട് സന്നിഹിതനായിരുന്നു.

**വാർഷികപ്രതിനിധിസമ്മേളനം ഡിസംബർ 20**

കെ. സി. വൈ. എം. മാനന്തവാടി രൂപത 21 -ാം പ്രവർത്തന വർഷത്തെ വാർഷികപ്രതിനിധി സമ്മേളനം 2015 ഡിസംബർ 20-ാം തിയതി ഞായറാഴ്ച വൈകുരേം 5 മണിക്ക് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തി. 2015-16 വർഷത്തെ മേഖലഭാരവാഹികൾ പങ്കെടുത്ത പ്രതിനിധിസമ്മേളനം കെ. സി. വൈ. എം. രൂപത അസി. ഡയറക്ടർ റവ. ഫാ. ഷിജു ഐക്കരക്കാനായിലിന്റെ നേതൃത്വത്തിലുള്ള ആരാധനയോടെ ആരംഭിച്ചു. രൂപത സെക്രട്ടറി ശ്രീ.എബിൻ മുട്ടപ്പള്ളി സ്വാഗതവും, രൂപത പ്രസിഡന്റ് ശ്രീ. സിബിൻ പാലമൂട്ടിൽ പൊതുസമ്മേളനത്തിന് അദ്ധ്യക്ഷതയും, കെ. സി. വൈ. എം. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. സിജോ അമ്പാട്ട് ഉദ്ഘാടനവും, രൂപത അസി. ഡയറക്ടർ റവ.ഫാ.ഷിജു ഐക്കരക്കാനായിൽ ആമുഖപ്രഭാഷണവും നിർവ്വഹിച്ചു. രൂപത ആനിമേറ്റർ സി. ലിൻസാ എഫ്. സി. സി. വചന പ്രതിഷ്ഠയും രൂപത വൈസ് പ്രസിഡണ്ട് കുമാരി സൻസി പൊട്ടയിൽ നന്ദിയും അർപ്പിച്ചു. തുടർന്ന് മുൻ മിജാർക്ക് ഏഷ്യൻ പ്രതിനിധി ശ്രീ. ജോസ് പള്ളത്ത് ക്ലാസ്സ് നയിച്ചു. 50 യുവജനങ്ങൾ പരിശീലനത്തിൽ പങ്കെടുത്തു. 21-ാം തിയ്യതി രാവിലെ മാനന്തവാടി രൂപത കെ. സി. വൈ.എം. അസി. ഡയറക്ടർ റവ. ഫാ. ഷിജു ഐക്കരക്കാനായിൽ വി. ബലിയർപ്പിച്ചു. തുടർന്ന് കെ. സി. വൈ. എം. ഡയറക്ടർ റവ. ഫാ ലാൽ ജേക്കബ് പൈനുങ്കൽ ക്ലാസ്സ് എടുക്കുകയും ചെയ്തു.

**സ്നേഹസന്ദേശ റാലി**

മാനന്തവാടി ടൗൺ ചർച്ചിൽ വച്ച് ഡിസംബർ 21-ാം തീയതി തിങ്കളാഴ്ച 3 മണിക്ക് ആരംഭിച്ച യുവജനറാലിക്ക് കത്തീഡ്രൽ വികാരി റവ. ഫാ. ജോർജ് മൈലാടൂർ flag ഓഫ് ചെയ്ത് ഉദ്ഘാടനം നടത്തി. ഇരുന്നോറോളം പേർ ക്രിസ്മസ്സ് പപ്പ വേഷത്തിൽ അണിനിരന്നു. കെ.സി. വൈ. എം. രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, രൂപത അസി. ഡയറക്ടർ റവ. ഫാ. ഷിജു ഐക്കരക്കാനായിൽ,

രൂപത പ്രസിഡണ്ട് ശ്രീ. സിബിൻ പാലമൂട്ടിൽ, ജനറൽ സെക്രട്ടറി ശ്രീ. എബിൻ മുട്ടപ്പള്ളി, രൂപതാ ആനിമേറ്റർ സി.ലിൻസ എഫ്.സി.സി., രൂപത വൈസ് പ്രസിഡണ്ട് കുമാരി സൻസി പൊട്ടയിൽ, രൂപത സെക്രട്ടറി ശ്രീ.റ്റോബി കൂട്ടുങ്കൽ, ട്രഷറർ ശ്രീ. അജീഷ് പുല്ലാട്ടുകുടിയിൽ, കോ -ഓർഡിനേറ്റർ ശ്രീ. ഷാജി അഴകനാൽ, രൂപത സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ജിജോ താന്നിവേലിൽ, കുമാരി ലിറ്റി കൊച്ചുപുരക്കൽ, കുമാരി അക്ഷയ വടക്കേൽ, മാനന്തവാടി മേഖല ഡയറക്ടർ റവ. ഫാ. വിൻസന്റ് കളപ്പുര, കല്ലോടി മേഖല ഡയറക്ടർ റവ. ഫാ. ബിജു തുരുത്തേൽ എന്നിവർ നേതൃത്വം നല്കി. മേഖലകളുടെ നേതൃത്വവും യൂണിറ്റുകൾക്ക് നേതൃത്വം നല്കുന്ന ബഹു. വൈദികരുടെയും, ആനിമേറ്റേഴ്സിന്റെയും, കെ.സി.വൈ.എ. അംഗങ്ങളുടെയും സഹകരണവും റാലിയെ മനോഹരമാക്കി. ടൗൺ ചർച്ചിൽ നിന്ന് ആരംഭിച്ച റാലി ടൗൺഹാളിൽ സമാപിച്ചു. വർണ്ണ ശബളമായ റാലിക്കുശേഷം ടൗൺ ഹാളിൽ മാനന്തവാടി രൂപത കെ. സി. വൈ. എം. ന്റെ 21-ാം വാർഷിക സമ്മേളനവും ഐക്യ ക്രിസ്മസ്സ് ആഘോഷത്തിന്റെ പൊതുസമ്മേളനവും നടന്നു.

**21-ാം വാർഷിക സമ്മേളനവും ഐക്യ ക്രിസ്മസ്സ് ആഘോഷവും**

കെ. സി. വൈ. എം. ന്റെ 21-ാം വാർഷിക സമ്മേളനവും ഐക്യ ക്രിസ്മസ്സ് ആഘോഷത്തിന്റെ പൊതുസമ്മേളനം വർണ്ണ ശബളമായ റാലിക്കുശേഷം ടൗൺ ഹാളിൽവച്ച് നടന്നു. രൂപത ആനിമേറ്റർ സി. ലിൻസാ എഫ്. സി. സി. വചന പ്രതിഷ്ഠയും, കെ. സി. വൈ. എം. രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ സ്വാഗതവും ആശംസിച്ചു. കെ. സി. വൈ. എം. പ്രസിഡണ്ട് ശ്രീ സിബിൻ പാലമൂട്ടിൽ അദ്ധ്യക്ഷത വഹിച്ചു. യാക്കോബായ സുറിയാനി ക്രിസ്ത്യാനിസഭ മലബാർ ഭദ്രാസനമെത്രാപ്പോലീത്ത സഖറിയാസ് മോർ പോളിക്കാർപോസ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.. മാനന്തവാടി രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം അനുഗ്രഹ പ്രഭാഷണം നടത്തി. SKSSF ജില്ലാ മെമ്പർ ശ്രീ. ഷറഫുദീൻ നിസാമി സംസാരിച്ചു. മാനന്തവാടി രൂപത മെത്രാൻ മാർ ജോസ് പൊരുന്നേടം ക്രിസ്മസ്സ് സമ്മാനങ്ങൾ കൈമാറി. ചലഞ്ച് മത്സര വിജയികൾക്ക് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും, കെ.സി.വൈ.എം. സംസ്ഥാന മത്സര വിജയികൾക്ക് സമ്മാനവിതരണവും സർട്ടിഫിക്കറ്റും അഭിവന്ദ്യ പിതാക്കൻമാർ കൈമാറി. അഭിവന്ദ്യ പിതാക്കൻമാരും മറ്റു മതനേതാക്കളും ചേർന്ന് ക്രിസ്മസ്സ് കേക്ക് മുറിക്കുകയും എല്ലാ യുവജനങ്ങൾക്കും വിതരണം ചെയ്യുകയും ചെയ്തു. അഭിവന്ദ്യ പിതാക്കൻമാരുടെയും മതനേതാക്കളുടെയും നേതൃത്വത്തിൽ സമാധാനത്തിന്റെ പ്രതീകമായ വെള്ളരി

പ്രാവിനെ വാനിലേക്ക് ഉയർത്തിവിട്ടത് യുവജനങ്ങൾക്ക് വേറിട്ട ഒരു അനുഭവമായി.

രൂപതാ വൈസ് പ്രസിഡണ്ട് കുമാരി സൻസി പൊട്ടയിൽ ആശംസകളർപ്പിച്ചു സംസാരിച്ചു. ജനറൽ സെക്രട്ടറി ശ്രീ. എബിൻ മുട്ടപ്പള്ളി നന്ദി പ്രകാശിപ്പിച്ചു. ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, കെ.സി.വൈ.എം. രൂപതാ സെക്രട്ടറി റ്റോബി കൂട്ടുങ്കൽ, കോ-ഓഡിനേറ്റർ ശ്രീ. ഷാജി അഴകനാൽ, രൂപത ട്രഷറർ ശ്രീ. അജീഷ് പുല്ലാട്ടുകുടിയിൽ എന്നിവരും, രൂപത സെനറ്റ് അംഗങ്ങളും  പങ്കെടുത്തു. വിവിധ മേഖലകളിൽ നിന്ന് 1500 യുവജനങ്ങൾ പങ്കെടുത്തു.

**വാർഷിക സെനറ്റ്**

2015 വർഷത്തെ വിലയിരുത്തുവാനും പുതുവർഷത്തിൽ പുത്തനുണർവ്വോടെ കർമ്മനിരതരാകുവാനും കെ. സി. വൈ. എം. മാനന്തവാടി രൂപതയുടെ വാർഷിക സെനറ്റ് 2016 ജനുവരി 9-ാം തീയ്യതി ശനിയാഴ്ച 9.30 ന് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂപത പ്രസിഡണ്ട് ശ്രീ. സിബിൻ പാലമൂട്ടിൽ പതാക ഉയർത്തി. രൂപത ആനിമേറ്റർ സി.ലിൻസാ എഫ്.സി.സി. വചനപ്രതിഷ്ഠ നടത്തി. ശ്രീ. സിബിൻ പാലമൂട്ടിൽ അദ്ധ്യക്ഷത വഹിച്ചു.  ശ്രീ. എബിൻ മുട്ടപ്പള്ളി സ്വാഗതം ആശംസിച്ചു. വാർഷിക സെനറ്റ് ഉദ്ഘാടനം കെ.സി.വൈ.എം. രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ നിർവ്വഹിച്ചു. രൂപത വാർഷിക വരവു ചിലവ് കണക്കുകൾ ട്രഷറർ ശ്രീ. അജീഷ് പുല്ലാട്ടുകുടിയിൽ അവതരിപ്പിച്ചു. തുടർന്ന് മേഖല റിപ്പോർട്ടുകളും രൂപത റിപ്പോർട്ടും അവതരിപ്പിച്ച് പാസാക്കി. 2016 വർഷത്തേയ്ക്കുള്ള  ഭാരവാഹികളെ സെനറ്റിൽ വച്ച് തെരഞ്ഞെടുത്തു.

**2016 രൂപത സെക്രട്ടറിയേറ്റ് അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ**

| | |
|---|---|
| രൂപത പ്രസിഡണ്ട് | : ശ്രീ.ആന്റണി മങ്കടപ്ര, മുള്ളൻകൊല്ലി |
| വൈസ് പ്രസിഡണ്ട് | : കുമാരി അഞ്ജലി ചെറുപ്ലാവിൽ, വൈത്തിരി |
| ജനറൽ സെക്രട്ടറി | : ശ്രീ. സിബിൻ പാലമൂട്ടിൽ, തലഞ്ഞി |
| സെക്രട്ടറിമാർ | : കുമാരി റോസ് മേരി തേറുകാട്ടിൽ, ബത്തേരി<br>ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ, കൊമ്മയാട് |
| കോ-ഓഡിനേറ്റർ | : ശ്രീ. സിജോ തൈപ്പറമ്പിൽ, ചെറുകാട്ടൂർ |
| ട്രഷറർ | : ശ്രീ. ജിജോ പൊടിമറ്റത്തിൽ, കോട്ടത്തറ |

**സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങൾ**

ശ്രീ. ബിബിൻ ചെമ്പക്കര, കുമാരി സൻസി പൊട്ടയിൽ,

**സംസ്ഥാന സെനറ്റ് അംഗങ്ങൾ**

ശ്രീ എബിൻ മുട്ടപ്പള്ളി, ശ്രീ സജിൻ ജോസ് ചാലിൽ, ശ്രീ.ഷാജി അഴകനാൽ, കുമാരി അഞ്ജലി ചെറുപ്ലാവിൽ

**മികച്ച യൂണിറ്റ് അവാർഡ്**

2015 പ്രവർത്തന വർഷത്തിലെ മികച്ച യൂണിറ്റുകളായ അരിഞ്ചേർമല, ചുങ്കക്കുന്ന് യൂണിറ്റുകളെ തിരഞ്ഞെടുത്തു. യൂണിറ്റുകൾക്കു നേതൃത്വം നല്കികൊണ്ടിരിക്കുന്ന റവ.ഫാ.തോമസ്സ് മണക്കുന്നേലച്ചനും, ആനിമേറ്റർ സിസ്റ്റർ നിർമ്മലയ്ക്കും, യൂണിറ്റ് പ്രസിഡണ്ട് കമിലേ കണ്ണന്താനത്തിനും ടീം അംഗങ്ങൾക്കും, അരിഞ്ചേർമല യൂണിറ്റ് ഡയറക്ടർ റവ. ഫാ. പോൾ ഇടയകൊണ്ടാട്ടച്ചനും, ആനിമേറ്റർ സി. പവിത്രയ്ക്കും, യൂണിറ്റ് പ്രസിഡണ്ട് അനൂപിനും ടീം അംഗങ്ങൾക്കും കെ. സി. വൈ. എം. രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**മികച്ച മേഖല അവാർഡ്**

2015 പ്രവർത്തന വർഷത്തിലെ മികച്ച മേഖലയായി മണിമൂളി തിരഞ്ഞെടുത്തു. മണിമൂളി മേഖലയ്ക്ക് നേതൃത്വം നല്കുന്ന റവ. ഫാ.ജോയി തുരുത്തേലച്ചനും, ആനിമേറ്റർ സിസ്റ്റർ ക്ലയറിനും, മേഖല പ്രസിഡണ്ട് സന്തോഷ് മാത്യുവിനും ടീം അംഗങ്ങൾക്കും കെ.സി. വൈ.എം. രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**അനുമോദനങ്ങൾ**

കെ.സി.വൈ.എം. മാനന്തവാടി രൂപത സിൻഡിക്കേറ്റംഗവും സംസ്ഥാന സെനറ്റ് അംഗവുമായ വിനു വാണിയപ്പള്ളിക്കും വധുവിനും കെ സി. വൈ. എം. രൂപതാ കുടുംബത്തിന്റ അനുമോദനങ്ങൾ

**അനുശോചനങ്ങൾ**

2015 ൽ മനുഷ്യത്വത്തിന്റെ മുഖമായിരുന്ന നൗഷാദ് കോഴിക്കോടിന്റെയും, ബാബു തരിയോടിന്റെയും ആകസ്മിക നിര്യാണത്തിലും, രാജ്യത്തിനായി പോരാടി വീരമൃത്യു വരിച്ച ലെഫ് കേണൽ നിരഞ്ജൻ കുമാറിന്റെ നിര്യാണത്തിലും കെ.സി.വൈ.എം. രൂപത കുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു.

**നന്ദിയോടെ**

2015 വർഷത്തിൽ മാനന്തവാടി രൂപതയിലെ യുവജനപ്രസ്ഥാനമായ കെ.സി.വൈ.എം. നെ ധീരതയോടെ നയിച്ച സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾക്ക് സ്നേഹപൂർവ്വം നന്ദി. പ്രസ്ഥാനത്തിനു വേണ്ടി സമയവും സാഹചര്യവും കഴിവുകളുമെല്ലാം ഇവർ വിനിയോഗിച്ചു. രൂപതാതല പ്രവർത്തനങ്ങൾ പ്രാർത്ഥനയും നിർദ്ദേശങ്ങളും സാമിപ്യവും നല്കി പ്രവർത്തന വഴികളിൽ കൂടെ നിന്ന അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിനെയും ബഹു. മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചനെയും നന്ദിയോടെ സ്മരിക്കുന്നു. രൂപതാതല പ്രവർത്തനങ്ങൾ ഊർജ്ജസ്വലതയോടെ നിർവ്വഹിച്ച ഡയറക്ടർ

റവ. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ അസി.ഡയറക്ടർ റവ. ഫാ ഷിജു ഐക്കരക്കാനായിൽ,സി. ലിൻസാ എഫ്.സി. സി. പ്രസിഡണ്ട് ശ്രീ. സിബിൻ പാലമൂട്ടിൽ, കുമാരി സൻസി പൊട്ടയിൽ, ശ്രീ. എബിൻ മുട്ടപ്പള്ളി, ശ്രീ. റ്റോബി കൂട്ടുങ്കൽ, ശ്രീ.ഷാജി അഴകനാൽ, ശ്രീ അജീഷ് പുല്ലാട്ടുകുടിയിൽ, യൂണിറ്റ്, മേഖല രൂപത തലങ്ങളിൽ പ്രസ്ഥാനത്തെ നയിച്ച ഓരോ യൂണിറ്റിലെയും വൈദികർ, ആനിമേറ്റർ, യുവജനങ്ങൾ എന്നിവരെയും പ്രസ്ഥാനത്തിലെ മുൻകാല ഭാരവാഹികളെയും നന്ദിയോടെ ഓർക്കുന്നു. 2016 പ്രവർത്തനവർഷത്തെ രൂപതയെ നയിക്കുവാൻ സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ട ഓരോരുത്തർക്കും അഭിനന്ദനങ്ങൾ

**യൂണിറ്റ് വാർത്തകൾ**

**കാവുംമന്ദം യൂണിറ്റ്**

കെ.സി.വൈ.എം. രൂപത വാർഷികത്തിനും, റാലിയ്ക്കും വിളംബരയാത്രയ്ക്കും യൂണിറ്റ് അംഗങ്ങൾ സഹകരിച്ചു. പുൽക്കൂട് നിർമ്മിക്കുകയും, വായനകൾക്കും ഗാനശുശ്രൂഷയ്ക്കും യുവജനങ്ങൾ നേതൃത്വം നൽകുകയും ചെയ്തു. മാർട്ടിൻ അച്ചന്റെയും സി. പീയൂഷയുടെയും നേതൃത്വത്തിൽ കല്പ്പറ്റ ക്ലാര ഭവൻ old age home സന്ദർശിക്കുകയും കേക്കും അവർക്കാവശ്യമായ സാധനങ്ങൾ നല്കുകയും ചെയ്തു. ക്രിസ്മസ്സ് രാത്രിയിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ കേക്കും കാപ്പിയും നല്കി.

**പനവല്ലി യൂണിറ്റ്**

ഡിസംബർ 4, 5, 6, ദിവസങ്ങളിൽ നടന്ന വാർഷികധ്യാനത്തിൽ എല്ലാ യുവജനങ്ങളും പങ്കുചേർന്നു. ക്രിസ്തുമസ്സിനോടനുബന്ധിച്ച് പള്ളിയും പരിസരവും വൃത്തിയാക്കാൻ എല്ലാവരും സഹകരിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ മനോഹരമായ പുൽക്കൂടും ക്രിസ്മസ്സ് ട്രീയും നിർമ്മിച്ചു.

**ചുങ്കക്കുന്ന് യൂണിറ്റ്**

ഡിസംബർ മാസത്തിലെ എല്ലാ ശനിയാഴ്ചയും യുവജനങ്ങൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ്സ് മണക്കുന്നേലച്ചന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി മാസമീറ്റിങ്ങ് നടത്തുകയും, ക്ലാസ്സ് എടുക്കുകയും, വി ബലിയർപ്പിക്കുകയും ചെയ്തു.185 യുവജനങ്ങൾ പങ്കെടുത്തു. സ്നേഹദൂത് വിളംബരയാത്രയിലും, രൂപത വാർഷികത്തിലും, ഐക്യക്രിസ്മസ്സ് ആഘോഷത്തിലും പങ്കെടുത്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ ക്രിസ്മസ്സ് രാത്രിയിൽ കാപ്പിയും കേക്കും നല്കി. പാൽച്ചുരം മുതൽ കേളകം വരെ ക്രിസ്മസ്സ്

കരോൾ നടത്തി. ഇടവകാംഗം പ്രകാശ് വെട്ടിക്കലിന്റെ തിരുപ്പട്ട സ്വീകരണത്തിന് ഒരുക്കമായി ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുത്തു.

**ഒലിവുമല യൂണിറ്റ്**

ക്രിസ്മസ്സിന് ഒരുക്കമായി ദേവാലയത്തിൽ നക്ഷത്രം നിർമ്മിച്ചു. പുൽക്കൂട് നിർമ്മിച്ചു.മേഖലയിൽ പുൽക്കൂടിന് രണ്ടാം സ്ഥാനം ലഭിച്ചു. കരോൾ നടത്തി. രോഗീസന്ദർശനം നടത്തി. ഫണ്ട് ശേഖരണാർത്ഥം കൂപ്പൺ അടിച്ചിറക്കുകയും 25-ാം തീയതി നറുക്കെടുപ്പ് നടത്തുകയും ചെയ്തു.

**ചാരിറ്റി യൂണിറ്റ്**

ഡിസംബർ മാസത്തിലെ എല്ലാ ദിവസവും വി. ബലിയിൽ സംബന്ധിച്ച് പ്രാർത്ഥിച്ചു. ഓരോ ദിവസവും പുതിയ സുകൃതങ്ങൾ സ്വന്തമാക്കി. പുൽക്കൂടും ക്രിസ്മസ് ട്രീയും യുവജനങ്ങളുടെ നേതൃത്വത്തിൽ നിർമ്മിച്ചു.മേഖലയിൽ പുൽക്കൂടിന് മൂന്നാം സ്ഥാനം ലഭിച്ചു.

**പുതുശ്ശേരി യൂണിറ്റ്**

യൂണിറ്റ് അംഗങ്ങൾ ദേവാലയ നിർമ്മാണഫണ്ട് ശേഖരണാർത്ഥം ക്രിസ്മസ്സ് കേക്ക് വിൽപന നടത്തി. കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ പുല്ക്കൂടും നക്ഷത്രവും നിർമ്മിച്ചു.

**തരിയോട് യൂണിറ്റ്**

ക്രിസ്മസ്സിന് ഒരുക്കമായി ദേവാലയത്തിൽ നക്ഷത്രവും ആകർഷകമായ രീതിയിൽ പുൽക്കൂടും നിർമ്മിച്ചു. ഇത് യുവജനങ്ങളുടെ കൂട്ടായ്മയ്ക്ക് കാരണമായി.

**മുള്ളൻകൊല്ലി യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ മേഖലതലത്തിൽ കരോൾ ഗാന മത്സരം നടത്തി. ബഹു. ഫൊറോന വികാരിയുടെ അധ്യക്ഷതയിൽ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. ഷെൽജൻ ചാലയ്ക്കൽ ഉദ്ഘാടനം നിർവ്വഹിക്കുകയും മേഖല കെ. സി. വൈ. എം. ഡയറക്ടർ ആശംസകളർപ്പിക്കുകയും ചെയ്തു. മുള്ളൻകൊല്ലി ഇടവകയിലെ എല്ലാ യുവജനങ്ങളും ഒരുമിച്ചുകൂടി Youth Night Programe സംഘടിപ്പിച്ചു.യുവജനങ്ങളുടെ നേതൃത്വത്തിൽ പഴയസാധനങ്ങൾ ശേഖരിച്ച് വിറ്റുകിട്ടിയ തുക കൊണ്ട് എല്ലാവരുടെയും ഉപയോഗത്തിനായി ഒരു മൊബൈൽ ഫ്രീസർ വാങ്ങി.

**എബിൻ മുട്ടപ്പള്ളി**

കെ.സി.വൈ.എം. ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഡിസംബർ 27 മുതൽ 30 വരെ നടന്ന കോഴ്സിൽ 114 പേരും ജനുവരി 10 മുതൽ 13 വരെ നടന്ന കോഴ്സിൽ 97 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

| | | |
|---|---|---|
| ഫെബ്രുവരി 21-24 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| മാർച്ച് 4-7 | - | മണിമൂളി |
| മാർച്ച് 18-21 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

**പ്രത്യേക ശ്രദ്ധയ്ക്ക്**

മാർച്ച് 4 മുതൽ 7 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടക്കുന്ന കോഴ്സിനെക്കുറിച്ച് മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിലെ ഇടവകകളിൽ നേരത്തെ തന്നെ വിളിച്ചു പറയുമല്ലോ. ഈ പ്രദേശങ്ങളിൽ നിന്നും കോഴ്സിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്നവരോട് മാർച്ച് 4-7 ന്റെ കോഴ്സിൽ പങ്കെടുക്കാൻ ഓർമ്മിപ്പിക്കണെ.

**സീറോ മലബാർ മാതൃവേദി**

14-1-2016 -ന് മാതൃവേദി സംയുക്ത എക്സിക്യൂട്ടിവ് ചേർന്നു. രൂപതാ ഡയറക്ടർ ബഹു.മാത്യു പെരിയപ്പുറം അച്ചന്റെയും അസോസിയേറ്റ് ഡയറക്ടർ ജോഷി മഞ്ഞക്കുന്നേൽ അച്ചന്റെയും നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ സി. കൃപ എസ്.എ.ബി.എസ് പ്രാർത്ഥന നയിച്ചു. അസോസിയേറ്റ് ഡയറക്ടർ ജോഷി മഞ്ഞക്കുന്നേൽ അച്ചൻ സ്വാഗതം ആശംസിച്ചു. സെക്രട്ടറി ശ്രീമതി കത്രിക്കുട്ടി മണ്ണൂക്കുളം റിപ്പോർട്ട് അവതരിപ്പിച്ചു. കഴിഞ്ഞ രൂപതാ വാർഷികത്തെ വിലയിരുത്തി. അടുത്തു വരുന്ന കലാ സാഹിത്യ മൽസരങ്ങളെക്കുറിച്ച് യോഗം ചർച്ച ചെയ്തു. സീറോ മലബാർ മാതൃവേദിയുടെ കേന്ദ്ര നേതൃ സംഗമത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചു. രൂപതയുടെ മാതൃവേദി പ്രവർത്തനങ്ങളിൽ ഇക്കാലമത്രയും സേവനനിരതരായിരുന്ന എക്സിക്യൂട്ടിവ് അംഗങ്ങൾക്ക് നന്ദിയർപ്പി

ക്കുകയും മെമന്റോ നൽകുകയും ചെയ്തു. പുതിയ ഭാരവാഹികൾ ഉത്തരവാദിത്വം ഏറ്റെടുത്തു.

**മാതൃവേദി ശാഖാ ഭാരവാഹികളുടെ രൂപതാതല സംഗമം**

സീറോ മലബാർ മാതൃവേദി രൂപതാതലത്തിൽ ഭാരവാഹികളുടെ സംഗമം നടത്തുന്നു. 2016 ഫെബ്രുവരി 29-ാം തീയതി 10 മണി മുതൽ 2 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ എല്ലാ ശാഖകളിൽ നിന്നുമുള്ള ഭാരവാഹികൾക്കായി ഏകദിന നേതൃത്വപരിശീലനമാണ് ഉദ്ദേശിക്കുന്നത്. ശാഖകളിലെ മുഴുവൻ ഭാരവാഹികളും പ്രസ്തുത സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്. വിശദവിവരങ്ങൾ കത്തുമുഖേന അറിയിക്കുന്നതാണ്. മറ്റു പരിപാടികൾ മുൻകൂട്ടി ക്രമീകരിച്ച് ഇതിൽ പങ്കെടുക്കാൻ എല്ലാവരും ശ്രദ്ധിക്കണം. അഭിവന്ദ്യ പിതാവിന്റെ സാന്നിധ്യം യോഗത്തിലുണ്ടായിരിക്കുന്നതാണ്.

**ഏകസ്ഥർക്കായി ധ്യാനം**

നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന ഏകസ്ഥ കൂട്ടായ്മയായ മരിയൻ സിംഗിൾസിന്റെ നേതൃത്വത്തിൽ സീയോൻ ധ്യാനകേന്ദ്രത്തിന്റെ സഹായത്തോടെ ഏപ്രിൽ 18 മുതൽ 21 വരെ ഏകസ്ഥ വനിതകൾക്കായി ഒരു ധ്യാനം സംഘടിപ്പിക്കുന്നു. നമ്മുടെ ഇടവകകളിലുള്ള മുഴുവൻ ഏകസ്ഥ വനിതകളെയും ഉദ്ദേശിച്ചാണ് ധ്യാനം ഒരുക്കുന്നത്. ബഹു.വികാരിയച്ചൻമാരും സിസ്റ്റേഴ്സും പ്രത്യകം താൽപര്യമെടുത്ത് ഇടവകയിലുള്ള ഏകസ്ഥരെ കണ്ടെത്തി ധ്യാനത്തിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

**കലാ സാഹിത്യ മൽസരങ്ങൾക്കുള്ള നിർദ്ദേശങ്ങൾ**

മാതൃവേദി അംഗങ്ങൾക്കായി മൂന്ന് വർഷത്തിലൊരിക്കൽ നടത്തുന്ന കലാ സാഹിത്യ മൽസരങ്ങൾക്ക് ഈ മാസങ്ങളിൽ തുടക്കമാവുകയാണല്ലോ. അമ്മമാരിലെ സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കുവാനുള്ള അവസരമാണിത്. മൽസരങ്ങളായതുകൊണ്ട് ആവേശം വർദ്ധിക്കുക സ്വാഭാവികമാണല്ലോ. അതുകൊണ്ട് മൽസരങ്ങളുടെ കൃത്യമായ നടത്തിപ്പിന് ആവശ്യമായ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**മത്സര ഇനങ്ങൾ**

ഉപന്യാസം, കഥ, കവിത, പ്രസംഗം, ക്രിസ്തീയ ഭക്തിഗാനാലാപനം, മോണോ ആക്ട്, ബൈബിൾ വാക്യപഠനം, ക്വിസ്, ബൈബിൾ വായന, ഓർമ്മ പരിശോധന, സംഘഗാനം, ബൈബിൾ സ്കിറ്റ്.

**വിഷയങ്ങൾ**

1. ഉപന്യാസം, കഥ, കവിത, പ്രസംഗം - വി.ലൂക്കായുടെ സുവിശേഷം അദ്ധ്യായം 15.
2. ക്വിസ് - ലൂക്ക 13-24 (50%), കരുണയുടെ മുഖം (30%), മാതൃവേദി നിയമാവലി (20%).

**നിബന്ധനകൾ**

1. മൽസരങ്ങൾ മാതൃവേദി അംഗങ്ങൾക്ക് മാത്രമുള്ളതാണ്.
2. 2015 ഡിസംബർ 31–നു മുമ്പ് അംഗത്വം നവീകരിക്കുകയോ, പുതിയ തായി അംഗമാവുകയോ ചെയ്തവർക്കാണ് മൽസരത്തിൽ പങ്കെടു ക്കാൻ അർഹതയുള്ളത്.
3. മാതൃവേദി അംഗങ്ങളും, ആനിമേറ്റേഴ്സും അല്ലാത്ത ആരും മത്സര വേദിയിൽ ഒരുക്കങ്ങൾക്കോ, പങ്കെടുക്കാനോ ഉണ്ടാകരുത്.
4. വ്യക്തിഗത ഇനങ്ങളിൽ (കല, സാഹിത്യം) മൂന്ന് എണ്ണത്തിന് വീതവും, ഗ്രൂപ്പ് ഇനങ്ങളിലും ഒരാൾക്ക് പങ്കെടുക്കാം.
5. ഇടവകാതലത്തിൽ കല, സാഹിത്യ ഇനങ്ങളിൽ ഫസ്റ്റും, സെക്കന്റും ലഭിക്കുന്നവർക്ക് ഫൊറോന മൽസരങ്ങളിൽ പങ്കെ ടുക്കാം. ഫൊറോന തലത്തിൽ ഫസ്റ്റ് ലഭിക്കുന്നവർക്ക് രൂപതാതല ത്തിൽ മൽസരിക്കാൻ യോഗ്യത ഉണ്ടായിരിക്കും.
6. ഗ്രൂപ്പ് ഇനങ്ങളിൽ ഫസ്റ്റ് ലഭിക്കുന്നവർക്ക് അടുത്ത തലത്തിൽ മത്സരി ക്കാവുന്നതാണ്.
7. ഫസ്റ്റ് ലഭിച്ച ഇടവകയല്ലാതെ ഫൊറോന തലത്തിൽ മത്സരത്തിന് വേണ്ടി മറ്റൊരു ടീം ക്രമീകരിക്കാൻ പാടില്ല.
8. ബൈബിൾ വാക്യപഠനത്തിന് ഒരു പഠന സഹായി ലഭ്യമാക്കുന്നതാ യിരിക്കും. ഇതിൽ നിന്നും മൂന്ന് മിനിറ്റുകൾകൊണ്ട് ഏറ്റവും കൂടു തൽ എഴുതുന്നവർക്കാണ് സമ്മാനം.
9. ഓർമ്മ പരിശോധനയ്ക്ക് ബൈബിളിൽ നിന്നുള്ള പേരുകൾ 3 മിനിറ്റ് കാണാനും, 5 മിനിറ്റ് എഴുതാനും. തുല്യത വന്നാൽ ക്രമം പരിഗ ണിക്കുന്നതാണ്.
10. എഴുത്തു മൽസരങ്ങൾക്ക് ഒരോ മണിക്കൂർ സമയം ഉണ്ടായിരിക്കും.
11. കവിത –20 വരി, കഥ –2 പേജ്, ഉപന്യാസം – 4 പേജ്, A4 size paper.
12. മോണോ ആക്ട് സമയം –5 മിനിറ്റ്.
13. പ്രസംഗ മൽസരത്തിന് 5 മിനിറ്റ് സമയം ഉണ്ടായിരിക്കും, മൽസര ത്തിന് 5 മിനിറ്റ് മുൻപ് വിഷയം നൽകുതാണ്.
14. സംഘഗാനം, ബൈബിൾ സ്കിറ്റ് എന്നിവയിൽ ഏഴുപേർക്കാണ് പങ്കെടുക്കാവുന്നത്.
15. ലളിതഗാനം - ക്രിസ്തീയ ഭക്തിഗാനമായിരിക്കണം ആലപിക്കേണ്ടത്.
16. ലളിതഗാനം, സംഘഗാനം എന്നിവയിൽ ക്ലാസിക്കൽ, സെമിക്ലാസി ക്കൽ ഗാനങ്ങൾ പാടില്ല.
17. സംഘഗാനം – ക്രിസ്തീയ ഭക്തിഗാനം. സമയം –7 മിനിറ്റ്.
18. ബൈബിൾ സ്കിറ്റ്– ബൈബിൾ സന്ദേശം ആനുകാലിക വിഷയങ്ങളോടനുബന്ധപ്പെടുത്തി അവതരിപ്പിക്കണം. മേയ്ക്കപ്പ് പാടില്ല. സ്റ്റേജ് ഒരുക്കം –2 മിനിറ്റ്, അവതരണം –5 മിനിറ്റ്, സ്റ്റേജ് മാറികൊടുക്കാൻ –2 മിനിറ്റ്.

19. ആശയം, അവതരണരീതി, സന്ദേശത്തിന്റെ പ്രസക്തി എന്നിവ പ്രത്യേകം പരിഗണിക്കപ്പെടും.
20. സമയക്ലിപ്തത: സമയത്ത് ആരംഭിക്കുക, അടുത്ത ടീമിന് സ്റ്റേജ് സമയത്ത് നൽകുക, കൃത്യസമയംകൊണ്ട് പ്രോഗ്രാം അവസാനിപ്പിക്കുക എന്നിവയ്ക്ക് പ്രത്യകം മാർക്ക് ഉണ്ടായിരിക്കും.
21. സംഘഗാനം, ബൈബിൾ സ്കിറ്റ് എന്നിവയ്ക്ക് സൗണ്ട് പൊതുവായി ക്രമീകരിച്ചിട്ടുണ്ടാവും.
22. മേഖലാതല സാഹിത്യ മൽസര വിജയികളുടെ ലിസ്റ്റ് മാർച്ച് 10 -ന് മുൻപ് മാതൃവേദി രൂപതാ ഓഫീസിൽ എത്തിക്കണം.
23. രൂപതാ തല സാഹിത്യ മൽസരങ്ങൾ മാർച്ച് 12 -ന് ദ്വാരക പാസ്റ്ററൽ സെന്ററിലായിരിക്കും നടത്തുക.
24. ഫൊറോനതല കലാ മൽസര വിജയികളുടെ ലിസ്റ്റ് ഏപ്രിൽ 2-ാം തീയതി ശനിയാഴ്ച്ച രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.
25. രൂപതാതല കലാമൽസരങ്ങൾ 2016 ഏപ്രിൽ 16-ാം തീയതി ശനിയാഴ്ച്ച ദ്വാരക പാസ്റ്ററൽ സെന്ററിലായിരിക്കും.
26. മൽസര വിജയികൾക്ക് പോയിന്റുകൾ നൽകുന്നത് താഴെ പറയുന്ന ക്രമത്തിലായിരിക്കും. (ഫസ്റ്റ്, സെക്കന്റ്, തേർഡ് - വ്യക്തിഗത ഇനങ്ങൾക്ക് 5, 3, 1 ഗ്രൂപ്പ് ഇനങ്ങൾക്ക് 10, 5, 3).
27. മൽസരാർത്ഥികൾക്ക് ഉച്ചഭക്ഷണം ആവശ്യമുണ്ടെങ്കിൽ മുൻകൂട്ടി അറിയിച്ചാൽ ആവശ്യമായ സൗകര്യങ്ങൾ പൊതുവായി ക്രമീകരിക്കുന്നതാണ്. Rs. 60.
28. മേഖലാ രൂപതാ ഭാരവാഹികൾ മൽസരങ്ങളിൽ പങ്കെടുക്കാൻ പാടില്ല.

**ബത്തേരി മേഖല**

മേഖലാ ഭാരവാഹികൾ പ്രസിഡന്റ് -ലിസ്സി വലിയതടത്തിൽ, വൈസ് പ്രസിഡന്റ്- സ്മിത അടവിച്ചിറ, സെക്രട്ടറി -ലിസ്സി റാത്തപ്പിള്ളി, ജോ.സെക്രട്ടറി -ഫിലോമിന മുതുകുളം, ട്രഷറർ -ഗ്രേസി ചിറ്റിനപ്പിള്ളി, കൗൺസിലേഴ്സ് -സലോമി ചിറയത്ത്, ഗ്രേസി വല്ലപ്രായിൽ, വനിതാ കമ്മീഷൻ സെക്രട്ടറി -ചിമ്മ റാത്തപ്പിള്ളി, രൂപതാ എക്സിക്യൂട്ടിവ് അംഗം - സ്മിത അടവിച്ചിറ. ക്രിസ്മസ് ആഘോഷത്തിന്റെ ഭാഗമായി ഓരോ ശാഖയിൽ നിന്നും മൂന്ന് ക്രിസ്മസ് ആശംസാ കാർഡുകൾ ശേഖരിച്ച് 1, 2, 3 സ്ഥാനങ്ങൾ നേടിയ മൂലങ്കാവ്, ചുള്ളിയോട്, തോമാട്ടുചാൽ എന്നീ ശാഖകൾക്ക് സമ്മാനം നൽകി.

**നിലമ്പൂർ മേഖല**

ഡിസംബർ 12-ാം തീയതി കരോൾഗാന മൽസരം നടത്തുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു. ലോഗോസ് ക്വിസിന്

ഏറ്റവും കൂടുതൽ മാർക്ക് നേടിയ അമ്മമാർക്ക് സമ്മാനം നൽകി. രൂപതയിലെ മികച്ച പ്രവർത്തനത്തിനുള്ള ഒന്നാം സ്ഥാനം നിലമ്പൂർ മേഖല കരസ്ഥമാക്കി.

**പയ്യമ്പള്ളി മേഖല**

ഡിസംബർ 12 -ന് മേഖലാ ഡയറക്ടർ ബഹു. ചാണ്ടിയച്ചന്റെ നേതൃത്വത്തിൽ മേരിമാതാ കോളേജിൽ വച്ച് മേഖലാ വാർഷികവും, ക്രിസ്മസ് ആഘോഷവും നടത്തി. കരോൾഗാനം, ബൈബിൾ ക്വിസ്, ഓർമ്മ പരിശോധന എന്നീ മൽസരങ്ങൾ നടത്തി. പ്രസിഡന്റ് മേരി പാലമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതു സമ്മേളനത്തിൽ ആനിമേറ്റർ സി. മഹിത എസ്.എ.ബി.എസ് സ്വാഗതവും, സെക്രട്ടറി ഫിലോ ചേലയ്ക്കൽ വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു. ബഹു. ബിജു തൊണ്ടിപറമ്പിലച്ചൻ ഉദ്ഘാടനകർമ്മം നിർവഹിച്ചു. റവ.ഫാ.ചാണ്ടി പുനക്കാട്ട്, റവ.ഫാ.തോമസ് കച്ചിറയിൽ എന്നിവർ ആശംസകളും രൂപതാ ആനിമേറ്റർ സി.കൃപ എസ്.എ.ബി.എസ് ക്രിസ്മസ് സന്ദേശവും നൽകി. റവ.ഫാ.ബിനു പൈനുങ്കൽ ബൈബിൾ ക്വിസ് നടത്തി. കരോൾഗാനം കാട്ടിക്കുളം, ഇടയൂർക്കുന്ന്, കമ്മന എന്നിവരും ബൈബിൾ ക്വിസ് – മേരിക്കുട്ടി–കമ്മന, ഫിലോ ചേലയ്ക്കൽ –ഒണ്ടയങ്ങാടി, ഡീന കമ്മന എന്നിവരും ഓർമ്മ പരിശോധന –സാലി അരഞ്ഞാണിയിൽ പയ്യമ്പള്ളി, ഫിലോ ചേലയ്ക്കൽ –ഒണ്ടയങ്ങാടി, മേരിക്കുട്ടി –കമ്മന എന്നിവരും സമ്മാനാർഹരായി. ശ്രീമതി അന്നക്കുട്ടി ഇലഞ്ഞിമറ്റം നന്ദി പറഞ്ഞു. ജനുവരി രണ്ടാം ശനിയാഴ്ച്ച കമ്മന ഇടവകയിൽ വച്ച് മേഖലാ സെമിനാർ നടത്തുവാൻ തീരുമാനിച്ചു. കരുണയുടെ വർഷാചരണ ഭാഗമായി എല്ലാ ശാഖകളിലും സെമിനാർ നടത്തുവാനും മേഖലയിൽ ഒരു വീട് നിർമ്മിച്ച് കൊടുക്കുവാനും തീരുമാനിച്ചു.

**കാവുമന്ദം**

2016–ലോഗോസ് ക്വിസിനുള്ള പരിശീലനം ആരംഭിച്ചു. ക്രിസ്മസിന് മുന്നോടിയായി കരോൾഗാന മൽസരം നടത്തി. ഇടവകയിലെ എല്ലാ വീടുകളിലും ആനിമേറ്ററും വാർഡ് പ്രതിനിധികളും സന്ദർശനം നടത്തി.

**അരിഞ്ചേർമല**

1–ാം തീയതി മുതൽ 8–ാം തീയതി വരെ ഇടവകയിൽ വാർഡ് തലത്തിൽ നടത്തിയ ക്രിസ്മസ് ആഘോഷത്തിന് മാതൃവേദിയിലെ അംഗങ്ങളുടെ നേതൃത്വത്തിൽ കുട്ടികളെ കലാപരിപാടികൾക്ക് ഒരുക്കി. മാതൃവേദി അംഗങ്ങളും കലാപരിപാടികൾ അവതരിപ്പിച്ചു. ഇടവകയിലെ വിവാഹ തടസ്സമുള്ള യുവതീയുവാക്കൾക്കുവേണ്ടി മാതൃവേദി അംഗങ്ങൾ 25 നോമ്പ് എടുക്കുകയും എല്ലാ ദിവസവുമുള്ള ആരാധനയിലും, ജപമാലയിലും, പങ്കെടുത്ത് പ്രാർത്ഥിക്കുകയും

ചെയ്തു. കിഡ്നി സംബന്ധമായ രോഗമുള്ള ഇടവകയിലെ ഒരു വിദ്യാർത്ഥിക്ക് ചികിൽസാർത്ഥം 3000/- രൂപ നൽകി. മേഖലയിൽ നടന്ന കരോൾഗാന മൽസരത്തിൽ പങ്കെടുത്തു. മാതൃവേദി അംഗങ്ങൾ ക്രിസ്മസ് സമ്മാനമായി സ്വരൂപിച്ച നിത്യോപയോഗ സാധനങ്ങളോടൊപ്പം 3000/- രൂപയും തോണിച്ചാൽ എമ്മാവൂസ്വില്ലയിലെ കുഞ്ഞുങ്ങൾക്ക് നൽകി, കേക്കുമുറിച്ച് അവരുടെ സന്തോഷത്തിൽ പങ്കുചേരുകയും ചെയ്തു.

**പുതുശ്ശേരിക്കടവ്**

അമലോത്ഭവ മാതാവിന്റെ തിരുനാളിന് ഒരുക്കമായി മാതൃവേദി അംഗങ്ങൾ എട്ടു ദിവസവും ദിവ്യബലിക്കു മുമ്പായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. കാഴ്ച്ചസമർപ്പണത്തിലൂടെ സമാഹരിച്ച തുക സൺഡേ സ്കൂൾ നിർമ്മാണ ഫണ്ടിലേക്ക് നൽകി. സമർപ്പിത വർഷത്തോടനുബന്ധിച്ച് ഇടവകാംഗമായ ഗോഹട്ടി ആർച്ച്ബിഷപ്പ് മാർ ജോൺ മൂലേച്ചിറക്കും, ഇടവകയിലെ എല്ലാ വൈദികർക്കും സമർപ്പിതർക്കും ആശംസകൾ അയച്ച് ആദരിച്ചു. കരോൾഗാന മൽസരത്തിൽ പങ്കെടുത്തു. ക്രിസ്മസ്സിന് മുമ്പായി എല്ലാ അമ്മമാരും ചേർന്ന് വികാരിയച്ചന് ക്രിസ്മസ് മംഗളങ്ങൾ നേർന്നു.

**ശാന്തിഗിരി**

മാതൃവേദിയുടെ പ്രവർത്തന ഫണ്ട് സമാഹരണത്തിനായി അംഗങ്ങൾ ഒരു സോപ്പുനിർമ്മാണ യൂണിറ്റ് രൂപീകരിച്ചു. ഇടവകയിലെ ഒരു കുടുബത്തിന് രോഗീസഹായം നൽകി.

**നടവയൽ**

ക്രിസ്മസ് ഫ്രണ്ടിന്റെ ഈ വർഷത്തെ സമ്മാനം പണമായി സ്വരൂപിച്ച് ഇടവകയിലെ മൂന്ന് ഭവനങ്ങൾക്ക് നൽകുകയും ആ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. കരോൾഗാന മൽസരത്തിന് മൂന്നാം സ്ഥാനം ലഭിച്ചു. ലോഗോസ് മൽസരത്തിൽ മേഖലയിൽ സാലി ജോസ് ഒന്നാം സ്ഥാനം നേടി. ലോഗോസ് മൽസരത്തിലും, സാഹിത്യ മൽസരത്തിലും പങ്കെടുത്തവർക്കും, വിജയികൾക്കും പ്രോൽസാഹന സമ്മാനങ്ങൾ നൽകി ആദരിച്ചു.

**ചുള്ളിയാന**

ക്രിസ്മസ് ദിനത്തിൽ ഉച്ചയ്ക്ക് മാനന്തവാടിയിൽ ഉള്ള ആകാശ പറവകൾക്ക് ഭക്ഷണം നൽകി. ഇടവക തിരുനാൾ ദിനത്തിൽ അമ്മമാർ കൽപ്പറ്റയിലെ സ്നേഹഭവനിൽ ഉള്ള മക്കൾ നിർമ്മിക്കുന്ന സാധനങ്ങൾ പ്രതിഫലം പോലും വാങ്ങാതെ വിറ്റുനൽകി.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
അസോസിയേറ്റ് ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ് 1-1-2016**

പുതുവത്സരത്തിലെ ആദ്യ സിയോൻ ടീം മീറ്റിംഗ് ഡയറക്ടർ അച്ചന്റെ അദ്ധ്യക്ഷതയിൽ ജനുവരി 1-ാം തീയതി നടന്നു. ഈ വർഷത്തിലെ മുഴുവൻ ശുശ്രൂഷകളെയും ധ്യാനങ്ങളെയും ദൈവതിരുമുമ്പിൽ സമർപ്പിച്ച് അനുഗ്രഹം യാചിച്ചു.

സിയോന്റെ ഭാവി പ്രവർത്തനങ്ങളെ പറ്റി ചർച്ചകളും നിർദ്ദേശങ്ങളും നടത്തി. 6 മണിക്ക് ജാഗരണ പ്രാർത്ഥന ആരംഭിച്ചു. കുരിശിന്റെ വഴി, ജപമാല, ആരാധന എന്നിവയ്ക്കുശേഷം നവവൈദികൻ ബ.ഫാ.സിജേഷ് ചിറയ്ക്കത്തോട്ടത്തിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

**ആദ്യശനി ഏകദിനകൺവൻഷൻ 2-1-2016**

പ്രഭാതത്തിൽ ജപമാല പ്രദക്ഷിണം, വെഞ്ചെരിപ്പ് എന്നിവയോടെ ശുശ്രൂഷകൾ ആരംഭിച്ചു. 9 മണിക്ക് സപ്ര, ജപമാല, സ്തുതി, ആരാധന എന്നിവ ബ. ജോസഫ് വട്ടക്കുന്നേൽ സാറിന്റെ നേതൃത്വത്തിൽ നടത്തി. 11 മണിക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നവാഭിഷിക്തരായ 6 വൈദികർ ചേർന്ന് വി.കുർബാന അർപ്പിച്ചു. അഭിവന്ദ്യ ജോസ് പിതാവ് വചനസന്ദേശം നൽകി അനുഗ്രഹിച്ചു. തുടർന്ന് അഭിഷേക ആരാധന, സാക്ഷ്യം, ദിവ്യ കാരുണ്യ പ്രദക്ഷിണം എന്നിവ നടന്നു. 3.30-ന് ശുശ്രൂഷകൾ സമാപിച്ചു.

**പൊതുസ്പിരിച്ച്വൽ ഷെയറിംഗ് ദിനം 9-1-2016**

രണ്ടാം വെള്ളി വൈകുന്നേരം കൗൺസിലേഴ്സ് ഒരുമിച്ച് കൂടിപ്രാർത്ഥിച്ചു. ജനുവരി 9-ന് 64 പേർ സ്പിരിച്ച്വൽ ഷെയറിംഗിൽ സംബന്ധിച്ചു.

**തൂവാനീസ 8-1-2016**

രണ്ടാം വെള്ളി തൂവാനീസ മിനിസ്ട്രിയിലെ അംഗങ്ങൾ സിയോൻ ചാപ്പലിൽ വച്ച് നടന്ന പ്രാർത്ഥനാ ശുശ്രൂഷയിൽ

സംബന്ധിച്ചു. റവ. ഫാ. തങ്കച്ചൻ വാളോംചാലിൽ (Sacred Hearts) അച്ചൻ കുർബാന അർപ്പിച്ചു. തുടർന്ന് അച്ചൻ വചന ചിന്തകൾ നൽകി അനുഭവങ്ങൾ പങ്കു വച്ചു.

**ദമ്പതീകൂട്ടായ്മ 9-1-2016**

രണ്ടാം ശനി 10 മണിക്ക് ജപമാലയോടുകൂടി ദമ്പതീകൂട്ടായ്മ ആരംഭിച്ചു. റവ. ഫാ. വിൻസെന്റ് OFM CAP വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ആരാധന, ഗ്രൂപ്പ് ഷെയറിംഗ് എന്നിവയ്ക്കു ശേഷം കൂട്ടായ്മ സമാപിച്ചു.

**ആന്തരികസൗഖ്യധ്യാനം**

ജനുവരി 17-21 വരെ സിയോനിൽ ആന്തരിക സൗഖ്യധ്യാനം നടത്തപ്പെട്ടു.

**സിസ്റ്റേഴ്സ് കൂട്ടായ്മ 16-1-2016**

സിയോൻ ചാപ്പലിൽ വച്ച് നടന്ന സമർപ്പിത പ്രാർത്ഥനാദിന ശുശ്രൂഷയിൽ നവവൈദികൻ ബ. അനൂപ് കൊല്ലംകാലായിൽ വി. കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി.

2015 ഡിസംബർ മാസം 18-ാം തീയതി നടന്ന സിയോൻ ടീം മീറ്റിംഗിൽ നേതൃത്വനിരയിലേക്ക് പുതിയതായി തിരഞ്ഞെടുക്കപ്പെട്ടവർ:-

ജനറൽ കോ- ഓർഡിനേറ്റർ - ജോസഫ് വട്ടക്കുന്നേൽ

അസിസ്റ്റന്റ് കോ- ഓർഡിനേറ്റർ - ജോസ് മാളോല

**വിവിധ മിനിസ്ട്രികളും, ലീഡേഴ്സും**

1. മധ്യസ്ഥപ്രാർത്ഥന - ജോർജ് അരഞ്ഞാണിയിൽ
   അസി.ലീഡർ - ഗ്രേസി കൊല്ലംകുന്നേൽ
2. സ്പിരിച്ചൽ ഷെയറിംഗ് ലീഡർ - ബേബി മൂത്തേടത്ത്
   അസി. ലീഡർ - മേരി തെനം കുഴി
3. **വോളന്റിയേഴ്സ് മിനിസ്ട്രി**
   ലീഡർ - തോമസ് മോളത്ത്
   അസി. ലീഡർ - അന്നമ്മ ഓലിക്കൽ
4. **ഹോസ്പിറ്റൽ മിനിസ്ട്രി**
   ലീഡർ - ജോർജ്ജ് കൂവക്കാട്ടിൽ
   അസി. ലീഡർ - മേരി ലൂക്ക തൊട്ടിയിൽ
5. **ഇവാഞ്ചലൈസേഷൻ**
   ലീഡർ - പൈലി തുറപ്പാട്ട്
   അസി. ലീഡർ - എൽസി കുളത്തിങ്കൽ

**6. തൂവാനീസ**

| | | |
|---|---|---|
| ലീഡർ | - | സാലി കട്ടിക്കാന |
| അസി. ലീഡർ | - | സിസിലി അരഞ്ഞാണിയിൽ |

**7. പാരിഷ് മിനിസ്ട്രി**

| | | |
|---|---|---|
| ലീഡർ | - | ബേബി കുപ്പയിൽ |
| അസി.ലീഡർ | - | എൽസമ്മ പനച്ചിക്കൽ |

**സിയോൻ ഫെബ്രുവരി മാസത്തിൽ**

| | | | |
|---|---|---|---|
| ഫെബ്രുവരി 5 | ആദ്യവെള്ളി | - | സോണൽമീറ്റിംഗ് |
| ഫെബ്രുവരി 6 | ആദ്യശനി | - | എകദിനകൺവൻഷൻ |
| ഫെബ്രുവരി 13 | രണ്ടാം ശനി | - | ദമ്പതീകൂട്ടായ്മ |
| | | - | യുവജനദിനം |
| | | - | സ്പിരിച്ച്വൽഷെയറിംഗ് ദിനം |
| ഫെബ്രുവരി 19 | മൂന്നാം വെള്ളി | - | ജാഗരണപ്രാർത്ഥന |
| ഫെബ്രുവരി 20 | മൂന്നാംശനി | - | സിസ്റ്റേഴ്സിന്റെ പ്രാർത്ഥനാദിനം |
| ഫെബ്രുവരി 27 | നാലാംശനി | - | സൗഖ്യദിനം |
| ഫെബ്രുവരി 14–18 | | - | ആന്തരിക സൗഖ്യദിനം |

**ഡയറക്ടർ**
സിയോൻ സി. ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരീ സഹോദര ങ്ങളേ....

"കർത്താവ് നിനക്ക് കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരു നിന്നിൽനിന്ന് മറഞ്ഞിരിക്കുകയില്ല. നിന്റെ നയനങ്ങൾ നിന്റെ ഗുരുവിനെ ദർശിക്കും".

ക്രിസ്തുമസ്, പുതുവർഷം,ഇടവകതിരുനാൾ എന്നീ ആഘോഷങ്ങൾ കഴിഞ്ഞ് അമ്പത് നോമ്പിലേക്ക് പ്രവേശിക്കുകയാണല്ലോ. ഈ നോമ്പ് കാലത്ത്, കരുണയുടെ അസാധാരണ ജൂബിലി വർഷാചരണത്തിന്റെ തുടക്കത്തിൽ നാമായിരിക്കുമ്പോൾ പരസ്നേഹ പ്രവർത്തനങ്ങളിൽ പൂർവ്വാധികം ശക്തിയോടും ആത്മാർത്ഥതയോടും കൂടി തീഷ്ണതയുള്ളവരായി ആത്മ വിശുദ്ധീകരണത്തിലേക്ക് നമുക്ക് പ്രവേശിക്കാം. ഭവന സന്ദർശനം, രോഗീസന്ദർശനം എന്നിവയിലൂടെ അർഹരായവർക്ക് സാധിക്കുന്നിടത്തോളം കൂടുതൽ സഹായങ്ങൾ എത്തിക്കുന്നതിന് പരിശ്രമിക്കാം.

ലോകപാപങ്ങളിൽ നിന്ന് മനുഷ്യകുലത്തെ രക്ഷിക്കുന്നതിനായി മനുഷ്യാവതാരം ചെയ്ത് സ്വയമേ ബലിയർപ്പിച്ച നമ്മുടെ രക്ഷകനായ യേശുനാഥന്റെ ദേവാലയപ്രവേശനം, ലൂർദ്ദ്മാതാവിന്റെ തിരുനാൾ എന്നിവ ആഘോഷിക്കുമ്പോൾ നമ്മെ കൂടുതൽ തീക്ഷ്ണതയിലേയ്ക്ക് നയിക്കുവാൻ സംഘടനയുടെ സ്വർഗീയ മദ്ധ്യസ്ഥനായ സ്ഥാപകനായ വി. വിൻസെന്റ് ഡി പോളിന്റെയും സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഒന്നാനാമിന്റേയും ശക്തമായ മാദ്ധ്യസ്ഥവും പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യവും അപേക്ഷിക്കാം.

**പുതിയ കോൺഫറൻസ്**

കല്ലോടി ഏരിയ കൗൺസിലിന്റെ കീഴിൽ കല്ലോടി സെന്റ് ജോർജ്ജ് ഫൊറോന ദേവാലയത്തിൽ സെന്റ് മേരീസ് വനിത കോൺഫറൻസ് രൂപീകരിച്ചു.

ഫൊറോന വികാരി റവ. ഫാ. ജോസ് കൊച്ചറക്കൽ അച്ചന്റെ സാന്നിദ്ധ്യത്തിൽ 3–1–2016– ന് സെന്റ് ജോർജ്ജ് ഫൊറോന ദേവാലയ ത്തിൽ ചേർന്ന യോഗത്തിൽ കല്ലോടി എസി പ്രസിഡണ്ട് ബ്രദർ ജോർജ്ജ് ആക്കാന്തരിയിൽ അദ്ധ്യക്ഷനായിരുന്നു. ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, സിസിജനറൽ സെക്രട്ടറി, സെന്റ് വിൻസെന്റ് ഡീ പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ച് ക്ലാസ്സെടുത്തു.

പുതിയ കോൺഫറൻസ് രൂപീകരണത്തിൽ സഹകരിച്ച് നേതൃത്വം നൽകിയ സി സി ജനറൽ സെക്രട്ടറി ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, സിസി യൂത്ത് പ്രതിനിധി ബ്രദർ ജെൻട്രിപോൾ. ഏസി പ്രസിഡണ്ട് ബ്രദർ ജോർജ്ജ് ആക്കാന്തിരി, മുൻസിസി പ്രസിഡണ്ട്മാരായ ബ്രദ: ജോൺ പാലയ്ക്കൽ പുത്തൻപുരയിൽ, ബ്രദർ ജെസ്റ്റിൻ കല്ലുവിളയിൽ എന്നിവരേയും കോൺഫറൻസിന്റെ ഉദ്ഘാടനകർമ്മം നിറവേറ്റിയ ബഹു. റവ. ഫാ. ജോസ് കൊച്ചറയ്ക്കൽ അച്ചനേയും നന്ദിയോടെ ഓർക്കുന്നു.

**ആദരിച്ചു.**

കേരള കത്തോലിക്ക ബിഷപ്പ്സ് കൗൺസിലിന്റെ ഏറ്റവും നല്ല ശുശ്രൂഷകനുള്ള അവാർഡ് ലഭിച്ച "ഓസാനാം ഭവൻ" സെക്രട്ടറി ബ്രദർ വിൻസെന്റ് ജോണിനെ 19.12.2015 ന് ഓസാനാം ഭവനിൽവെച്ച് ചേർന്ന പൊതുസമ്മേളനത്തിൽ ബഹു.റവ. ഫാ. ജോർജ്ജ് മമ്പള്ളി, ബഹു. റവ. ഫാ. വർഗീസ് മുളകൊടിയാങ്കൽ എന്നീ വൈദികർ ചേർന്ന് ആദരിച്ചു.

**ഓസാനാം ഭവൻ രാത്രിസേവനം**

**കല്ലോടി ഏസി**

| | | |
|---|---|---|
| 16. 2. 2016 | സെന്റ് ആന്റണി | കുഞ്ഞോം |
| 17. 2. 2016 | സെന്റ് മേരീസ് | പുതുശ്ശേരി |
| 18. 2. 2016 | സെന്റ് ജോർജ്ജ് | കല്ലോടി |
| 19. 2. 2016 | സെന്റ് മേരീസ് | കല്ലോടി |

**കല്പറ്റ ഏസി**

| | | |
|---|---|---|
| 20. 2. 2016 | സെന്റ് മേരീസ്(വനിത) | വൈത്തിരി |
| 21. 2. 2016 | സെന്റ് മേരീസ് | നെടുംമ്പാല |
| 22. 2. 2016 | സെന്റ് ജൂഡ്സ് | കല്പറ്റ |
| 23. 2. 2016 | സെന്റ് മേരീസ് (പു) | വൈത്തിരി |
| 24. 2. 2016 | സെന്റ് മേരീസ് | പുഴമുടി |
| 25. 2. 2016 | സെന്റ് ക്ലാരറ്റ് | ചാരിറ്റി |
| 26. 2. 2016 | സെന്റ് മേരീസ് | കല്പറ്റ |

| | | |
|---|---|---|
| 27. 2. 2016 | സെന്റ് ജോസഫ് | റിപ്പൺ |
| 28. 2. 2016 | സെന്റ് ജോൺപോൾ 11 | തൃക്കൈപ്പറ്റ |

**കുറുമ്പാല ഏസി**

| | | |
|---|---|---|
| 29. 2. 2016 | സെന്റ് അൽഫോൻസ | പുതുശ്ശേരിക്കടവ് |
| 01. 3. 2016 | സെന്റ് സെബാസ്റ്റ്യൻ | കുപ്പാടിത്തറ |
| 02. 3. 2016 | സെന്റ് മേരീസ് | കുറുമ്പാല |
| 03. 3. 2016 | സെന്റ് ജോസഫ് | കുറുമ്പാല |
| 04. 3. 2016 | ക്രിസ്തുരാജ | പുതുശ്ശേരിക്കടവ് |

**മാനന്തവാടി ഏസി**

| | | |
|---|---|---|
| 05. 3. 2016 | സെന്റ്മേരീസ് | യവനാർകുളം |
| 06. 3. 2016 | ലിറ്റിൽഫ്ളവർ | മുതിരേരി |
| 07. 3. 2016 | ലിറ്റിൻഫ്ളവർ | പുതിയിടം |
| 08. 3. 2016 | വ. മദർതെരേസ്സ | തവിഞ്ഞാൽ |
| 09. 3. 2016 | സെന്റ് ഫിലോമിന | ആലാറ്റിൽ |
| 10. 3. 2016 | ലിറ്റിൽഫ്ളവർ | മാനന്തവാടി |
| 11. 3. 2016 | മൗണ്ട്കാർമൽ | തലപ്പുഴ |
| 12. 3. 2016 | സെന്റ് മേരീസ് | ആലാറ്റിൽ |
| 13. 3. 2016 | സെന്റ് സെബാസ്റ്റ്യൻ | കാട്ടിമൂല |
| 14. 3. 2016 | സെന്റ് ജോസഫ് | കണിയാരം |

**ഓസാനാം ഭവൻ സന്ദർശനം: നടവയൽ ഏസി**

| | | |
|---|---|---|
| 19. 2. 2016 | സെന്റ് മേരീസ് | വാളവയൽ |
| 21. 2. 2016 | സെന്റ് അൽഫോൻസ | നെയ്ക്കുപ്പ |
| 23. 2. 2016 | സെന്റ് സെബാസ്റ്റ്യൻ | കേണിച്ചിറ |
| 25. 2. 2016 | സെന്റ്മേരീസ് | കേണിച്ചിറ |
| 27. 2. 2016 | സെന്റ് മേരീസ് | നടവയൽ |
| 29. 2. 2016 | ഇൻഫന്റ് ജീസസ് | നടവയൽ |
| 01. 3. 2016 | സെന്റ് ജോസഫ് | നെയ്ക്കുപ്പ |
| 03. 3. 2016 | സെന്റ് മേരീസ് | കല്ലുവയൽ |
| 05. 3. 2016 | സെന്റ് അൽഫോൻസ | കല്ലുവയൽ |
| 07. 3. 2016 | സെന്റ് ജൂഡ് | പനമരം |

**പാടിച്ചിറ എസി**

| | | |
|---|---|---|
| 09. 3. 2016 | ഇൻഫന്റ് ജീസസ് | കമ്പനിഗിരി |
| 11. 3. 2016 | മേരിമാതാ | ശശിമല |
| 13. 3. 2016 | സെന്റ് സെബാസ്റ്റ്യൻ | പാടിച്ചിറ |
| 15. 3. 2016 | ലിറ്റിൽഫ്ളവർ | പാടിച്ചിറ |

**അനുശോചനം.** വാഴവറ്റ എസിയുടെ കീഴിലുള്ള സെന്റ് ജോസഫ് കോൺഫറൻസ്, തെനേരി, തുടക്കം മുതൽ അംഗമായി, സെന്റ് വിൻസെന്റ് ഡി പോൾ സംഘടനക്കുവേണ്ടി വളരെ നല്ല സേവനങ്ങൾ അർപ്പിച്ച് നിത്യ സമ്മാനത്തിന് വിളിക്കപ്പെട്ട ബ്രദ: ജോസ് തുറക്കാട്ടിന്റെ വേർപാടിൽ ദു:ഖിതരായ കുടുംബാംഗങ്ങൾക്കും കോൺഫറൻസ് അംഗങ്ങൾക്കും മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ അനുശോചനം രേഖപ്പെടുത്തുന്നു.

എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും വലിയ നോമ്പിന്റെ എല്ലാവിധ ആശംസകളും നേർന്നു കൊണ്ട് പ്രർത്ഥനയോടെ.

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി**

നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും രേഖകൾ പരിശോധിക്കുന്നതിനുമായി നബാർഡ് കേരള റീജിയണൽ ഓഫീസിലെ മാനേജർ ശ്രീ മഹേശ്വർ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ സന്ദർശനം നടത്തി. വില്ലേജ് പ്ലാനിംഗ് കമ്മിറ്റി അംഗങ്ങളുമായി ചർച്ച നടത്തുകയും രേഖകൾ കണക്കുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു.WSSS ന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹം സംതൃപ്തി രേഖപ്പെടുത്തി.

**പങ്കെടുത്തു**

നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് പൂത്തൂർവയൽ സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനിൽ സംഘടിപ്പിച്ച അവലോകന യോഗത്തിൽ WSSS പ്രോഗ്രാം ഓഫീസർ പി. എ. ജോസ് പങ്കെടുത്തു.

**ഭക്ഷ്യസംസ്കരണ ശിൽപശാല സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ ഭക്ഷ്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് ഏകദിന ശില്പശാല സംഘടിപ്പിച്ചു. WSSS ന്റെ DDU-GKY കോഴ്സിൽ പങ്കാളികളായ വിദ്യാർത്ഥികൾ പരിശീലനത്തിൽ പങ്കെടുത്തു. ശിൽപശാലയ്ക്ക് കാർഷിക സർവ്വകലാശാലയിലെ ഡോ. രഞ്ജൻ കരിപ്പായി, ഡോ. എസ്റ്റിലിറ്റ എന്നിവർ നേതൃത്വം നൽകി.

**ശീതകാല പച്ചക്കറികൃഷിയിൽ ശിൽപശാല നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി 'ആത്മവയനാടു'മായി സഹകരിച്ച് ശീതകാല പച്ചക്കറികൃഷിയിൽ ഏകദിന ശിൽപശാല നടത്തി. ശിൽപശാലയ്ക്ക് കാർഷിക സർവ്വകലാശാലയിലെ ഡോ. ദീപ നേതൃത്വം നൽകി. ശിൽപശാലയിൽ 180 കർഷകർ പങ്കെടുത്തു. പരിശീലനത്തിൽ പങ്കെടുത്തവർക്ക് വിവിധയിനം ശീതകാല പച്ചക്കറികളുടെ തൈകൾ, വിത്തുകൾ എന്നിവ വിതരണം ചെയ്യ്തു.

**ബയോഗ്യാസ് വികസന പദ്ധതി**

കാട്ടിമൂല, ചെന്നലോട്, മക്കിയാട്, മുതിരേരി, വാളാട്, പടമല തുടങ്ങിയ സ്ഥലങ്ങളിൽ 5 പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും 6 ബയോ ഗ്യാസ് പ്ലാന്റുകൾ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു.

**തെങ്ങിന്റെ ചങ്ങാതികൂട്ടം പരിശീലനം**

കേന്ദ്ര നാളികേരം വികസന ബോർഡും WSSS ഉം സംയുക്ത മായി നടപ്പാക്കി വരുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം ഒരു ഘട്ടം നടത്തി. ഈമാസം 29 പേർക്ക് പരിശീലനം നൽകി. തെങ്ങ് കയറ്റ യന്ത്രവും നാളികേര വികസന ബോർഡിന്റെ സർട്ടിഫിക്കറ്റും നല്കി.

**സേവ്. എ. ഫാമിലി പ്ലാൻ**

സേവ് എ. ഫാമിലി പ്ലാനിലേയ്ക്ക് പുതുതായി 25 കുടുംബ ങ്ങളുടെ തിരഞ്ഞെടുപ്പ് പൂർത്തിയാക്കി. ജനുവരി മാസത്തിലേയ്ക്കുള്ള 10 കുടംബങ്ങളുടെ തിരഞ്ഞടുപ്പ് പുരോഗമിക്കുന്നു. ജനുവരി 5, 7, 8 തീയതികളിലായി മാനന്തവാടി, പുൽപ്പള്ളി. കൽപറ്റ എന്നിവിടങ്ങളിലെ മേഖലതല യോഗം നടത്തുവാൻ തീരുമാനിച്ചു. പ്രസ്തുത യോഗത്തിൽ സേവ് എ. ഫാമിലി പ്ലാൻ കുടുംബങ്ങളെ സാമൂഹികമായും ഭൗതിക മായും വളർത്തുവാനുതകുന്ന ക്ലാസ്സുകളാണ് കൊടുത്തു വരുന്നത്. വാർഷിക പദ്ധതിനിർവഹണ സമയ വിവരണത്തെക്കുറിച്ചും, ഭക്ഷണ സാധനങ്ങളിലെ മായം എന്ന വിഷയത്തെക്കുറിച്ചും സേവ്. എ. ഫാമിലി പ്ലാൻ കുടുംബങ്ങൾക്ക് ഇത്തവണ മേഖലതല യോഗത്തിൽ ക്ലാസ്സു കൾ നൽകുന്നതായിരിക്കും.

**നയ്റോഷിനി**

കേന്ദ്രസർക്കാർ പദ്ധതിയായ നയ്റോഷിനി WSSS നടപ്പിലാക്കി വരുന്നു. ന്യൂനപക്ഷ സ്ത്രീകൾക്ക് വേണ്ടി വിവിധ വിഷയങ്ങളിൽ 06 ദിവസത്തെ പരിശീലനം നൽകി വരുന്നു. നേതൃത്വം, സംരംഭങ്ങൾ, വ്യക്തിത്വവികസനം, ജൈവപച്ചക്കറി കൃഷി തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുന്നു, പരിയാരം, തേറ്റമല, ചെമ്പകമൂല, നിരവിൽപുഴ, കാരയ്ക്കാമല, പയ്യംപള്ളി, പുതിയിടം, ചുള്ളിയോട്, അമ്പലവയൽ പങ്കെടുക്കുന്നവർക്ക് യാത്രാചിലവും, ഭക്ഷണചിലവും നല്കുന്നു.

**വികാസ്പീഡിയ**

ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വിജ്ഞാനം സാധാരണക്കാരിലെത്തിക്കുക എന്ന ദൗത്യവുമായി പ്രവർത്തിച്ചുവരുന്ന വികാസ്പീഡിയ കേരളയുടെ ഒരു വിജയവർഷ മാണ് കടന്നുപോയ 2015. വികാസ്പീഡിയയുടെ പ്രകടമായ ജന പങ്കാളിത്തം ഈ പോർട്ടലിലെ സ്വീകാര്യതയ്ക്കുള്ള അംഗീകാരമാണ്. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ഊർജ്ജം,

ഈ - ഗവേർണൻസ് എന്നീ വിഭാഗങ്ങളിലായി ആയിരത്തിലേറെ പുതിയ പേജുകൾ ഈ മാസം ചേർക്കപ്പെട്ടിരിക്കുന്നു. വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധരുടെ ലേഖനങ്ങളും, അനുഭവങ്ങളുടെ പങ്കുവയ്ക്കലും സമൂഹത്തിന്റെ വിവിധമേഖലകളിൽ സജീവമായി പ്രവർത്തിക്കുന്നവർക്കും, അധ്യാപകവിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഏറെ പ്രയോജനപ്രദമാണ് എന്നുള്ള പ്രതികരണങ്ങൾ അനുദിനം ലഭിച്ചു വരുന്നു. സമൂഹത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി 2016 വർഷത്തിൽ വിപുലവും ശക്തവുമായ ജനകീയപ്രചാരണപരിപാടികളാണ് വികാസ്പീഡിയ ഈ പുതുവർഷത്തിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. ആയതിലേയ്ക്കായി താങ്കളുടെയും സഹകരണം ഉറപ്പാക്കുന്നതിനായി ml.vikaspedia സൈറ്റ് സന്ദർശിച്ച് അഭിപ്രായങ്ങൾ അറിയിക്കുമല്ലോ.

**സോപ്പ് നിർമ്മാണ പരിശീലന പരിപാടി**

WSSS ന്റെ നേതൃത്വത്തിൽ വർഷങ്ങളായി നടത്തിവരുന്ന സോപ്പ്, അനുബന്ധ ഉൽപന്നങ്ങളുടെ പ്രവർത്തനങ്ങൾ സ്ത്രീകളുടെ വരുമാനദായകപദ്ധതിയായി മാറിയിരിക്കുകയാണ്. സ്വയം തൊഴിൽ കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കുവാൻ എല്ലാവരും മുന്നോട്ടിറങ്ങുന്നു.

വയനാടിന്റെ വിവിധ ഭാഗങ്ങളിൽ WSSS ന്റെ ആഭിമുഖ്യത്തിൽ സോപ്പ് നിർമ്മാണ പരിശീലനങ്ങളും വിപണനവും നടത്തിവരുന്നു. പടിഞ്ഞാറത്തറ, കാരയ്ക്കാമല എന്നിവിടങ്ങളിൽനിന്നും പുൽപള്ളി കൃപാലയ സ്പെഷ്യൽ സ്കൂളിൽനിന്നും സോപ്പുൽപന്നങ്ങൾ ഇപ്പോൾ ലഭ്യമാണ്.

വാകേരി സെന്റ് ആന്റണീസ് ദേവാലയത്തിലെ SWS കൂട്ടായ്മ അവരുടെ ഇടവകത്തിരുനാളിന് സോപ്പുൽപ്പന്നങ്ങളുടെ സ്റ്റാൾ സ്ഥാപിച്ച് വരുമാനം കണ്ടെത്തുകയും അതുപയോഗിച്ച് രോഗികളായവരെ സഹായിക്കുകയും ചെയ്തു.

**ദീനദയാൻ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന**

കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15നും 35നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്തവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതിയാണ് ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (DDU-GKY)തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തി 55 ദശലക്ഷം യുവജനങ്ങളെ 2020 ആകുമ്പോഴേയ്ക്കും വിവിധ മേഖലകളിൽ പ്രായോഗികരാക്കുക എന്നതാണ് ഈ പദ്ധതിയിലുടെ ഭാരത സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. വയനാട് സോഷ്യൽ

സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ ഫാഷൻ ഡിസൈൻ ടെക്നോളജി, ഫുഡ് പ്രോസസിംഗ് എന്നീ കോഴ്സുകൾ നടത്തുന്നു.

ഫുഡ് പ്രോസസിംഗിന്റെ ആദ്യ ബാച്ച്പഠനം പൂർത്തിയാക്കി വിവിധ കമ്പനികളിൽ ജോലിക്ക് പോകാൻ തുടങ്ങി. ഫുഡ് പ്രോസസിംഗിന്റെ പുതിയബാച്ച് 7-ാം തീയതി ആരംഭിച്ചു. ഫാഷൻ ഡിസൈൻ ടെക്നോളജിയുടെ പുതിയ ബാച്ച് ഫെബ്രുവരി ഒന്നിനും ആരംഭിക്കുന്നതാണ്. താൽപര്യമുള്ളവർ WSSS ഓഫീസുമായി ബന്ധപ്പെടുക.

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ കീഴിൽ നഗരങ്ങളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ നടപ്പിലാക്കുന്ന പദ്ധതിയിലേയ്ക്ക് വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റിയെ തെരഞ്ഞെടുത്തു. വയനാട്ടിൽ കൽപറ്റയിലേയ്ക്ക് ഈ പദ്ധതി ആദ്യം ആരംഭിക്കുന്നതാണ്. ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ വരും മാസങ്ങളിൽ അറിയാവുന്നതാണ്.

**കേരളാ ലേബർ മൂവ്മെൻറ്**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തികരണത്തിനുമായി പ്രവർത്തിച്ചു വരുന്ന സർക്കാരിതര സാമൂഹിക സംഘടനയാണ് കേരള ലേബർ മൂവ്മെന്റ്. ഇതിന്റെ മാനന്തവാടി ഘടകത്തിന്റെ പ്രവർത്തനങ്ങൾ എല്ലാം വളരെ ഭംഗിയായി നടക്കുന്നു.

**സ്വാവലംബൻ**

സ്വാവലംബൻ സുരക്ഷാപദ്ധയിൽ അംഗങ്ങളായവരുടെ പുതുക്കൽ നടപടി തുടരുന്നു. ഇനിയും പ്രീമീയം അടച്ച് പുതുക്കാത്തവർ എത്രയും പെട്ടെന്ന് പുതുക്കേണ്ടതാണ്. അതോടൊപ്പം അംഗങ്ങളുടെ ആധാർ നമ്പറും നൽകേണ്ടതാണ്.

സ്വാവലംബൻ പദ്ധതിയിൽ ഉൾപ്പെട്ട് PRAN കാർഡ് ലഭിക്കാത്തവർ ജനുവരി 31 ന് മുൻപ് WSSS office:- ൽ അറിയിക്കേണ്ടതാണ്.

**നിർമ്മാണ തൊഴിലാളിക്ഷേമനിധി**

നിർമ്മാണ തൊഴിലാളിക്ഷേമനിധിയിൽ അംഗത്വമെടുത്തവർ 2016 -ലെ അംഗത്വം പുതുക്കേണ്ടതാണ്. അതിനുമുൻപ് 2016- മെയ് വരെയുള്ള അംശാദായം ബാങ്കിൽ അടയ്ക്കേണ്ടതാണ്.

**കെ. എൽ. എം സംസ്ഥാന വാർഷിക ജനറൽ അസംബ്ലി**

കെ. എൽ. എം. സംസ്ഥാന വാർഷിക ജനറൽ അസംബ്ലി 2016 ജനുവരി 30,31 ശനി ഞായർ ദിവസങ്ങളിൽ എറണാകുളം POC യിൽ നടക്കുന്നതാണ്.

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ, WSSS

# ജൈവകൃഷി വ്യാപനപദ്ധതിയും അനുബന്ധ മേഖലകളും

**വോഫ (WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷൻ)**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ ഫെയർ ട്രേഡ് കർഷക സംഘടനയായ WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷന്റെ എക്സിക്യൂട്ടീവ് യോഗം 2015 ഡിസംബർ മാസം 8-ാം തീയതി ബയോവിൻ അഗ്രോ അഗ്രോറിസർച്ച് ഹാളിൽ ചേർന്നു.

**എക്സിക്യൂട്ടീവ് യോഗത്തിന്റെ തീരുമാനങ്ങൾ**

1. 2016 – 17 സാമ്പത്തിക വർഷത്തിൽ കർഷകരിൽ നിന്നും ജൈവ ഫെയർട്രേഡ് ഉത്പന്നങ്ങൾ സംഭരിക്കുമ്പോൾ പൊതുവിപണിയെക്കാൾ കാപ്പിക്ക് കിലോഗ്രാമിന് 6 രൂപ അധിക വില നല്കിയും ഇഞ്ചി 2430 രൂപ (60kg) കുരുമുളക് മലയാളമനോരമ ദിനപത്രത്തിലെ കൊച്ചിൻ മാർക്കറ്റിനെക്കാൾ 15 രൂപ അധിക വില നല്കിയും സംഭരിക്കുവാൻ തീരുമാനിച്ചു.
2. വോഫയിൽ നിന്നുള്ള ആനുകുല്യങ്ങൾ അംഗങ്ങളായ കർഷകർക്ക് മാത്രമായി നല്കുവാൻ തീരുമാനിച്ചു.
3. ജൈവ ഫെയർട്രേഡ് കാർഷിക വൃത്തിയെ പ്രോത്സാഹിപ്പിക്കുന്നതിനും ജൈവകാർഷികവൃത്തിക്ക് കൂടുതൽ പ്രചാരണം നല്കുന്നതിനുമായി 2016 മാർച്ച് മാസം 15-ാം തീയതി ഓർഗാനിക് ഫെസ്റ്റ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ഓർഗാനിക് ഫെസ്റ്റിൽ വോഫയിൽ അംഗമായ മികച്ച 3 കർഷകരെ കണ്ടത്തി 25000, 15000,10000 രൂപ ക്രമത്തിൽ ക്യാഷ് അവാർഡും മൊമന്റോയും നല്കുന്നതിനും തീരുമാനിച്ചു. മികച്ച കർഷകരെ കണ്ടെത്തുന്നതിനായി ICS തലത്തിൽ അപേക്ഷ ക്ഷണിക്കുകയും മികച്ച 1, 2, 3 സ്ഥാനക്കാരായ കർഷകരെ 2016 ജനുവരി 31 –ന് മുമ്പായി കണ്ടെത്തുന്നതിനും തീരുമാനിച്ചു.

യോഗത്തിൽ വോഫ ചെയർമാൻ അഡ്വ: ഫാദർ ജോൺ ജോസഫ് ചൂരപ്പുഴയിൽ അദ്ധ്യക്ഷനായിരുന്നു. യോഗത്തിൽ പങ്കെടുക്കാനെത്തിയ അംഗങ്ങൾക്ക് കോഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ സ്വാഗതവും സെക്രട്ടറി ശ്രീ. മാത്യൂ ഉണ്ണിപ്പള്ളി നന്ദിയും പറഞ്ഞു.

**ചികിത്സാ സഹായം:-**

സംഘടനയുടെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായി മാരക രോഗികളായവരും സാമ്പത്തികമായി ചികിത്സാചെലവുകൾക്കായി ബുദ്ധിമുട്ടുന്നവരുമായ 17 വ്യക്തികൾക്കായി 2,00000 രൂപ വിതരണം ചെയ്തു.

**പഠനസഹായം: –**

സാമ്പത്തികമായി പിന്നോക്കമുള്ളവരും പഠനത്തിൽ മികവ് പുലർത്തുന്നതുമായിട്ടുള്ള 9 വിദ്യാർത്ഥികൾക്കായി 1,26000 രൂപ പഠന സഹായമായി വിതരണം ചെയ്തു.

**ഗ്രീൻനെറ്റ് വിതരണം :–**

2015–16 സാമ്പത്തിക വർഷത്തിൽ സംഘടന കാപ്പി സംഭരിച്ച അംഗങ്ങളായ മുഴുവൻ കർഷകർക്കും സൗജന്യമായി 300 രൂപ വിലയുള്ള ഗ്രീൻനെറ്റ് വിതരണം ചെയ്തു.

**ബയോവിൻ അഗ്രോ റിസർച്ച്:–**

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി:–**

പദ്ധതിയിലേക്ക് പുതുതായി 241 കർഷകർക്കൂടി അംഗങ്ങളാവുകയും അവർക്കാവശ്യമായ ബോധവത്കരണ പരിശീലന ക്ലാസ്സുകൾ നല്കുവാൻ സാധിക്കുകയും ചെയ്തു. കഴിഞ്ഞ മാസങ്ങളിലായി നടന്നു വരുന്ന, നിലവിലുള്ള 8193 കർഷകരുടെ കൃഷിയിടങ്ങളിലെ രണ്ടാം ഘട്ട പരിശോധന (internal inspection)പൂർത്തികരിക്കുകയും സർട്ടിഫിക്കേഷൻ ഏജൻസിയുടെ External audit നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു .

വിവിധ വിഷയങ്ങൾ പരാമർശിച്ചുകൊണ്ടുള്ള കർഷക ഗ്രൂപ്പുകളുടെ യോഗങ്ങൾ 12 സ്ഥലങ്ങളിലായി നടന്നു. പ്രസ്തുത യോഗങ്ങളിൽ ജൈവകൃഷിരീതി, ജൈവകീടരോഗ നിയന്ത്രണം, ജൈവകീടനാശിനികളുടെ നിർമ്മാണം, ഫയർട്രേഡ് സംവിധാനം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സുകൾ നല്കി.

**സംഭരണം, സംസ്കരണം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ–ഫെയർട്രേഡ് ഉത്പന്നങ്ങളുടെ സംഭരണം– സംസ്കരണ–വിപണന വിഭാഗമായ ബയോവിൽ അഗ്രോ റിസർച്ച് 2015 ഡിസംബർ മാസത്തിൽ കർഷകരിൽ നിന്നും 2,83000 kg കാപ്പി, 4450 kg ഇഞ്ചി 2000 kg പഴുത്ത കാപ്പി എന്നീ ഉത്പന്നങ്ങൾ പൊതുവിപണിയിലെ വിലയെക്കാൾ കാപ്പിക്ക് 6 രൂപയും ഇഞ്ചി 60 കിലോഗ്രാമിന് 1030 രൂപയും അധിക വില നല്കി സംഭരിച്ചു.

**കയറ്റുമതി, വിപണനം:–**

2015 ഡിസംബർ മാസത്തിൽ കർഷകരിൽ നിന്നും സംഭരിച്ച ഉത്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിന് ബയോവിൽ അഗ്രോ റിസർച്ചിന് സാധിച്ചു.

**ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസർച്ച്

## MARY MATHA ARTS & SCIENCE COLLEGE

Regular academic work for the Even Semesters has begun after the Christmas Vacation and Odd Semester Examinations. Following celebrations and resolutions for the New Year, the Fine Arts competitions have gathered momentum alongside the busy academic schedule. Programes in connection with the Fine Arts Day will be held on 19 & 20 January 2016. An Investor Awareness Programe is scheduled to be conducted for the Commerce students by Securities and Exchange Board of India (SEBI) on 22 January 2016.

**Principal**

## റേഡിയോ മാറ്റൊലി 90.4 mhz

'എന്റെ ജനത്തിന്റെ വിലാപം ദേശത്തെങ്ങും മാറ്റൊലി കൊള്ളുന്നത് നിങ്ങൾ കേൾക്കുന്നില്ലേ?' (ജെറമിയ 8:19)

വയനാടൻ ജനതയുടെ വിലാപങ്ങളും അവയ്ക്കുള്ള പ്രതിവിധികളും കഴിഞ്ഞ ഏഴുവർഷമായി ദേശവാസികൾ കേട്ടുകൊണ്ടിരുന്നത് മുഖ്യമായും മാനന്തവാടി രൂപതയുടെ നേതൃത്വത്തിലുള്ള റേഡിയോ മാറ്റൊലിയിലൂടെയാണ്. ഇതിനോടകം സമൂഹത്തിന്റെ പുനർനിർമ്മിതിക്ക് വലിയ സംഭാവനയാണ് ഈ മാധ്യമമുന്നേറ്റത്തിലൂടെ നമുക്ക് നാടിന് നൽകാനായത്. നമ്മുടെ നാട്ടിലെ സാംസ്കാരിക, മാധ്യമ, സാമൂഹിക, രാഷ്ട്രീയ ഭൂമികയിൽ മാറ്റൊലിക്ക് ഒരു ഇടം നേടാനായത് വലിയ ദൈവാനുഗ്രഹം തന്നെ. ജാതിമത വർഗ്ഗവർണ്ണങ്ങൾക്കതീതമായി പൊതുജനം ഈ പ്രസ്ഥാനത്തെ ഏറ്റെടുത്തു കഴിഞ്ഞു. മനുഷ്യർക്ക് നന്മ ചെയ്യാൻ മന്നിലവതരിച്ച കാരുണികനായ ക്രിസ്തുവിന്റെ കാലികസാന്നിദ്ധ്യം കേരളത്തിൽ കമ്മ്യൂണിറ്റി റേഡിയോയിലൂടെ ജനം തിരിച്ചറിഞ്ഞു. മലയാളനാട്ടിൽ കമ്മ്യൂണിറ്റി റേഡിയോ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുകയും ഇക്കഴിഞ്ഞ ഏഴുവർഷങ്ങളിൽ രൂപതക്കുവേണ്ടി ഈ മാധ്യമമുന്നേറ്റത്തെ നയിക്കുകയും ചെയ്ത ആദരണീയനായ തോമസ് തേരകം അച്ചൻ ഇക്കഴിഞ്ഞ ജനുവരി 1-ാം തിയതി സ്റ്റേഷൻ ഡയറക്ടർ സ്ഥാനത്തു നിന്നും വിരമിച്ച വിവരം ഇതിനോടകം അറിഞ്ഞു കാണുമല്ലോ. വിലപിക്കുന്നവരുടെ സ്വരം വയനാടും കേരളവും കടന്ന് ദേശീയ, അന്തർദ്ദേശീയ തലങ്ങൾ വരെ എത്തിക്കാൻ ബഹു. തേരകത്തിലച്ചൻ ചെയ്ത എല്ലാ സേവനങ്ങളെയും കഠിനാദ്ധ്വാനത്തേയും നേതൃത്വത്തെയും നന്ദിയോടെ സ്മരിക്കുന്നു.

അഭിവന്ദ്യ പിതാവ് ഈ ശുശ്രൂഷ തുടരാൻ ജനുവരി 1 മുതൽ എന്നെയാണ് നിയോഗിച്ചിരിക്കുന്നത്. നിങ്ങളുടെ എല്ലാവരുടെയും

അനുഗ്രഹങ്ങളും പ്രാർത്ഥനയും സഹകരണവും സവിനയം ഞാൻ അഭ്യർത്ഥിക്കുന്നു. ബഹു. ജെയ്സ് ചെട്ടിയാശ്ശേരി, സന്തോഷ് കാവുങ്കൽ, മനോജ് കാക്കോനാൽ, ജസ്റ്റിൻ മുത്താനിക്കാട്ട് എന്നീ അച്ചന്മാരുടെ നേതൃത്വത്തിൽ നല്ല ടീം സ്പിരിറ്റുള്ള കോർ ടീമും, സ്ററാഫും, വോളണ്ടിയേഴ്സും നമുക്കുണ്ട്. പെരിയ ബഹുമാനപ്പെട്ട ജനറാളച്ചന്റെ നേതൃത്വത്തിലുള്ള പ്രഗത്ഭരായ വ്യക്തികൾ ഉൾക്കൊള്ളുന്ന ഒരു മാനേജിംഗ് കമ്മിറ്റി ഈ മുന്നേറ്റത്തെ നയിക്കുന്നു. നമ്മുടെ സാമൂഹ്യസേവന സംരംഭമായ WSSS ന്റെ സർവ്വവിധ പിന്തുണയും നേതൃത്വവും നമുക്ക് അനുഗ്രഹമാണ്. അഭിവന്ദ്യ പിതാവിന്റെ പ്രത്യേക താത്പര്യവും ശ്രദ്ധയും പ്രോത്സാഹനവും എന്നും മാറ്റൊലിക്കുണ്ട്. മറ്റു മാധ്യമപ്രവർത്തകർ, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ നായകർ, സർക്കാർ ജീവനക്കാർ തുടങ്ങിയവർ നൽകിവരുന്ന സഹകരണം നന്ദിപൂർവ്വം ഓർക്കുന്നു. കാരുണ്യപ്രവർത്തികൾ ചെയ്യുന്ന ഈ സംരംഭത്തിന് കരുണയുടെ ഈ വർഷത്തിൽ സകലരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചു കൊണ്ട്, നന്മയുടെയും നീതിയുടെയും നല്ല അനുഭവങ്ങൾക്കൊണ്ടും ഇടപെടലുകൾകൊണ്ടും 2016 ലെ ഓരോ ദിനവും എല്ലാവർക്കും അനുഗ്രഹദായകമാകട്ടെ എന്ന് ഹൃദയപൂർവ്വകമായ പ്രാർത്ഥനയോടെ.

**ഫാ. സെബാസ്റ്റ്യൻ പുത്തേൻ**

**ബഹു. സെബാസ്റ്റ്യൻ പുത്തേൻ അച്ചന് സ്വാഗതം**

റേഡിയോ മാറ്റൊലിയുടെ പുതിയ ഡയറക്ടറായി ഫാ. സെബാസ്റ്റ്യൻ പുത്തേൻ ചാർജെടുത്തു. മാറ്റൊലി കോൺഫ്രൻസ് ഹാളിൽ നടന്ന ലളിതമായ ചടങ്ങിൽ മാനേജിംഗ് കമ്മിറ്റി ചെയർമാൻ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചന്റെ സാന്നിദ്ധ്യത്തിലാണ് നിലവിലെ ഡയറക്ടർ ഫാ. തോമസ് ജോസഫ് തേരകം ചാർജ് കൈമാറിയത്. ഫിലിപ്പിൻസിൽ ഉന്നതപഠനത്തിനു ശേഷം ഡിസംബർ 30–നാണ് ഫാ. സെബാസ്റ്റ്യൻ മടങ്ങി എത്തിയത്.

**ഡോ. ഫാ. തോമസ് ജോസഫ് തേരകത്തിന് യാത്രയയപ്പ് നൽകി**

മാറ്റൊലിയുടെ സ്റ്റേഷൻ ഡയറക്ടർ സ്ഥാനത്തുനിന്നു വിരമിച്ച ഡോ. ഫാ. തോമസ് ജോസഫ് തേരകത്തിന്, റേഡിയോ മാറ്റൊലി കുടുംബവും വയനാടിന്റെ സാംസ്കാരിക കൂട്ടായ്മയും ഒന്നുചേർന്ന് ജനുവരി 16 ന് യാത്രയയപ്പ് നല്കി. സമ്മേളനത്തിന്റെ ഔപചാരിക

ഉദ്ഘാടനം മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന്റെ അദ്ധ്യക്ഷതയിൽ ബഹു. പട്ടികവർഗ്ഗ യുവജനക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി പി. കെ. ജയലക്ഷ്മി നിർവ്വഹിച്ചു. റേഡിയോ മാറ്റൊലി മാനേജിംഗ് കമ്മിറ്റി ചെയർമാൻ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ സ്വാഗതവും, മലയോര വികസന സമിതി ചെയർമാൻ എൻ.ഡി അപ്പച്ചൻ ആശംസയും, ഐ.സി ബാലകൃഷ്ണൻ എം.എൽ.എ. മെമന്റോ സമർപ്പണവും നടത്തി. റേഡിയോ മാറ്റൊലി മുൻ മാനേജിംഗ് കമ്മിറ്റി അംഗം മംഗലശ്ശേരി മാധവൻ മാസ്റ്റർ ഉപഹാരം സമർപ്പിച്ചു. ജേക്കബ് സെബാസ്റ്റ്യൻ (മാനന്തവാടി നഗരസഭ കൗസിലർ), കെ. ജെ. പൈലി (വൈസ് പ്രസിഡന്റ്, മാനന്തവാടി ബ്ലോക്ക്),പി.എ സത്യൻ (ആർടിഒ, വയനാട്), ജോസ് എമ്മാനുവൽ (ഡിഡി, ക്ഷീര വികസന വകുപ്പ്), അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ (ഡയറക്ടർ, ബയോവിൻ), ശ്രീമതി. സുബൈദ (എടവക 12 ാം വാർഡ് മെമ്പർ), ജോസ് സെബാസ്റ്റ്യൻ (മാറ്റൊലി മാനേജിംഗ് കമ്മിറ്റിയംഗം), കെ. എം. ഷിനോജ് (പ്രസിഡന്റ്, മാനന്തവാടി പ്രസ്സ് ക്ലബ്), കുമാരി സരിത ചന്ദ്രൻ (തുടിച്ചെത്തം പ്രോഗ്രാം പ്രൊഡ്യൂസർ), ശ്രീ. ചാക്കോ വെള്ളമുണ്ട തുടങ്ങിയവർ സംസാരിച്ചു. മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുത്തേൻ നന്ദി പറഞ്ഞു.

**കലയുടെ കേളികൊട്ട് – ജില്ലാ സ്കൂൾ കലോത്സവം**

ജനുവരി 4 മുതൽ 6 വരെ നടന്ന ജില്ലാ സ്കൂൾ കലോത്സവ ത്തിലെ വിവിധ പരിപാടികളും അവലോകനവും തത്സമയ പ്രക്ഷേപണം ചെയ്തു. ജാസ്മിൻ ജേക്കബ്, ലിഷ മേരി ഡിക്രൂസ്, ലിറ്റി, ആതിര, റെനീഷ് ജോർജ്ജ് എന്നിവർ ചർച്ചകൾക്കും തത്സമയ റിപ്പോർട്ടിംഗിനും നേതൃത്വം നൽകി.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

**ഹയർസെക്കന്ററി സ്കൂൾ ഉദ്ഘാടനം**

മാനന്തവാടി രൂപതാ കോർപ്പറേറ്റിന്റെ കീഴിൽ പുതിയതായി നിർമ്മാണം പൂർത്തിയാക്കിയ മണിമൂളി ക്രൈസ്റ്റ് കിംഗ് ഹയർസെക്കണ്ടറി സ്ക്കൂൾ, പ്ലസ്ടു ബ്ലോക്കിന്റെ വെഞ്ചരിപ്പ് കർമ്മം 2016 ജനുവരി 4 തിങ്കളാഴ്ച്ച രാവിലെ 09.30 ന് മാനന്തവാടി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവും, ഉദ്ഘാടന കർമ്മം എം.പി ശ്രീ. എം. ഐ. ഷാനവാസും നിർവ്വഹിച്ചു. MP ശ്രീ.അബ്ദുൾ വഹാബ്, കോർപ്പറേറ്റ് മാനേജർ റവ. ഫാ. ബിജു പൊൻപാറക്കൽ, രൂപതാ സിഞ്ചെല്ലൂസ് മോൺ. ജെയിംസ് കുറ്റിമാക്കൽ എന്നിവരും സന്നിഹിതരായിരുന്നു. സ്കൂൾ മാനേജർ റവ. ഫാ. ചാക്കോ മേപ്പുറത്ത് സ്വാഗതവും, ഹെഡ്മിസ്ട്രസ് ശ്രീമതി പൗളിൻ ജോർജ്ജ് നന്ദിയും രേഖപ്പെടുത്തി.

**ടീച്ചേഴ്സ് ഗിൽഡ് എക്സിക്യൂട്ടീവ് മീറ്റിംഗ്**

മാനന്തവാടി രൂപതാ കോർപ്പറേറ്റ് ടീച്ചേഴ്സ് ഗിൽഡിന്റെ എക്സിക്യൂട്ടീവ് അംഗങ്ങളുടെ മീറ്റിംഗ് 2016 ജനുവരി 9-ാം തീയതി ശനിയാഴ്ച കോർപ്പറേറ്റ് ഓഫീസിൽവച്ച് നടത്തപ്പെട്ടു. കോർപ്പറേറ്റ് മാനേജർ റവ. ഫാ. ബിജു പൊൻപാറയ്ക്കലിന്റെ നേതൃത്വത്തിൽ നടത്തിയ മീറ്റിംഗിൽ, എയ്ഡഡ് സ്കൂൾ മേഖലയിലെ അധ്യാപക തസ്തിക നിർണ്ണയം അനിശ്ചിതമായി നീണ്ടുപോകുന്നതിനെതിരെ അധ്യാപകർ പ്രതിഷേധിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു ചർച്ച ചെയ്തു. അതുപോലെ വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെന്നാവശ്യപ്പെട്ട് 2016 ജനുവരി 13-ാം തീയതി ബുധനാഴ്ച്ച, തിരുവനന്തപുരം സെക്രട്ടറിയേറ്റ് നടയിൽ സംസ്ഥാനതല നേതൃത്വത്തിൽ നടക്കുന്ന നിരാഹാര ധർണ്ണയിലും, സെക്രട്ടറിയേറ്റ് മാർച്ചിലും പങ്കെടുക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയും മാനന്തവാടി രൂപത ടീച്ചേഴ്സ്ഗിൽഡിലെ 55 പ്രതിനിധികൾ പങ്കെടുക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു.

**2016 ജനുവരി 13 ന് – പ്രതിഷേധ ദിനം ആചരിച്ചു.**

2016 ജനുവരി 13–ാം തീയതി ബുധനാഴച, തിരുവനന്തപുരം സെക്രട്ടറിയേറ്റ് നടയിൽ കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ അദ്ധ്യാപക–അനദ്ധ്യാപകർ, നിരാഹാര ധർണ്ണയും, സെക്രട്ടറിയേറ്റ് മാർച്ചും നടത്തി. കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി ഫാ. ജേക്കബ് ജി. പാലക്കാപ്പിള്ളി ഉദ്ഘാടനം ചെയ്തു. കേരളത്തിലെ വിവിധ കോർപ്പറേറ്റ്കളിൽ നിന്നായി നിരവധി അദ്ധ്യാപക – അനദ്ധ്യാപകർ പങ്കെടുത്ത ധർണ്ണയിൽ, ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ നിന്നും മാത്രമായി 55 പ്രതിനിധികൾ പങ്കെടുത്തു.

**ഹൈസ്ക്കൂൾ പ്രധാനാദ്ധ്യാപക സമ്മേളനം**

2016 ജനുവരി 23 ശനിയാഴ്ച രാവിലെ 10.30 am മുതൽ 12.00 pm വരെ രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ, ഹൈസ്ക്കൂളുകളിലെയും പ്രധാനാദ്ധ്യാപകരുടെ യോഗം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. SSLC പരീക്ഷകൾക്ക് ഒരുക്കമായി ഓരോ സ്കൂളുകളിലും ഇപ്പോൾ നടത്തിവരുന്ന പഠന ക്യാമ്പുകളെക്കുറിച്ചും, പ്രത്യേക പ്രവർത്തനങ്ങളെക്കുറിച്ചും പ്രധാനാധ്യാപകർ പങ്കുവയ്ക്കുകയും, കുട്ടികളുടെ പഠനനിലവാരവും, പഠനാനുബന്ധ പ്രവർത്തനവും വിലയിരുത്തുകയും ചെയ്തു. യോഗത്തിൽ സംബന്ധിച്ച എല്ലാ പ്രധാനാദ്ധ്യാപകർക്കും, പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**മോറൽ സയൻസിന്റെ പരീക്ഷ:–**

മോറൽ സയൻസിന്റെ പരീക്ഷ എൽ.പി, യു.പി വിഭാഗങ്ങളുടേത് 2016 ജനുവരി 28 നും ഹൈസ്കൂൾ വിഭാഗത്തിന്റേത് 2016 ജനുവരി 29 നും നടത്തപ്പെട്ടു. ഇതിൽ 80% ത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ പേപ്പർ കോർപ്പറേറ്റ് ഓഫീസിൽ വച്ച് സെലക്ട് ചെയ്ത് ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ആദ്യ മൂന്നുസ്ഥാനക്കാർക്ക് 2016 സ്റ്റാഫ് കൺവെൻഷനിൽ വച്ച് അവാർഡ് നൽകുന്നതുമാണ്. ഇതിനായി 80% ത്തിൽ കൂടുതൽ മാർക്ക് ലഭിച്ച ഉത്തരകടലാസുകൾ 2016 ഫെബ്രുവരി 29 നു മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**ട്രാൻസ്ഫറും, പ്രമോഷനും**

രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ ജോലി ചെയ്യുന്ന എല്ലാ അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും, 2016 –

2017 അധ്യയന വർഷത്തേയ്ക്കുള്ള ട്രാൻസ്ഫർ & പ്രമോഷൻ ഫോം ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ നിന്നും 2016 ജനുവരി 25-ാം തിയ്യതി മുതൽ ലഭിക്കുന്നതാണ്. കോർപ്പറേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടെ ശരിപ്പകർപ്പ് തന്നെ പൂരിപ്പിച്ച് ലോക്കൽ മാനേജറുടെയും, ഹെഡ്മാസ്റ്ററിന്റെയും അംഗീകാരത്തോടു കൂടി 2016 ഫെബ്രുവരി 29 നു മുമ്പ് ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കുകയും, CEADOM Website ന്റെ പോർട്ടലിൽ ഇതിന്റെ സോഫ്റ്റ് കോപ്പി പൂരിപ്പിച്ച് ഹെഡ്മാസ്റ്റർ മുഖേന ഫോർവേഡ് ചെയ്യുകയും വേണം. Hard copy യും, Soft Copy യും ലഭിച്ചാൽ മാത്രമേ അപേക്ഷ പരിഗണിക്കുകയുള്ളൂ.

**ഫാ. ജോൺ പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

# കത്തോലിക്കാ കോൺഗ്രസ് - AKCC

**കമ്മന - മാതൃസംഗമം**

02-01-16 ശനിയാഴ്ച രാവിലെ 10 മണിക്ക് പയ്യമ്പള്ളി മേഖലയിലെ അമ്മമാരുടെ സമ്മേളനത്തിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും, 2016 ഫെബ്രുവരി 20-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് നടത്തുവാനൊരുങ്ങുന്ന മഹാസമ്മേളനത്തെക്കുറിച്ചും ഡയറക്ടർ ക്ലാസ്സുകൾ നടത്തി.

**രൂപതാ എക്സിക്യൂട്ടീവ്**

കത്തോലിക്കാ കോൺഗ്രസ്സിന്റെ രൂപതാ എക്സിക്യൂട്ടീവ് 5-1-16-ന് ദ്വാരക കത്തോലിക്കാ കോൺഗ്രസ്സ് ഓഫീസിൽ പ്രസിഡണ്ട് ശ്രീ. പീറ്റർ ഞരളക്കാടിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. മഹാസമ്മേളനത്തിന്റെ വിജയത്തിന് ആവശ്യമായ ഒരുക്കങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

**വൈദിക സമ്മേളനം**

പാസ്റ്ററൽ സെന്ററിൽ ചേർന്ന മാനന്തവാടി രൂപതാ സമ്മേളനത്തിൽ വിശ്വാസികളുടെ 'മഹാസമ്മേളനം' ചർച്ച ചെയ്യപ്പെട്ടു. സമ്മേളന കേന്ദ്രമായി ദ്വാരക പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയം മതി എന്നു തീരുമാനിച്ചു. സമ്മേളനത്തിന്റെ വിജയത്തിനായി വിവിധ കമ്മറ്റികളുടെ ചെയർമാൻമാരായി വൈദികരെ തിരഞ്ഞെടുത്തു. എ. കെ. സി. സി. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു.

**കൊട്ടിയൂർ**

10-01-16-ലെ ഞായറാഴ്ച കുർബാനകളിൽ കത്തോലിക്കാ കോൺഗ്രസ്സിനെക്കുറിച്ചും മഹാസമ്മേളനത്തിന്റെ പ്രസക്തിയെക്കുറിച്ചും ഡയറക്ടർ സംസാരിച്ചു. ബഹു. റോബിൻ വടക്കുംചേരിയച്ചന് പ്രത്യേകം നന്ദി.

**ചുങ്കക്കുന്ന് ഫൊറോന പള്ളിയിൽ**

17-01-16-ന് ഞായറാഴ്ച ചുങ്കക്കുന്ന് ഫൊറോന പള്ളിയിൽ എ. കെ. സി. സിയെക്കുറിച്ചും മഹാ സമ്മേളനത്തെക്കുറിച്ചും ഡയറക്ടർ വി. കുർബാനയ്ക്കിടെ വിശദീകരിച്ച് സംസാരിച്ചു. ഫൊറോന വികാരി ബഹു. തോമസ് മണക്കുന്നേൽ അച്ചന് പ്രത്യേകം നന്ദി.

**വെള്ളൂന്നി**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട

മുഴുവൻ മെമ്പർമാരുടെയും ഒരു അനുമോദന യോഗം വെള്ളൂന്നി എ. കെ. സി. സി. സംഘടനയുടെ നേതൃത്വത്തിൽ 17-01-16-ന് രാവിലെ 10 മണിക്ക് പള്ളിവക സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുകയുണ്ടായി. ഫൊറോന എ. കെ. സി. സി. ഡയറക്ടറും ശാഖാ ഡയറക്ടറും വികാരിയുമായ ജെയ്സ് പൂതക്കുഴി അച്ചൻ എ. കെ. സി. സി. യൂണിറ്റ് പ്രതിനിധികളുടെ സഹകരണത്തോടെ വളരെ മനോഹരമായി അനുമോദന യോഗം ക്രമീകരിച്ചു. അഭിനന്ദനങ്ങൾ അറിയിക്കട്ടെ.

**വിശ്വാസികളുടെ മഹാസമ്മേളനം**

പ്രസ്ബിറ്റോറിയൽ കൗൺസിൽ വൈദിക സമ്മേളനം എ. കെ. സി. സി. മാനന്തവാടി രൂപതാ എക്സിക്യൂട്ടീവ് തലങ്ങളിലെല്ലാം ചർച്ച ചെയ്തു തീരുമാനിച്ചതനുസരിച്ച് 2016 ഫെബ്രുവരി 20-ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്ന മാനന്തവാടി രൂപതയുടെ എല്ലാ വിശ്വാസികളുടെയും 'മഹാസമ്മേളന'ത്തിൽ പരമാവധി സഹകരണം ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. സമ്മേളന കാര്യങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെയും, മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പിതാവിന്റെയും, ബിഷപ് ലഗേറ്റ് മാർ റെമീജിയോസ് ഇഞ്ചനാനി പിതാവിന്റെയും message ശ്രദ്ധിച്ചു കാണുമല്ലോ.

**ഫാ. ചാണ്ടി പുനക്കാട്ട്**
ഡയറക്ടർ, ഏ. കെ. സി. സി.

# അറിയിപ്പുകൾ



## 1. ആത്മവിശുദ്ധീകരണ മരിയൻ ഹോംമിഷൻ

മാനന്തവാടി രൂപത SABS സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ, ഇടവക സമൂഹത്തിൽനിന്നും വിശ്വാസജീവിതത്തിൽ നിന്നും അകന്ന്, മദ്യത്തിനും മയക്കുമരുന്നിനും മറ്റു ദുശീലങ്ങൾക്കും അടിമപ്പെട്ട്, കൂദാശാജീവിതം ഉപേക്ഷിച്ച് ജീവിക്കുന്ന വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തി അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, അവരെ ധ്യാനത്തിനും മറ്റുജീവിത നവീകരണ പ്രവർത്തനങ്ങളിലേയ്ക്കും നയിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിന്റെ കൂട്ടായ്മയാണ് ആത്മവിശുദ്ധീകരണ മരിയൻ ഹോംമിഷൻ.

വളരെയേറെ പ്രാർത്ഥിച്ചും ത്യാഗപൂർവ്വം ഒരുങ്ങിയും, വ്യക്തികളെയും കുടുംബങ്ങളെയും സന്ദർശിച്ച് അവരെ ജീവിതനവീകരണത്തിലേയ്ക്ക് നയിക്കുന്ന ഈ കൂട്ടായ്മ കഴിഞ്ഞ അഞ്ചുവർഷമായി വളരെ നിശബ്ദമായി നമ്മുടെ രൂപതയിലെ ഒത്തിരി ഭവനങ്ങളെയും വ്യക്തികളെയും കണ്ടെത്തി ആത്മരക്ഷയിലേയ്ക്ക് നയിച്ചിട്ടുണ്ട്. വിശ്വാസസമൂഹത്തിന്റെ ആത്മീയവും അജപാലനപരവുമായ ജീവിത നവീകരണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ കൂട്ടായ്മയുടെ ശുശ്രൂഷ നമ്മുടെ രൂപതയിലെ ഇത്തരത്തിൽ കഴിയുന്ന എല്ലാ കുടുംബങ്ങൾക്കും വ്യക്തികൾക്കും നൽകുവാൻ ആഗ്രഹമുണ്ട്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അറിയിച്ചാൽ ഞങ്ങൾ പ്രാർത്ഥനാപൂർവ്വം ഇവരുടെ ഭവനങ്ങൾ സന്ദർശിച്ച് ഇവർക്കുവേണ്ടി പ്രാർത്ഥിച്ച് ഒരുക്കുന്നതാണ്.

സ്നേഹപൂർവ്വം,

SABS മദർ പ്രൊവിൻഷ്യൽ, ദ്വാരക, മാനന്തവാടി

**ബന്ധപ്പെടുക:**

SABS ദ്വാരക

Ph: 04935-240815, Mob:8547953581, 8086539498

• • •

## 2. ആത്മവിശുദ്ധീകരണ മരിയൻ ധ്യാനം

മാനന്തവാടി ആരാധന സന്യാസിനി സമൂഹത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ഹോംമിഷൻ ശുശ്രൂഷയുടെ ഭാഗമായി ആത്മവിശുദ്ധീകരണ മരിയൻ ധ്യാനം ബോയ്സ് ടൗണിൽ നടത്തിവരുന്നു. പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയിൽ പ്രത്യേകം ആശ്രയിച്ചുകൊണ്ട് കുടുംബ നവീകരണം ലക്ഷ്യമാക്കി നടത്തുന്ന ധ്യാനത്തിന് 100 സീറ്റുകളാണ് ഉള്ളത്. മദ്യപാനികൾ, മറ്റു ദുശീലങ്ങൾക്ക് അടിമപ്പെട്ടവർ എന്നിവർക്കുവേണ്ടി പ്രത്യേക വിടുതൽ ശുശ്രൂഷയും സ്പിരിച്വൽ കൗൺസിലിംഗ് സൗകര്യവും ഉണ്ടായിരിക്കുന്നതാണ്.

### അടുത്ത ധ്യാനം

2016 ഫെബ്രുവരി 03-06, മാർച്ച് 16-19, ഏപ്രിൽ 20-23, മെയ് 18-21, ജൂൺ 15-18 എന്നീ തീയതികളിൽ നടത്തുന്നു.

ഇടവകയിൽ നിന്ന് ധ്യാനത്തിന് സംബന്ധിക്കാൻ താല്പര്യമുള്ളവരെ പറഞ്ഞുവിടുമല്ലോ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ധ്യാനം ബുധൻ 10.00 a.m. ന് ആരംഭിച്ച് ശനി 4 p.m. ന് അവസാനിക്കുന്നതാണ്. ധ്യാനഫീസ് 600 രൂപയാണ്. ധ്യാനം ബുക്കുചെയ്യുന്നതിനും മറ്റ് വിവരങ്ങൾക്കുമായി താഴെ പറയുന്ന അഡ്രസ്സിലേയ്ക്കും നമ്പറിലേയ്ക്കും വിളിക്കുമല്ലോ.

ദ്വാരക - Ph: 04935-240815

Mob.9387608762, 8547953581, 8086539498

• • •

## 3. വിൻസെൻഷ്യൻ വൈദിക വിദ്യാർത്ഥികൾ നയിക്കുന്ന ജീസസ് മിഷൻ ധ്യാനം

ഏപ്രിൽ, മെയ് മാസങ്ങളിൽ ഇടവകകൾ തോറും നടത്തുന്ന കുട്ടികളുടെ 3 ദിവസത്തെ **ജീവിത നവീകരണ ധ്യാനവും കൂട്ടായ്മയും.**

- കുഞ്ഞുമക്കളെ ദൈവാനുഭവത്തിലേക്കു നയിക്കുന്ന വചന ശുശ്രൂഷകൾ
- ദൈവിക ജീവനേകുന്ന ദിവ്യബലി
- ദൈവ-മനുഷ്യ അനുരഞ്ജന ശുശ്രൂഷ
- സ്വർഗ്ഗീയ അനുഭൂതി പകരുന്ന ആരാധന നിമിഷങ്ങൾ
- ബൈബിൾ സന്ദേശം ഉൾക്കൊള്ളുന്ന Action Songs, Role play, Audio visual programme,
- ആത്മീയാനുഭൂതി പകരുന്ന ഗാനശുശ്രൂഷകൾ

- സാക്ഷ്യമേകുന്ന ബൈബിൾ റാലി
- സൗഹൃദം വളർത്തുന്ന സ്നേഹവിരുന്ന്.

ജീസസ് മിഷൻ ധ്യാനം നടത്തുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക.

Director, Jesus Mission, Vincentian Vidyabhavan, P. B. No. 603, U. C. College P. O., Aluva - 683 102, Phone : 9061248627, 0484-2604404, 2605147

• • •

### 4. CHRIST THE KING ENGINEERING COLLEGE

(Approved by AICTE, New Delhi & Affiliated to Anna University, Chennai)
Karamadai, Coimbatore-641104)

**Managed by Sisters & Fathers of DMI & MMI (Catholic Institution)**

### Scheme 1: Merit Scholarship

Free Education including either hostel or Transport for Students above 160 cut-off (Mathematics, Physics and Chemistry) are eligible for CSE, ECE & EEE Department (limited seats) and Students above 170 cut-off (Mathematics, Physics and C chemistry) are eligible for CIVIL & MECH Departments (limited seats)

**Scheme 2: Christian Scholarship**

Annual Payment Rs. 58000 per year including Hostel or Transport

**Scheme 3: SC/ST Scholarship, Tamilnadu**

No Tuition Fee & concession either in Hostel or Transport Fee.

**Scheme 4: First Graduate through Counseling**

Tuition Fee Rs. 20000 per yea & 50% concession either in Hostel or Transport Fee.

*Contact:* Cicelia Gardens 158/3, Onnipalayam Road
Karamadai, Coimbatore - 641104
Mob: 9445008362, 04254 - 27316769
Fr. Noby 94450131197

• • •

# Pastoral Centre Programme



**February 2016**

| | |
|---|---|
| Jan31-01 | Youth Ministry |
| 1-4 | Young Priests' Seminar |
| 6 | Zion |
| 6 | SMMA Executive |
| 6 | HDC Exam |
| 8 | Ash Monday |
| 11 | CML Regional Directors, Animators Meeting |
| 12 | KCYM Syndicate |
| 13 | Pastoral Council |
| 13-14 | HDC Viva |
| 14-18 | Zion Retreat |
| 15 | Department of Youth ministry Meeting |
| 17 | Marian Singles |
| 18 | Bible Class for Priests |
| 20 | AKCC Maha Sangamam |
| 21-24 | Marriage Preparation Course |
| 26-28 | Catechism Paper valuation |
| 27 | Meeting of Office Bearers of Associations |
| 29 | മാതൃവേദി -ശാഖാ ഭാരവാഹികളുടെ രൂപതാതല സംഗമം |

**Fr. Mathew Periappuram**
Director, Pastoral Centre

# Bishop's Programme



***2016 February***

| | | |
|---|---|---|
| *1* | *Mon ..................* | *Out of Station* |
| *2* | *Tue - 4 Thu.........* | *Course for Junior Priests* |
| *4* | *Thu - 5 Fri ........* | *Kanjirappilly: Episcopal Ordination of Msgr. Jose Pulickal* |
| *6* | *Sat ....................* | *Out of station* |
| *7* | *Sun ....................* | *Chungakunnu:Blessing of Sunday School* |
| *8* | *Mon ..................* | *Minor Seminary: Ash Monday* |
| *9* | *Tue ..................* | *Manimooly: Joint Monthly Meeting of Manimooly-Nilambur Region and Joint Curia Meeting* |
| *10* | *Wed ....................* | *Visitors' Day* |
| *11* | *Thur ....................* | *Engaged* |
| *12* | *Fri ......................* | *Out of Station* |
| *13* | *Sat ......................* | *Pastoral Council* |
| *14* | *Sun .....................* | *Thrikkaipetta : Pastoral Visit* |
| *15* | *Mon ....................* | *Visitors' Day* |
| *16* | *Tue ......................* | *Gudallur: Monthly Recollection* |
| *17* | *Wed ......................* | *Out of Station* |
| *18* | *Thu .....................* | *Kottiyoor: Bible Convention* |
| *19* | *Fri ....................* | *Out of Station* |
| *20* | *Sat ......................* | *AKCC Mahasamgamam* |
| *21* | *Sun ......................* | *Chithragiri: Pastoral Visit* |
| *22* | *Mon - 23 Tue ......* | *Out of Station* |
| *24* | *Wed ....................* | *Engaged* |
| *26* | *Fri .......................* | *Out of Station* |

| | |
|---|---|
| *27 Sat ......................* | *Pastoral Centre: Meeting of the office bearers of Associations* |
| *28 Sun .....................* | *Kalathuvayal-Cheengery: Pastoral Visit* |
| *29 Mon ....................* | *Pastoral Centre: Meeting of the office bearers of Mathruvedi* |

***March***

| | |
|---|---|
| *1 Tue - 10 Thurs .......* | *Bangalore: CBCI Meeting* |
| *11 Fri .......................* | *Out of Station* |
| *12 Sat .......................* | *Pastoral Centre: Meeting of Women Religious Superiors* |
| *13 Sun .....................* | *Kammana: Laying of the Foundation Stone of the new church and 40th Anniversary of the Parish.* |
| *14 Mon Morning .....* | *Bishop's House: Meeting of Men Religious Superiors* |
| *Afternoon .........* | *Consuters and Finance Council Meeting* |
| *15 Tue ......................* | *Biowin Agro Fest* |
| *16 Wed .....................* | *Bishop's House: Presbyeral Council* |
| *17 Thurs ..................* | *Pastoral Centre: Priests' Conference* |
| *18 Fri -19 Sat ..........* | *24 Hours Adoration* |
| *20 Sun ....................* | *Cathedral: Palm Sunday* |
| *21 Mon ....................* | *Minor Seminary: Minor Orders* |
| *22 Tue 23 Wed .........* | *Out of Station* |
| *24 Thurs ...................* | *Cathedral: Maundy Thursday* |
| *25 Fri .......................* | *Cathedral : Good Friday* |
| *27 Sun .....................* | *Cathedral: Easter* |
| *28 Mon 30 Wed ........* | *Kollam* |
| *31 Thurs ..................* | *Arinchermala: Blessing of the new school building* |